# സഹകരണ വകുപ്പ്

# വാർഷിക ഭരണ

# റിപ്പോർട്ട്

# 2022-23

**GOVERNMENT OF KERALA**

**Abstract**

Co-operation Department-Administration Report for the year 2022-2023- Approved-Orders issued

**CO-OPERATION (D) DEPARTMENT**

G.O.(Rt)No.393/2024/Co-Op Dated,Thiruvananthapuram, 08-08-2024

Read Letter No. RCS/4178/2023-S.T.A(2) dated 27.05.2024 from the Registrar of Co-operative Societies

**ORDER**

Government are pleased to approve the Administration Report of Co-operation Department for the year 2022-2023 as appended herewith as Annexure to this order.

(By order of the Governor)
DILEEP S M
DEPUTY SECRETARY

To:
The Registrar of Co-operative Societies, Thiruvananthapuram.
The Principal Accountant General (Audit/ A&E) Kerala, Thiruvananthapuram.
The Director, Institute of Management in Government, Thiruvananthapuram
The Indian Institute of Public Administration, Indhraprastha Estate, Ring Road, Mahatma Gandhi Road, New Delhi 110002
General Administration (AR) Department
Stock File/Office Copy

Forwarded /By order

Signed by
Rajesh S
Section Officer
Date: 08-08-2024 10:35:51

# സഹകരണ വകുപ്പ്

| | | |
|---|---|---|
| സഹകരണ വകുപ്പ് മന്ത്രി | : | **ശ്രീ. വി. എൻ. വാസവൻ**<br>(20/05/2021 മുതൽ തുടരുന്നു) |
| സഹകരണ വകുപ്പ് സെക്രട്ടറി | : | **ശ്രീമതി മിനി ആന്റണി ഐ.എ.എസ്.**<br>(02.07.2018 മുതൽ തുടരുന്നു) |
| സഹകരണ സംഘം രജിസ്ട്രാർ | : | 1. **ഡോ. അദീല അബ്ദുള്ള ഐ.എ.എസ്.**<br>(25.03.2022 മുതൽ 29.06.2022 വരെ)<br>2. **ശ്രീ. അലക്സ് വർഗീസ് ഐ.എ.എസ്.**<br>(29.06.2022 മുതൽ 27.03.2023 വരെ)<br>3. **ശ്രീ. സുഭാഷ്.ടി.വി. ഐ.എ.എസ്.**<br>(28.03.2023 മുതൽ തുടരുന്നു) |


| ക്രമ നം | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 4 |
| 2. | ഘടനാ ചാർട്ട് | 5 |
| 3. | സഹകരണ വകുപ്പിന്റെ ഘടനയും പ്രവർത്തനവും | 6-12 |
| 4. | മാനവ വിഭവം | 12-14 |
| 5. | വകുപ്പിന്റെ കീഴിലുള്ള ആഫീസുകൾ | 14-18 |
| 6. | പരിശീലന കേന്ദ്രങ്ങൾ | 18-20 |
| 7. | വകുപ്പിന്റെ പ്രവർത്തനം | 20-22 |
| 8. | പദ്ധതികളും മറ്റ് സാമ്പത്തിക സഹായങ്ങളും | 22-33 |
| 9. | പദ്ധതി വിഹിതം | 33-36 |
| 10. | സാമ്പത്തികം | 36-42 |
| 11. | സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | 42-48 |
| 12. | അടിസ്ഥാന സൗകര്യ വികസനം | 48-51 |
| 13. | വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ | 52 |
| 14. | അച്ചടക്ക നടപടികൾ | 53 |
| 15. | വകുപ്പതല പരിപാടികൾ | 53-55 |
| 16. | ചട്ടങ്ങളും നിയമങ്ങളും | 55-56 |
| 17. | പ്രധാന നേട്ടങ്ങൾ | 56-60 |
| 18. | അപ്പെക്സ്/ഫെഡറൽ/ബോർഡുകൾ/മറ്റ് സ്ഥാപനങ്ങൾ | 60-88 |
| 19. | ആഡിറ്റ് വിഭാഗം | 88-100 |

# ആമുഖം

കേരള സഹകരണ പ്രസ്ഥാനം ജനജീവിതവുമായി ഇഴുകിചേർന്നുകൊണ്ട് വളർന്ന ഒരു ജനകീയ ശക്തിയാണ്. അർത്ഥവത്തായ ജനാധിപത്യത്തിലൂടെയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം ഉയർന്നുവന്നത്. കേരളത്തിലെ സാധാരണ ജനങ്ങളുടെ പ്രത്യാശയും പ്രതീക്ഷയും ആശ്രയവും ആയിമാറുവാൻ സഹകരണ മേഖലയ്ക്ക് ഇന്ന് കഴിഞ്ഞിട്ടുണ്ട്. സഹകരണ മൂല്യങ്ങളിലും തത്ത്വങ്ങളിലും അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് സഹകരണ മേഖല ഏറ്റെടുക്കുന്നത്. 1956 ൽ കേരളം രൂപീകൃതമായപ്പോൾ 3111 സഹകരണ സംഘങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 16352 എത്തിനില്ക്കുന്നു.

കാർഷിക വായ്പ, പൊതുവിതരണ സമ്പ്രദായം, കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദന-വിപണന-വിതരണം, ആരോഗ്യം, സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, പാർപ്പിടം, കാർഷിക സംസ്കരണം, പട്ടികജാതി/പട്ടികവർഗ മേഖല, സ്ത്രീകൾ എന്നിങ്ങനെ വിവിധ മേഖലകളിലെ പ്രോത്സാഹന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിപുലമായ ശൃംഖലയാണ് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ഉള്ളത്.

കേരളത്തിലെ സഹകരണ പ്രസ്ഥാനം കേരളത്തിന്റെ വളർച്ചയോടൊപ്പം സഞ്ചരിക്കുകയാണ്. നവകേരള സൃഷ്ടിക്ക് സഹകരണ മേഖല സുപ്രധാന പങ്ക് വഹിച്ചുവരുന്നു. 'എല്ലാവരും എല്ലാവർക്കും വേണ്ടിയാണ്' എന്ന ആശയത്തിലൂന്നി നിന്നുകൊണ്ട് വർണ്ണവർഗ്ഗ വിവേചനമില്ലാതെ പരസ്പരാശ്രയത്തിലൂടെ സ്വാശ്രയത്വം എന്ന സഹകരണ തത്വത്തിൽ അധിഷ്ഠിതമായി അനുദിനം കുതിച്ചുമുന്നേറുകയാണ് നാം.


REGISTRAR OF CO-OPERATIVE SOCIETIES
ADDL. (CREDIT)
ADDL. PLANNING & ICDP
F O
ADDL. GENERAL
ADDL. CONSUMER
L O
JR PLANNING & MARKETING
PT
JR (SC/ST) TRAINING
LAW SECTION
DR (CREDIT-I)
DR (CREDIT-II)
DR ICDP & PLAN
DR ADMIN
DR VIGILANCE
DR CONSUMER
DR INSP CELL- I
DR INSP CELL-II
CP AR
CB AR
CLT AR
PLAN A
RO
PLAN B
FIN AR
EA AR
EB AR
EPRO
AR SCT/ PT
AR CON & HV
AR MT
AR MARKT-ING
EM AR
SUPT. AC
CP
CB
CLT
PL-A
ST
PL-B
ICDP
FIN
EA
EB
PT
SCT
CS & HV
MT
MP
EM
ACCOUNTS
VIGILANCE
GENERAL

## സഹകരണ വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും

കേരള സംസ്ഥാന സഹകരണ വകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ആഫീസർമാർ, മറ്റ് സ്റ്റാഫുകൾ തുടങ്ങിയവർ ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ പ്രവർത്തിക്കുന്നു. സഹകരണ വകുപ്പിന് നിലവിൽ രണ്ട് വിഭാഗങ്ങളുണ്ട്.

A. **ജനറൽ വിഭാഗം**
B. **ആഡിറ്റ് വിഭാഗം**

## ജനറൽ വിഭാഗം

### സഹകരണ സംഘം രജിസ്ട്രാർ

സഹകരണ സംഘം രജിസ്ട്രാർ ആഫീസിന്റെ തലവനാണ് സഹകരണ സംഘം രജിസ്ട്രാർ. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നടക്കുന്നത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലാണ്.

2022–23 വർഷം സഹകരണ സംഘം രജിസ്ട്രാർ പദവിയിൽ സേവനം അനുഷ്ഠിച്ചവർ.

1. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്.
   (25.03.2022 മുതൽ 29.06.2022 വരെ)
2. ശ്രീ. അലക്സ് വർഗീസ് ഐ.എ.എസ്.
   (29.06.2022 മുതൽ 27.03.2023 വരെ)
3. ശ്രീ. സുഭാഷ് ടി. വി. ഐ.എ.എസ്.
   (28.03.2023 മുതൽ തുടരുന്നു)

സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ സഹകരണ സംഘം രജിസ്ട്രാർക്ക് പുറമെ രജിസ്ട്രാറെ സഹായിക്കുന്നതിനായി നിയോഗിച്ചിരിക്കുന്ന പ്രധാന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അഡീഷണൽ രജിസ്ട്രാർമാർ – 4
2. ജോയിന്റ് രജിസ്ട്രാർമാർ – 2
3. ഫിനാൻസ് ആഫീസർ – 1
4. ലോ ആഫീസർ – 1
5. ഡെപ്യൂട്ടി രജിസ്ട്രാർമാർ – 8
6. റിസർച്ച് ആഫീസർ – 1
7. ഇ. പി. ആർ. ഒ. – 1
8. അസിസ്റ്റന്റ് രജിസ്ട്രാർമാർ – 13

### അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ,

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, മറ്റ് വായ്പ സംഘങ്ങൾ, ക്രെഡിറ്റ് മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, മറ്റ് പൊതു വിഷയങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

**അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)**

ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, മറ്റ് പലവക സംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളും, സഹകരണ സംഘം ജീവനക്കാരുടെ വിഷയങ്ങളും കൈകാര്യം ചെയ്യുന്നു.

**അഡീഷണൽ രജിസ്ട്രാർ (ജനറൽ)**

സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, വിജിലൻസ് എന്നിവ സംബന്ധിച്ച വിഷയങ്ങൾ, വകുപ്പിലെ ജീവനക്കാരുടെ പൊതുവായ കാര്യങ്ങൾ, അച്ചടക്ക നടപടികൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നു.

**അഡീഷണൽ രജിസ്ട്രാർ (പ്ലാൻ & ഐ.സി.ഡി.പി.)**

സംയോജിത സഹകരണ വികസന പദ്ധതി സംബന്ധിച്ച കാര്യങ്ങൾ, സഹകരണ വിജിലൻസ് വിഭാഗം (വകുപ്പ് ജീവനക്കാരെ സംബന്ധിക്കുന്നവ ഒഴികെ) വിവിധ വാർഷിക പദ്ധതികൾ, തുടങ്ങിയവയെ സംബന്ധിച്ചുള്ള വിഷയങ്ങൾ, വിവരാവകാശ നിയമം അപ്പലേറ്റ് അതോറിറ്റി, സ്ഥിതി വിവരക്കണക്ക് ശേഖരണ മേൽനോട്ടം എന്നിവ കൈകാര്യം ചെയ്യുന്നു.

**ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ് & പ്ലാനിംഗ്)**

മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ, കാർഷിക ഉല്പന്ന സംഭരണം, വാർഷിക പദ്ധതി, പദ്ധതി നിർവ്വഹണം സംബന്ധിച്ച വിഷയങ്ങൾ, സ്ഥിതി വിവരക്കണക്ക് റിപ്പോർട്ട് മേൽനോട്ടം എന്നിവ കൈകാര്യം ചെയ്യുന്നു.

**ജോയിന്റ് രജിസ്ട്രാർ (പട്ടികജാതി/പട്ടികവർഗ്ഗ & ട്രെയിനിംഗ്)**

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സംബന്ധിച്ച വിഷയങ്ങൾ, സഹകരണ സംഘം ജീവനക്കാരെ സംബന്ധിച്ച വിഷയങ്ങൾ, പരിശീലനം സംബന്ധിച്ച കാര്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു.

**എഡിറ്റർ കം പ്രസ്സ് റിലേഷൻ ആഫീസർ (ഇ.പി.ആർ.ഒ.)**

സഹകരണ വീഥിയുടെ പ്രസിദ്ധീകരണം, വിതരണം എന്നിവയെ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

## മറ്റ് വകുപ്പുകളിൽ നിന്നും ഈ ആഫീസിൽ നിയമിക്കപ്പെട്ട പ്രധാന ഉദ്യോഗസ്ഥർ

**ഫിനാൻസ് ആഫീസർ**

സഹകരണ സംഘം രജിസ്ട്രാർക്ക് ധനസംബന്ധമായ കാര്യങ്ങളിൽ ഉപദേശങ്ങൾ നൽകുന്നതിനും സഹായിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

**ലോ ആഫീസർ**

സഹകരണ സംഘം രജിസ്ട്രാർക്ക് നിയമ സംബന്ധമായ കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനായി നിയമ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

**റിസർച്ച് ആഫീസർ**

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നും നിയമിക്കപ്പെട്ടിരിക്കുന്നു.

## സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ വിവിധ സെക്ഷനുകളും അവയുടെ ചുമതലകളും

സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ പ്രധാനപ്പെട്ട സെക്ഷനുകൾ.

1. **& 2. എസ്റ്റാബ്ലിഷ്മെന്റ് എ (ഇ.എ.) എസ്റ്റാബ്ലിഷ്മെന്റ് ബി (ഇ.ബി.)**

   സഹകരണ വകുപ്പ് ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളായ തസ്തിക, നിയമനം, സ്ഥലം മാറ്റം, പ്രൊബേഷൻ ഡിക്ലറേഷൻ, പ്രമോഷൻ, പെൻഷൻ, ബിസിനസ് സ്റ്റേറ്റ്മെന്റ്, കോൺഫിഡൻഷ്യൽ റിപ്പോർട്ട്, സർക്കാർതല മീറ്റിംഗുകൾ സംബന്ധിച്ച വിവരങ്ങൾ മുതലായവയാണ് എസ്റ്റാബ്ലിഷ്മെന്റ് എ (ഇ.എ) (നോൺഗസറ്റഡ് ഉദ്യോഗസ്ഥർ) & എസ്റ്റാബ്ലിഷ്മെന്റ് ബി (ഇ.ബി) (ഗസറ്റഡ് ഉദ്യോഗസ്ഥർ) സെക്ഷനുകൾ കൈകാര്യം ചെയ്യുന്നത്.

3. **എംപ്ലോയീസ് മാറ്റേഴ്സ് ഓഫ് കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഇ.എം.)**

   സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ, സേവന വേതന വ്യവസ്ഥകൾ, ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, നിയമ ഭേദഗതികൾ, കേസുകൾ എന്നിവ കൈകാര്യം ചെയ്യുന്നു.

4. **അക്കൗണ്ട്സ്**

   ജീവനക്കാരുടെ ശമ്പളം, ശമ്പള പുനർനിർണ്ണയം, ഇൻക്രിമെന്റ്, അവധികൾ, യാത്രാ ബത്ത, ടൂർ ഡയറി, അലവൻസുകൾ, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ജി. പി. എഫ്, എൻ. ആർ. എ., ഇൻകം ടാക്സ്, പ്രൊഫഷണൽ ടാക്സ്, സ്റ്റേറ്റ്മെന്റുകൾ, സാലറി സർട്ടിഫിക്കറ്റ് വിതരണം, ട്രഷറി ബില്ലുകൾ,

എഫ്.ബി.എസ്., എച്ച്.ബി.എ., എസ്.എൽ.ഐ., ജി.ഐ.എസ്., മെഡിസെപ്പ് മുതലായ കാര്യങ്ങൾ അക്കൗണ്ട്സ് സെക്ഷൻ കൈകാര്യം ചെയ്യുന്നു.

4. **ഇൻഫർമേഷൻ ടെക്നോളജി (ഐ.റ്റി.)**

ആഫീസിന്റെ കമ്പ്യൂട്ടർവൽക്കരണം, ഇ-ആഫീസ് മാനേജ്മെന്റ്, ജീവനക്കാരുടെ പഞ്ചിംഗ് സ്റ്റേറ്റ്മെന്റ്, ഐ.സി.ഡി.എം.എസ്, ഔദ്യോഗിക മെയിൽ & വെബ് സൈറ്റ് മാനേജ്മെന്റ് എന്നിവ ഉൾപ്പെടെയുള്ള ആഫീസിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

5. **ഫിനാൻസ് (ഫിൻ.)**

ആഡിറ്റ് പാര, പി.എ.സി. റിപ്പോർട്ട്, സി.എ.ജി. റിപ്പോർട്ട്, ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, നോൺ-ടാക്സ് റവന്യൂ കളക്ഷൻ, ബജറ്റ് അലോട്ട്മെന്റ്, ആഡിറ്റ് ഫീസ്, കെ.എസ്.ആർ. കോസ്റ്റ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്, എസ്.ഡി.ജി. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, സഹകരണ വകുപ്പിലെ സംസ്ഥാനത്തെ മുഴുവൻ ആഫീസുകളിലെയും പദ്ധതി - പദ്ധതിയേതര വരവു ചെലവുകൾ ഓരോ വർഷവും ക്രോഡീകരിച്ച് വകുപ്പ്, ട്രഷറി, അക്കൗണ്ടന്റ് ജനറൽ എന്നിവിടങ്ങളിലെ കണക്കുമായി അനുരഞ്ജനം ചെയ്ത് നേരിട്ട് അക്കൗണ്ടന്റ് ജനറലിന് നൽകുന്നു. കൂടാതെ കെ.എസ്.ആർ. ചട്ടം 144 പ്രകാരം സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ഫോറിൻ സർവ്വീസ് അക്കൗണ്ടുകളുടെയും ടി അക്കൗണ്ടുകളുടെ എൽ.എസ്. ആന്റ് പി.സി. വിഹിതം ഒടുക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങളും കെ.എസ്.ആർ. ചട്ടം 156 പ്രകാരം സ്പെഷ്യൽ സെയിൽ ആഫീസർ, കൺകറന്റ് ആഡിറ്റർ തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ആവറേജ് കോസ്റ്റ്, എൽ.എസ്. ആന്റ് പി.സി. വിഹിതം എന്നിവ ഒടുക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങളും കൈകാര്യം ചെയ്യുന്നു.

6. **മാർക്കറ്റിംഗ് & പ്രോസസ്സിംഗ് (എം.പി.)**

സംസ്ഥാനത്തെ എല്ലാ പ്രാഥമിക വിപണന സംസ്കരണ സഹകരണ സംഘങ്ങൾ, ഫെഡറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപെക്സ് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരമായ വിഷയങ്ങൾ, പ്രത്യേകിച്ചും അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനം, സഹകരണ നിയമ പ്രകാരമുള്ള അന്വേഷണങ്ങൾ, മാർക്കറ്റിംഗ് രംഗത്തെ പുതിയ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ, റിട്ട് ഹർജികൾ, സംഘത്തെക്കുറിച്ചുള്ള പരാതികളിന്മേൽ അന്വേഷണങ്ങൾ, ഫെഡറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപ്പെക്സ് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയുടെ നിയമാവലി ഭേദഗതി, തെരഞ്ഞെടുപ്പ് നടപടികൾ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ഇതിനുപരിയായി വിപണന സംസ്കരണ സഹകരണ സംഘങ്ങളുടെ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ സംബന്ധിച്ച വിഷയങ്ങളും നെല്ല്, കൊപ്ര, റബ്ബർ എന്നിവയുടെ സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

7. **കൺസ്യൂമർ സൊസൈറ്റീസ്/ഹൗസിംഗ് & വനിതാ സൊസൈറ്റീസ് (സി.എസ്./എച്ച്.വി.)**

വനിതാ സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ, എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും, വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന ഓഹരി മൂലധനം, വായ്പ, സബ്സിഡി/ മൂലധനം തുടങ്ങിയ സാമ്പത്തിക സഹായങ്ങളും കൈകാര്യം ചെയ്യുന്നു. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിലെയും ഉപഭോക്തൃ സഹകരണ സംഘങ്ങളിലെയും ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളും വ്യത്യസ്ത പദ്ധതികളുടെ നടത്തിപ്പിനെ കുറിച്ച് ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

8. **<u>മിസെല്ലേനിയസ് ടൈപ്പ്- ആശുപത്രി സഹകരണ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ (എം.റ്റി.)</u>**

വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി(CAPE), സാഹിത്യ പ്രവർത്തക സഹകരണ സംഘം ലിമിറ്റഡ് 2458, ടൂറിസം സഹകരണ സംഘം, മറ്റ് പലവക സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന ഓഹരി മൂലധനം, വായ്പ, സബ്സിഡി/മൂലധനം തുടങ്ങിയ സാമ്പത്തിക സഹായങ്ങളെ കുറിച്ചുള്ള കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

9. **<u>ജനറൽ</u>**

ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ നിന്നും മാസം തോറും ലഭിക്കുന്ന പ്രവർത്തന റിപ്പോർട്ട് കൈകാര്യം ചെയ്യുക, വകുപ്പുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ തയ്യാറാക്കുക, കേരള സഹകരണ നിയമം ഭേദഗതി ചെയ്യൽ, സഹകരണ ലൈബ്രറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സർക്കുലർ പ്രസിദ്ധീകരിക്കുക, വിവരാവകാശം ക്രോഡീകരിക്കുക, സംഘങ്ങളിൽ നിന്നുള്ള സംഭാവനകൾ ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കൽ തുടങ്ങിയ പൊതുവായ കാര്യങ്ങളാണ് ജനറൽ സെക്ഷൻ കൈകാര്യം ചെയ്യുന്നത്. കൂടാതെ വിവിധ പദ്ധതികൾ, ജില്ലാ സഹകരണ ബാങ്കുകളിലെയും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെയും, നബാർഡിന്റെയും ഇൻസ്പെക്ഷൻ റിപ്പോർട്ട്, വിവിധ കടാശ്വാസ പദ്ധതികൾ എന്നിവ സംബന്ധിച്ച കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

10. **<u>വിജിലൻസ്</u>**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അച്ചടക്ക നടപടികളും പാസ്പോർട്ട് അപേക്ഷയിന്മേലുള്ള എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികളും എടുക്കുക, സഹകരണ സംഘങ്ങളെ സംബന്ധിച്ച പരാതിയിന്മേലുള്ള പ്രാഥമിക അന്വേഷണം ആവശ്യമെങ്കിൽ സഹകരണ നിയമ പ്രകാരമുള്ള അന്വേഷണ പരിശോധന നടപടികൾ നടത്തുക, കേസിന്റെ ഗൗരവം കണക്കിലെടുത്ത് സഹകരണ വിജിലൻസിന്റെ അന്വേഷണത്തിന് നൽകുക, സർക്കാരിന്റെ നിർദ്ദേശ പ്രകാരമുള്ള അന്വേഷണങ്ങൾക്ക് നടപടി സ്വീകരിക്കുക, സഹകരണ ജീവനക്കാരുടെ സ്വത്ത് വിവര സ്റ്റേറ്റ്മെന്റ് വാങ്ങി സൂക്ഷിക്കുക എന്നിവയാണ് വിജിലൻസ് വിഭാഗം ചെയ്യുന്നത്.

11. **<u>പബ്ലിക്കേഷൻസ് & ട്രെയിനിംഗ്(പി.റ്റി.)</u>**

സഹകരണ വീഥി, സഹകരണ പ്രചരണ പദ്ധതി, സഹകരണ കോൺഗ്രസ്, സഹകരണ വിദ്യാഭ്യാസം, പരിശീലനം, ഔദ്യോഗിക ഭാഷാ പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ മുതലായവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

12. **<u>ഷെഡ്യൂൾഡ് കാസ്റ്റ് & ട്രൈബ്സ് (എസ്.സി.റ്റി.)</u>**

എസ്.സി./എസ്.റ്റി. ഫെഡറേഷൻ, എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

13. **<u>ക്രെഡിറ്റ് & ലോങ്ങ് ടേം(സി.എൽ.റ്റി./എ.ഇ.എൽ.)</u>**

കേരള കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

14. **ക്രെഡിറ്റ് ബാങ്കിംഗ് (സി.ബി.)**

കേരള സംസ്ഥാന സഹകരണ ബാങ്കിലെ സ്ഥിര ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ ഭരണപരമായ കാര്യങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ SHG പദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ, കേരളാ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, നബാർഡ് എന്നിവയുടെ റിവ്യൂ മീറ്റിംഗ്, സംസ്ഥാന സഹകരണ ബാങ്കുകളിലെ ആർബിട്രേഷൻ കേസ് ഫയലിംഗ്, കേസ് തീർപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

15. **ക്രെഡിറ്റ് പ്രൈമറീസ് (സി.പി.)**

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് ബാങ്കുകൾ, അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ, റൂറൽ സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും കൂടാതെ അപെക്സ് എംപ്ലോയീസ് സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി ഉൾപ്പെടെയുള്ള എംപ്ലോയീസ് സംഘങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

16. **ഇന്റഗ്രേറ്റഡ് കോ-ഓപ്പറേഷൻ ഡെവലപ്മെന്റ് പ്രോജക്ട് (ഐ.സി.ഡി.പി.)**

സംയോജിത സഹകരണ വികസന പദ്ധതിയെ സംബന്ധിച്ച കാര്യങ്ങളാണ് ഐ.സി.ഡി.പി. സെക്ഷൻ കൈകാര്യം ചെയ്യുന്നത്.

17. & 19. **പ്ലാനിംഗ് & മോണിറ്ററിംഗ് (പി.&എം.(എ) & പി.&എം.(ബി))**

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ ബില്ല് ട്രഷറിയിൽ സമർപ്പിച്ച് സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറി നൽകുന്നു. കൂടാതെ ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ, പ്ലാൻ സ്പേസ് അപ്ഡേഷൻ, ഗവർണർ പ്രസംഗം, ബഡ്ജക്റ്റ് പ്രസംഗം, വാർഷിക പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ, ബഹു. ചീഫ് മിനിസ്റ്റർ, ചീഫ് സെക്രട്ടറി എന്നിവരുടെ മീറ്റിംഗിന് ആവശ്യമായ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

20. **സ്റ്റാറ്റിസ്റ്റിക്സ് (എസ്.റ്റി.)**

സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സംഘങ്ങളിൽ നിന്നും വിവര ശേഖരണം നടത്തി സ്റ്റാറ്റിസ്റ്റിക്കൽ അബ്സ്ട്രാക്ട്, സഹകരണ സംഘങ്ങളുടെ നമ്പർ സ്റ്റേറ്റ്മെന്റ്, പി.എ.സി.എസ്. ബേസിക് ഡാറ്റ, കാർഷിക മന്ത്രാലയത്തിന് വേണ്ടിയുള്ള വിവരങ്ങൾ, സംഘങ്ങളുടെ നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച സ്ഥിതി വിവരക്കണക്കുകൾ എന്നിവയും കോ-ഓപ്പറേറ്റീവ് ഡയറക്ടറി, വാർഷിക ഭരണ റിപ്പോർട്ട്, സാമ്പത്തിക അവലോകന റിപ്പോർട്ട് എന്നിവയും തയ്യാറാക്കുന്നു.

21. **സഹകരണ ഇൻഫർമേഷൻ ബ്യൂറോ**

സഹകരണ വകുപ്പിലെ ഔദ്യോഗിക പ്രസിദ്ധീകരണമായ സഹകരണ വീഥി പ്രസിദ്ധീകരിക്കുന്നത് സഹകരണ ഇൻഫർമേഷൻ ബ്യൂറോ ആണ്.

22. **ലോ സെക്ഷൻ**

ആക്ട് ആന്റ് റൂൾ ഭേദഗതികൾ തയ്യാറാക്കൽ, പരിശോധന, സെക്ഷനുകൾ തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സുകൾ പരിശോധിച്ച് നൽകൽ, ഓപ്പറേഷൻ മാന്വൽ എന്നിവ തയ്യാറാക്കലും പരിഷ്കരിക്കലും, ഹൈക്കോടതി കേസുകളിന്മേൽ നിരീക്ഷണം, ലെയ്സൺ ആഫീസറിൽ നിന്നും കേസുകളെ സംബന്ധിച്ച പ്രതിവാര വിശദാംശങ്ങൾ യഥാസമയം ശേഖരിക്കൽ, ഓരോ കേസുകളെ സംബന്ധിച്ചുള്ള നിലവിലുള്ള സ്ഥിതി ആവശ്യപ്പെടുക, കരട് വിജ്ഞാപനങ്ങൾ പരിശോധിക്കുക, ബൈലോ അമെൻമെന്റുകളുടെ പരിശോധന എന്നിവ ചെയ്യുന്നു.

23. **ഇൻസ്പെക്ഷൻ സെൽ**

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ആഫീസുകളിലും സഹകരണ സംഘങ്ങളിലും പരിശോധന നടത്തുകയാണ് പ്രധാന കർത്തവ്യം.

## സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള ജില്ലാ/സർക്കിൾ ആഫീസുകളുടെ ഘടന

സഹകരണ സംഘം രജിസ്ട്രാർ ആഫീസിന് പുറമേ 14 ജില്ലാ ആഫീസുകളും 78 സർക്കിൾ ആഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ജില്ലാ ആഫീസുകളുടെ പ്രവർത്തനം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെയും, സർക്കിൾതല ആഫീസുകളുടെ പ്രവർത്തനം അസിസ്റ്റന്റ് രജിസ്ട്രാറുടെയും നിയന്ത്രണത്തിലാണ് നടക്കുന്നത്. ജില്ലകളിൽ ജോയിന്റ് രജിസ്ട്രാറെ സഹായിക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം), അസിസ്റ്റന്റ് രജിസ്ട്രാർ(പ്ലാൻ), അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി) എന്നീ പ്രധാന ഉദ്യോഗസ്ഥരും അവർക്ക് കീഴിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ഡ്രൈവർ, ക്ലർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ എന്നീ ഉദ്യോഗസ്ഥരും ഉണ്ട്.

## മാനവ വിഭവം

## ജീവനക്കാർ

**31.03.2023 ലെ സഹകരണ വകുപ്പിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക | കെ.എസ്.ആർ തസ്തിക | ആകെ |
|---|---|---|---|---|
| 1 | സഹകരണ സംഘം രജിസ്ട്രാർ | 1 | – | 1 |
| 2 | സഹകരണ ആഡിറ്റ് ഡയറക്ടർ | 1 | – | 1 |
| 3 | അഡീഷണൽ രജിസ്ട്രാർ/ അഡീഷണൽ ഡയറക്ടർ | 7 | 4 | 11 |
| 4 | ജോയിന്റ് രജിസ്ട്രാർ/ ജോയിന്റ് ഡയറക്ടർ | 32 | 22 | 54 |
| 5 | ഡെപ്യൂട്ടി രജിസ്ട്രാർ/ ഡെപ്യൂട്ടി ഡയറക്ടർ | 37 | 11 | 48 |
| 6 | അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർ/ ഇ.പി.ആർ.ഒ. | 236 | 223 | 459 |
| 7 | രജിസ്ട്രാറുടെ/ഡയറക്ടറുടെ പി.എ. | 2 | – | 2 |

| | | | | |
|---|---|---|---|---|
| 8 | കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ (ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ് ) | 1182 | 1255 | 2437 |
| 9 | ഫെയർ കോപ്പി സൂപ്രണ്ട് | 3 | – | 3 |
| 10 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 11 | – | 11 |
| 11 | ക്ലർക്ക് | 214 | – | 214 |
| 12 | ടൈപ്പിസ്റ്റ് | 136 | – | 136 |
| 13 | ഡ്രൈവർ | 18 | – | 18 |
| 14 | ഓഫീസ് അറ്റൻഡന്റ്/നൈറ്റ് വാച്ച്മെൻ | 300 | – | 300 |
| 15 | ബൈൻഡർ | 1 | – | 1 |
| 16 | പാർട്ട് ടൈം സ്വീപ്പർ | 71 | – | 71 |
| 17 | ഫുൾ ടൈം സ്വീപ്പർ | 3 | – | 3 |
| 18 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | – | 2 |
| **മറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ** | | | | |
| 19 | ഫിനാൻസ് ആഫീസർ | 1 | – | 1 |
| 20 | ലോ ആഫീസർ | 1 | – | 1 |
| 21 | റിസർച്ച് ആഫീസർ | 1 | – | 1 |
| 22 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 | 5 | – | 5 |
| **ആകെ** | | **2187** | **1478** | **3665** |

**ദിവസവേതനത്തിൽ ജോലി ചെയ്യുന്നവർ – 28**

1. ഓഫീസ് അസിസ്റ്റന്റ് – 14
2. പാർട്ട് ടൈം സ്വീപ്പർ – 14

**ആശ്രിത നിയമനങ്ങൾ ഉൾപ്പെടെയുള്ള ആകെ നിയമനങ്ങൾ – 225**

1. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ – 135
2. എൽ.ഡി. ക്ലർക്ക് – 52
3. എൽ.ഡി. ടൈപ്പിസ്റ്റ് – 15
4. ഓഫീസ് അറ്റൻഡന്റ് – 22
5. പാർട്ട് ടൈം സ്വീപ്പർ – 1

**ഡെപ്യൂട്ടേഷനിൽ പോയവർ – 28**

1. അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ – 2
2. ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ – 4
3. ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ – 1
4. അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ – 19
5. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് – 2

**പുതിയ തസ്തിക സൃഷ്ടിക്കൽ – ഇല്ല**

**2022-23 വർഷം സർവ്വീസിൽ നിന്ന് വിരമിച്ചവർ**

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ | 6 |
| 2 | ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ | 12 |

| | | |
|---|---|---|
| 3 | ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ | 6 |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ | 65 |
| 5 | കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ<br>(ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ് ) | 27 |
| 6 | ക്ലർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 6 |
| 8 | ഫുൾ ടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 |
| **ആകെ** | | **127** |

## വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ

1. **സഹകരണ വിജിലൻസ്**

കേരള സർക്കാരിന്റെ 02.02.2008 ലെ 41/08 നമ്പർ ഉത്തരവും ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാറുടെ 12.05.2008 ലെ 32/08 നമ്പർ സർക്കുലറും പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ കേരള സഹകരണ നിയമം വകുപ്പ് 68 എ പ്രകാരം സഹകരണ വിജിലൻസ് വിഭാഗം 2008 മുതൽ പ്രവർത്തനം ആരംഭിച്ചു.

സഹകരണ വിജിലൻസ് ആസ്ഥാനം 09.09.2021 മുതൽ തിരുവനന്തപുരം ജവഹർ സഹകരണ ഭവനിലെ ഏഴാം നിലയിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോട് കൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്(ഡി.ഐ.ജി) റാങ്കിലുള്ള വിജിലൻസ് ആഫീസറായി നിയമിച്ചുകൊണ്ട് തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് ആഫീസറും സഹകരണ വിജിലൻസ് ആഫീസറുടെ കീഴിൽ ഓരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ അധികാര പരിധിയായി ആലപ്പുഴ ദക്ഷിണ മേഖല ആഫീസും, പാലക്കാട്, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി തൃശ്ശൂർ മധ്യമേഖല ആഫീസും, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി കണ്ണൂർ ഉത്തര മേഖല ആഫീസുമായി ആകെ 3 മേഖലാ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു. സഹകരണ വിജിലൻസിൽ ആകെ 39 തസ്തികകൾ ഉണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ പണാപഹരണം, സാമ്പത്തിക ക്രമക്കേടുകൾ, അഴിമതികൾ, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവയിന്മേൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിക്കുന്ന പരാതികളിൽ മേഖല ഓഫീസുകളിലെ ഡി.വൈ.എസ്.പി/പോലീസ് ഇൻസ്പെക്ടർ എന്നിവർ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സഹകരണ വിജിലൻസ് ആഫീസറുടെ ശുപാർശയോടു കൂടി തിരികെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നു.

ഭരണപരമായ കാര്യങ്ങൾ ആസ്ഥാന ആഫീസിൽ ജോയിന്റ് രജിസ്ട്രാറും മേഖലാ ആഫീസുകളിൽ ഡെപ്യൂട്ടി രജിസ്ട്രാറും കൈകാര്യം ചെയ്തു വരുന്നു. 2022-23 വർഷം 34 കേസുകൾ അന്വേഷണത്തിനായി ലഭിച്ചിട്ടുണ്ട്. തൻവർഷം 50 കേസുകളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വിവരാവകാശ നിയമ പ്രകാരമുള്ള 14 അപേക്ഷകൾക്ക് യഥാസമയം മറുപടി നൽകിയിട്ടുണ്ട്.

2. **സഹകരണ ട്രൈബ്യൂണൽ**

1969 ലെ കേരള സഹകരണ സംഘം നിയമം സെക്ഷൻ 81 പ്രകാരം നിലവിൽ വന്ന കേരള സഹകരണ ട്രൈബ്യൂണൽ. സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള അപ്പലേറ്റ് അതോറിറ്റിയാണ്. സഹകരണ ട്രൈബ്യൂണലായി സർവ്വീസുള്ള ജില്ലാ ജഡ്ജ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നു. കൂടാതെ സഹകരണ വകുപ്പിലെ 10 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നു. സെക്ഷൻ 82 പ്രകാരമുള്ള അപ്പീൽ, സെക്ഷൻ 84 പ്രകാരമുള്ള റിവിഷൻ, സെക്ഷൻ 85 പ്രകാരമുള്ള റിവ്യൂ മുതലായവയാണ് സഹകരണ ട്രൈബ്യൂണൽ പ്രധാനമായും കൈകാര്യം ചെയ്യുന്നത്.

**2022-23 വർഷം ലഭിച്ച ആകെ അപേക്ഷകളുടെയും തീർപ്പാക്കിയ അപേക്ഷകളുടെയും വിവരം**

| | മുൻവർഷ ബാക്കി | തൻവർഷം ലഭിച്ചത് | തൻവർഷം ക്ലോസ് ചെയ്തത് | ബാക്കി |
|---|---|---|---|---|
| അപ്പീൽ | 223 | 367 | 191 | 399 |
| റിവിഷൻ | 78 | 94 | 63 | 109 |
| റിവ്യൂ | 5 | 3 | 2 | 6 |
| റസ്റ്റോറേഷൻ | 0 | 16 | 0 | 16 |
| **ആകെ** | **306** | **480** | **256** | **530** |

3. **സഹകരണ ആർബിട്രേഷൻ കോടതി**

കേരള സഹകരണ നിയമം വകുപ്പ് 69 പ്രകാരം ധനപരമല്ലാത്ത തർക്കങ്ങൾ തീർപ്പാക്കുന്നതിന് വേണ്ടി 2021 ആഗസ്റ്റ് 11 ലെ ജി.ഒ.(പി) 147/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ കോടതി സ്ഥാപിതമായത്.

നിലവിൽ ഫയലിംഗിന്, ജീവനക്കാരുടെ തർക്കങ്ങൾക്ക് 1000/- രൂപയും തെരഞ്ഞെടുപ്പ് തർക്കങ്ങൾക്ക് 5000/- രൂപയും രണ്ടിലും പെടാത്ത തർക്കങ്ങൾക്ക് 3000/- രൂപയും ഫീസ് ഒടുക്കേണ്ടതാണ്.

a. **(നോർത്തേൺ) കോഴിക്കോട്**

കോഴിക്കോട് ആസ്ഥാനമായി വടക്കൻ ജില്ലകളായ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളാണ് ഈ കോടതിയുടെ പ്രവർത്തന പരിധിയിലുള്ളത്. 2022-23 കാലയളവിൽ

ആകെ 47 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. 108 കേസുകൾ തീർപ്പ കൽപ്പിച്ചിട്ടുണ്ട്. കോടതിയുടെ തൻ വർഷത്തെ മൊത്തം വരവ് 1,00,000/- രൂപയും നോൺ ടാക്സ് റവന്യൂ 1,00,000/- രൂപയുമാണ്. വിവരാവകാശ നിയമ പ്രകാരം 2 കേസുകൾ ലഭിച്ചിട്ടുണ്ട്. 2 കേസുകളും തീർപ്പാക്കിയ കേസുകളുണ്ട്. 211 കേസുകൾ വർഷാവസാനം ബാക്കി നിൽക്കുന്നുണ്ട്.

b. **(സതേൺ) തിരുവനന്തപുരം**

തിരുവനന്തപുരം ആസ്ഥാനമായി തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളാണ് ഈ കോടതിയുടെ പ്രവർത്തന പരിധിയിലുള്ളത്.

നിലവിൽ തിരുവനന്തപുരത്തും ആലപ്പുഴയിലും എറണാകുളത്തും സിറ്റിംഗ് നടത്തിവരുന്നു. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ കേസുകൾ തിരുവനന്തപുരത്ത് ആസ്ഥാനത്തുവെച്ചും, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ കേസുകൾ ആലപ്പുഴ ക്യാമ്പ് സിറ്റിംഗിലും കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ കേസുകൾ എറണാകുളം ക്യാമ്പ് സിറ്റിംഗിലും വെച്ച് തീർപ്പ് കൽപ്പിച്ചു വരുന്നു. 2022-23 കാലയളവിൽ ആകെ 82 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഫയലിംഗ് ഫീസ് ഇനത്തിൽ സർക്കാരിലേയ്ക്ക് 2,04,000/- രൂപ ചെലാൻ മുഖാന്തിരം ഒടുക്കിയിട്ടുണ്ട്. 105 കേസുകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

4. **സഹകരണ ഓംബുഡ്സ്മാൻ**

കേരള സർക്കാർ 2010 ൽ കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി - 2010 ന് രൂപം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 01.03.2011 ൽ ആദ്യത്തെ സഹകരണ ഓംബുഡ്സ്മാൻ നിയമിതനായി. നിലവിൽ ഓംബുഡ്സ്മാനായ ശ്രീമതി നിഷ ഒ. എസ്. 09.05.2023 മുതൽ സേവനം അനുഷ്ഠിച്ചു വരികയാണ്. സഹകരണ ഓംബുഡ്സ്മാൻ ആഫീസിന്റെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ക്രെഡിറ്റ്(2) ഡെപ്യൂട്ടി രജിസ്ട്രാറെ ഈ ആഫീസിലെ സെക്രട്ടറി(ഇൻചാർജ്ജ്) ആയും ഓംബുഡ്സ്മാനെയും സെക്രട്ടറിയെയും സഹായിക്കുന്നതിലേയ്ക്കായി പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ ഒരു സഹകരണ സംഘം ഇൻസ്പെക്ടറെ ആഫീസ് ഇൻസ്പെക്ടറായും, ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളെയും എൽ.ഡി. ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ ഓരോരുത്തരെയും ഡ്രൈവർ തസ്തികയിൽ ദിവസക്കൂലി ഇനത്തിൽ ഒരാളെയും, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ കൺസോളിഡേറ്റഡ് വ്യവസ്ഥയിൽ ഒരാളെയും ഈ ആഫീസിൽ നിയമിച്ചിട്ടുണ്ട്.

2022–23 വർഷത്തിൽ 366 പരാതികൾ ലഭിച്ചു. തൻവർഷം 3400/– രൂപ ഫീസിനത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.

5. **സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ**

സംസ്ഥാനത്തെ വായ്പ, ഫെഡറൽ, സെൻട്രൽ, അപെക്സ് സഹകരണ സംഘങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പിന്റെ മേൽനോട്ടം, നിയന്ത്രണം, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ ചുമതലപ്പെടുത്തിക്കൊണ്ട് 2001 ൽ സർക്കാർ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചു. ആയതിലേയ്ക്ക് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറായി ഗവൺമെന്റ് നിയമിച്ചു.

2001 ൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചപ്പോൾ രണ്ടായിരത്തിലധികം സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് മാത്രമേ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് നടത്തേണ്ടിയിരുന്നുള്ളൂ. എന്നാൽ തെരഞ്ഞെടുപ്പ് നടത്തേണ്ട സഹകരണ സംഘങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരികയും ക്ഷീരം, വ്യവസായം, ഫിഷറീസ് എന്നീ വകുപ്പുകളുടെ സംഘങ്ങളിലെ തെരഞ്ഞെടുപ്പും കൂടി നിലവിൽ ഏകദേശം 24500 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നത്.

97–ാം ഭരണഘടന ഭേദഗതി അനുസരിച്ചും സഹകരണ നിയമ ഭേദഗതി അനുസരിച്ചും കേരള സഹകരണ നിയമം വകുപ്പ് 28 ബി ഭേദഗതി ചെയ്തതനുസരിച്ചും ഇതര വകുപ്പുകളുടെ വ്യവസായം, കയർ, ഖാദിയും ഗ്രാമോദ്ധാരണവും, ഡയറി, ഫിഷറീസ്, ഹാന്റ് ലൂം മുതലായ വകുപ്പുകളിലെ ഭരണ നിയന്ത്രണം ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങളിലെയും എല്ലാ തെരഞ്ഞെടുപ്പുകളും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് നിർവ്വഹിക്കേണ്ടത്. ഇതനുസരിച്ച് സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഹോണററി സെക്രട്ടറി, ചെയർമാൻ എന്നീ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും, പ്രാതിനിധ്യ പൊതുയോഗസഭ തെരഞ്ഞെടുപ്പും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

സംസ്ഥാനത്ത് വായ്പ, ഫെഡറൽ, സെൻട്രൽ, അപെക്സ് സഹകരണ സംഘങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പ്, ഇതര സംഘങ്ങളിലെ പ്രാതിനിധ്യ പൊതുയോഗ തെരഞ്ഞെടുപ്പ് എന്നിവ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ്

കമ്മീഷന്റെ നിയന്ത്രണത്തിലാണ്. കൂടാതെ കേരള ബാങ്ക് ഭരണ സമിതി തെരഞ്ഞെടുപ്പും പൂർത്തീകരിച്ചു.

2022-23 സാമ്പത്തിക വർഷം എല്ലാ സഹകരണ സംഘങ്ങളിലും കൂടി ആകെ 4295 തെരഞ്ഞെടുപ്പുകൾ നടത്തിയിട്ടുണ്ട്.

## പരിശീലന കേന്ദ്രങ്ങൾ

സഹകരണ വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന സഹകരണ യൂണിയൻ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി (CAPE), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICKMA), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ((ICM) തിരുവനന്തപുരം, കണ്ണൂർ), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), KSCARDB-ITM, KCSEPM-III TM-K, സെന്റർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (CTFM) എന്നീ സ്ഥാപനങ്ങളാണ് സഹകരണ മേഖലയിൽ പരിശീലനം നടത്തുന്നത്.

### 1. കേരള സംസ്ഥാന സഹകരണ യൂണിയൻ

1969 ലെ കേരള സഹകരണ നിയമത്തിലെ 89-ാം വകുപ്പ് പ്രകാരം സർക്കാർ സ്ഥാപിച്ച ഒരു നിയമാനുസൃത സ്ഥാപനമാണ് 1970 നവംബർ 21-ാം തീയതി നിലവിൽ വന്ന കേരള സംസ്ഥാന സഹകരണ യൂണിയൻ. കേരള സംസ്ഥാന സഹകരണ യൂണിയൻ മുഖ്യമായും സഹകരണ വിദ്യാഭ്യാസം, സഹകരണ പരിശീലനം, സഹകരണ സംഘങ്ങളുടെ സംഘാടനം, വികസനം, സഹകരണ തത്വങ്ങളുടെ പ്രചരണം, സഹകരണ മേഖലയിലെ ഗവേഷണം, വിദഗ്ദോപദേശക സമിതി രൂപീകരണം എന്നീ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. ഇന്ത്യയിൽ സഹകരണ പരിശീലനം ആദ്യമായി തുടങ്ങിയ സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ യൂണിയൻ. ഇന്ന് സംസ്ഥാനമൊട്ടാകെ 10 ജില്ലകളിൽ സഹകരണ പരിശീലന കോളേജുകളും 6 എക്സ്റ്റൻഷൻ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

### 2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി (CAPE)

വിവിധ സാങ്കേതിക രംഗങ്ങളിൽ വിദ്യാഭ്യാസവും ട്രെയിനിംഗും ഗവേഷണവും വികസനവും കൺസൾട്ടൻസിയും അനുബന്ധ സേവനങ്ങളും അന്തർദ്ദേശീയ നിലവാരത്തിൽ പ്രധാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രൊഫഷണൽ കോഴ്സുകളാണ് ടി സ്ഥാപനം നടത്തിവരുന്നത്. കേപ്പിന്റെ നിയന്ത്രണത്തിൽ കേരളത്തിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ, ഒരു എം.ബി.എ. കോളേജ്, KIMB, ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തുടങ്ങിയവ പ്രവർത്തിക്കുന്നു. പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനായി കേപ്പിനുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട്, നോൺ പ്ലാൻ എന്നീ ഇനങ്ങളിൽ ടി വകുപ്പിൽ നിന്നും സാമ്പത്തിക സഹായം

നൽകുന്നു. സർക്കാരിന്റെ രണ്ടാം ഘട്ട നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ ആസ്ഥാന മന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിക്കുകയും. കേപ്പിന്റെ കീഴിലുള്ള ആലപ്പുഴ പുന്നപ്രയിൽ പ്രവർത്തിക്കുന്ന KIMB എന്ന സ്ഥാപനത്തെ Skill and Knowledge Development Centre ആയി ഉയർത്തുകയും ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ മൂന്നാം ഘട്ട നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ കീഴിലുള്ള മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾക്കായി ഒരു ടെക്നിക്കൽ വർക്ക്ഷോപ്പ് - ലബോറട്ടറി ബ്ലോക്ക് നിർമ്മിക്കുകയും പദ്ധതി 12.04.2023 -ന് പൂർത്തീകരിക്കുകയും ചെയ്തു. സർക്കാരിന്റെ മൂന്നാം ഘട്ട 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കേപ്പിനു കീഴിലുള്ള എല്ലാ കോളേജുകളിലെയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കോട്ടയം ജില്ലയിലെ കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ടെക്ഫെസ്റ്റ് - 2023 ഏപ്രിൽ 28, 29 തീയതികളിലും, കൾച്ചറൽ ഫെസ്റ്റ് - 2023 മെയ് 4, 5 തീയതികളിലും നടത്തുകയുണ്ടായി.

3. **<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICKMA)</u>**

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ നെയ്യാർ ഡാമിൽ എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു മാനേജ്മെന്റ് സ്ഥാപനമാണ് KICKMA. ഒരു ആർട്സ് & സയൻസ് കോളേജും അവിടെ പ്രവർത്തിക്കുന്നു. സംസ്ഥാന സഹകരണ യൂണിയനാണ് ഈ രണ്ട് സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നത്. എം.ബി.എ. കോഴ്സിന്റെ മൊത്തം സീറ്റ് 60 ആണ്. സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി ചട്ടം 185 പ്രകാരം KICKMA ൽ സഹകരണ സംഘം ജീവനക്കാർക്കായി പരിശീലന പരിപാടികളും നടത്തുന്നുണ്ട്. KICKMA ആർട്സ് & സയൻസ് കോളേജിൽ ബി.ബി.എ, ബി.എ. (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്), ബി.കോം. (കമ്പ്യൂട്ടർ), ബി.എസ്.സി.(കമ്പ്യൂട്ടർ സയൻസ്), ബി.കോം.(കോ-ഓപ്പറേഷൻ) എന്നിങ്ങനെ പ്രധാനമായും 5 കോഴ്സുകളാണ് നടത്തുന്നത്. ആർട്സ് & സയൻസ് കോളേജിലെ മൊത്തം സീറ്റുകളുടെ എണ്ണം 160 ആണ്.

4. **<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ICM)</u>**

നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ്(NCCT) യുടെ നിയന്ത്രണത്തിൻ കീഴിൽ സഹകരണ മേഖലയിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാനേജ്മെന്റ് സ്ഥാപനങ്ങളാണ് തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലെ ICM സെന്ററുകൾ. IMG യുമായി ചേർന്ന് Induction Training Program, Training on General Awareness to officers of Co-operative Department, Training on Project Formulation, Financial Scrutiny and Project Monitoring എന്നിവ നടത്തുന്നു. BR ACT Amendment, Income Tax and GST, Reading of Financial Statement and use of Ratios in Audit, Funds and Investment Management, Project Appraisal Monitoring and Evaluation, Audit Compliance, Managerial Effectiveness, MDS/GDS എന്നിങ്ങനെ വിവിധ

പ്രോഗ്രാമുകളിലായി 930 ൽ അധികം ഉദ്യോഗസ്ഥർക്ക് 2022 - 23 കാലയളവിൽ പരിശീലനം നൽകിയിട്ടുണ്ട്.

5. **<u>അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)</u>**

1992-ൽ എൻ.സി.ഡി.സി. യുടെ ധനസഹായത്തോടെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം മൺവിള കേന്ദ്രമാക്കി ആരംഭിച്ച പരിശീലന കേന്ദ്രമാണ് ACSTI. സർക്കാർ 2018 നവംബറിൽ ACSTI യെ സ്വയം ഭരണ സ്ഥാപനമായി പ്രഖ്യാപിച്ചു. ടി പരിശീലന കേന്ദ്രത്തിൽ വായ്പാ സഹകരണ സംഘങ്ങൾ, മറ്റു പല വക സംഘങ്ങളിലെ ജീവനക്കാർ, ഇതര സംസ്ഥാന സഹകരണ പ്രസ്ഥാനങ്ങളിലെ ഭരണ സമിതി അംഗങ്ങൾ/ജീവനക്കാർ മുതലായവർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ സഹകരണ വകുപ്പിലെ ജീവനക്കാർക്കും സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം പരിശീലനം നൽകിവരുന്നുണ്ട്. സഹകരണ മേഖലയിൽ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിലെ ആഡിറ്റർമാർക്കായി "ടീം ആഡിറ്റ് പരിശീലനം" ടി സ്ഥാപനത്തിൽ വച്ച് സംഘടിപ്പിക്കുകയും Training Program for Election Procedures, Training on Arbitration Execution, Court Procedures, Preparation of Statement of Facts, Special Reports and Counter Affidavit, Training Program for Officers of Vigilance (Officers of Co-operative Department and Police Department) എന്നിങ്ങനെ വിവിധ പ്രോഗ്രാമുകളിലായി 2022-23 കാലയളവിൽ 1829 ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കി.

## <u>വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

1. സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുക
2. സഹകരണ സംഘങ്ങളുടെ നിയമാവലിയും അവയുടെ കാലാകാലങ്ങളിലുള്ള ഭേദഗതിയും പരിശോധിച്ച് രജിസ്റ്റർ ചെയ്ത് നൽകുക.
3. സഹകരണ സംഘങ്ങളിലെ ഭരണ സമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തിക്കൊടുക്കുക.
4. സഹകരണ സംഘങ്ങളിൽ ഒരു കമ്മിറ്റി രൂപീകരണം പരാജയപ്പെടുമ്പോഴോ നിലവിലുള്ള കമ്മിറ്റി പിരിച്ചുവിടുമ്പോഴോ പകരം അഡ്മിനിസ്ട്രേഷൻ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ഭരണ സ്തംഭനം ഒഴിവാക്കുക.
5. സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
6. എല്ലാതരം സഹകരണ സംഘങ്ങളുടെയും ആഡിറ്റ് നിർവ്വഹിക്കുക.
7. സഹകരണ സംഘങ്ങളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും ആവശ്യമായ കാര്യങ്ങളിൽ അന്വേഷണം നടത്തുകയും ക്രമക്കേടുകളും അഴിമതികളും കണ്ടുപിടിച്ച് കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുകയും സംഘത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുകയും ചെയ്യുക.

8. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുക, നിർദ്ദേശങ്ങൾ നൽകുക, നിയമ-ചട്ട വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
9. അംഗങ്ങൾ, ജീവനക്കാർ, ഇടപാടുകാർ എന്നിവരും സഹകരണ സംഘങ്ങളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കല്പിക്കുക(ആർബിട്രേഷൻ)
10. ആർബിട്രേഷൻ തീർപ്പ് നടപ്പിലാക്കി കൊടുക്കുക.(വിധി നടത്തിപ്പ്)
11. സഹകരണ സംഘങ്ങൾ പ്രവർത്തന ക്ഷമമല്ലാതെ വരുമ്പോൾ ലിക്വിഡേഷൻ നടപടികൾ നിർവ്വഹിക്കുക
12. ആർബിട്രേഷൻ തീർപ്പിന്മേലുള്ള അപ്പീൽ, റിവിഷൻ, റിവ്യൂ ഇവ നടത്തുക.
13. സഹകരണ സംഘങ്ങൾക്കും അതിലെ ജീവനക്കാർക്കും ഇടപാടുകാർക്കും ബാധകമായ എല്ലാ കാര്യങ്ങളും, സർക്കാർ നിർദ്ദേശങ്ങൾക്കും നിയമ-ചട്ട വ്യവസ്ഥകൾക്ക് അനുസൃതവും ആയി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

## സ്റ്റാറ്റ്യൂട്ടറി പ്രവർത്തന റിപ്പോർട്ട്

ആർബിട്രേഷൻ, എക്സിക്യൂഷൻ, ലിക്വിഡേഷൻ എന്നിവയുമായി ബന്ധപ്പെട്ട 2022-23 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**31.03.2023 ലെ ആർബിട്രേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമ നം. | ആർബിട്രേഷൻ | കേസുകളുടെ എണ്ണം | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 31.03.2022 ലെ ബാക്കി നിൽപ്പ് | 97931 | 477778.90 |
| 2 | 01.04.2022 മുതൽ 31.03.2023 വരെ സ്വീകരിച്ചത് | 323103 | 1289533.68 |
| **ആകെ** | | 421034 | 1767312.58 |
| 3 | 01.04.2022 മുതൽ 31.03.2023 വരെ തീർപ്പാക്കിയത് | 310648 | 1230667.47 |
| 4 | 31.03.2023ലെ ബാക്കി നിൽപ്പ് | 110386 | 536645.11 |

മേൽ സൂചിപ്പിച്ചതിൽ തിരുവനന്തപുരം, കോഴിക്കോട് ആർബിട്രേഷൻ കോടതികളിലെ ആർബിട്രേഷൻ കേസുകളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം, കോഴിക്കോട് ആർബിട്രേഷൻ കോടതികളിലെ 31.03.2023 ലെ ആർബിട്രേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമ നം. | ആർബിട്രേഷൻ | തിരുവനന്തപുരം (എണ്ണം) | കോഴിക്കോട് (എണ്ണം) |
|---|---|---|---|
| 1 | 31.03.2022 ലെ ബാക്കി നിൽപ്പ് | 256 | 272 |
| 2 | 01.04.2022 മുതൽ 31.03.2023 വരെ സ്വീകരിച്ചത് | 82 | 47 |
| **ആകെ** | | **338** | **319** |
| 3 | 01.04.2022 മുതൽ 31.03.2023 വരെ തീർപ്പാക്കിയത് | 105 | 108 |
| 4 | 31.03.2023 ലെ ബാക്കി നിൽപ്പ് | 233 | 211 |

| 31.03.2023 ലെ എക്സിക്യൂഷൻ കേസുകളുടെ ബാക്കി നിൽപ്പ് | | | |
|---|---|---|---|
| **ക്രമ നം.** | **എക്സിക്യൂഷൻ** | **കേസുകളുടെ എണ്ണം** | **തുക ലക്ഷത്തിൽ** |
| 1 | 31.03.2022 ലെ ബാക്കി നിൽപ്പ് | 188287 | 573768.20 |
| 2 | 01.04.2022 മുതൽ 31.03.2022 വരെ സ്വീകരിച്ചത് | 111398 | 522678.64 |
| | **ആകെ** | **299685** | **1096446.84** |
| 3 | 01.04.2022 മുതൽ 31.03.2023 വരെ തീർപ്പാക്കിയത് | 79545 | 265055.26 |
| 4 | 31.03.2023 ലെ ബാക്കി നിൽപ്പ് | 220140 | 831391.58 |

| 31.03.2023 ലെ ലിക്വിഡേഷൻ കേസുകളുടെ ബാക്കി നിൽപ്പ് | | | |
|---|---|---|---|
| **ക്രമ നം.** | **ലിക്വിഡേഷൻ** | **ആസ്തി (തുക ലക്ഷത്തിൽ)** | **ബാദ്ധ്യത (തുക ലക്ഷത്തിൽ)** |
| 1 | 31.03.2022 ലെ ബാക്കി നിൽപ്പ് | 7054.95 | 7280.17 |
| 2 | 01.04.2022 മുതൽ 31.03.2023 വരെ ലിക്വിഡേഷനിലായത് | 2085.82 | 1095.53 |
| | **ആകെ** | **9140.77** | **8375.70** |
| 3 | 01.04.2022 മുതൽ 31.03.2023 വരെ ലിക്വിഡേഷൻ പൂർത്തീകരിച്ചത് | 1922.88 | 1625.93 |
| 4 | 31.03.2023 ലെ ബാക്കി നിൽപ്പ് | 7217.89 | 6749.77 |

## പദ്ധതികളും മറ്റ് സാമ്പത്തിക സഹായങ്ങളും

## വകുപ്പിന്റെ പദ്ധതികൾ

1. **സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.)**

ഗ്രാമീണ കാർഷിക സമ്പദ് വ്യവസ്ഥയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സ്വാധീനവും കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും അതുവഴി പൊതു സമ്പദ് വ്യവസ്ഥയിൽ വികസനം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ദേശീയ സഹകരണ വികസന കോർപ്പറേഷൻ(എൻ.സി.ഡി.സി.) ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി(ഐ.സി.ഡി.പി.) ഏഴാം പഞ്ചവത്സര പദ്ധതി കാലത്താണ് ഈ പദ്ധതി ആരംഭിച്ചത്.

വികസന പദ്ധതികൾ ആവിഷ്കരിച്ച് ധനസഹായം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കി, ഒരു ജില്ലയെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി, ആ ജില്ലയിൽ സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് സംയോജിത സഹകരണ വികസന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. കർഷകർക്കും ഗ്രാമീണ ജനതയ്ക്കും മെച്ചപ്പെട്ട പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ഈ പദ്ധതി മൂലം സാധിക്കുന്നതാണ്.

ഒരു പ്രദേശത്തിന്റെ വികസനത്തിന് സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട പശ്ചാത്തലത്തിലാണ് ഐ.സി.ഡി.പി. പദ്ധതി ആരംഭിക്കുന്നതിന് എൻ.സി.ഡി.സി തീരുമാനിച്ചത്. അതോടുകൂടി 'ഒരു പ്രദേശത്തിന്റെ വികസനം സഹകരണ സംഘങ്ങളിലൂടെ' എന്ന ആശയത്തിന് ശാക്തീകരണം ലഭിച്ചു. മറ്റൊരർത്ഥത്തിൽ, തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകൾ കേന്ദ്രമാക്കി അതത് ജില്ലകളിലെ സഹകരണ സ്ഥാപനങ്ങളെ ഗ്രാമീണ വികസന പ്രക്രീയയുടെ കേന്ദ്രബിന്ദുവായി വളർത്തിയെടുക്കുകയാണ് ഐ.സി.ഡി.പി. കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സഹകരണ മേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള പ്രവർത്തന മൂലധനത്തിന്റെ കുറവ്, കാര്യക്ഷമത കുറഞ്ഞ മനുഷ്യ വിഭവ ശേഷി, സർക്കാരിനോടുള്ള പരിധിയില്ലാത്ത സാമ്പത്തിക ആശ്രയത്വം തുടങ്ങിയവയ്ക്ക് കഴിയുന്നത്ര പരിഹാരം കണ്ടെത്തുക എന്നതും ഐ.സി.ഡി.പി. യുടെ പ്രധാന ലക്ഷ്യങ്ങളാണ്.

1986 ഡിസംബറിൽ ഇന്ത്യയിലാദ്യമായി ഐ.സി.ഡി.പി. പദ്ധതി പശ്ചിമ ബംഗാളിലെ 'നഡിയ' ജില്ലയിൽ ആരംഭിച്ചു. കേരളത്തിൽ ആദ്യമായി 1989 ൽ വയനാട് ജില്ലയിൽ പദ്ധതി ആരംഭിച്ചു. തുടർന്ന് കേരളത്തിലെ ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുകയും ഇപ്പോൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. വയനാട് ജില്ലയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം 2009 ൽ ആരംഭിച്ച് 2013 ൽ പൂർത്തിയാക്കി.

2022-23 സാമ്പത്തിക വർഷത്തിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വിഹിതമായി 1655.87 ലക്ഷം രൂപ അധിക ധനാനുമതി ഉൾപ്പെടെ 2305.87 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് സെൽ ചെലവ് ഇനത്തിൽമാത്രം 41.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം | 2022-23 വിഹിതം | 2022-23 ചെലവ് | ശീർഷകം |
|---|---|---|---|
| 1 | 30.00 | - | 2425-107-94 |
| 2 | 43.51 | 41.82 | 2425-108-76 |
| 3 | 1315.62 | 1306.44 | 4425-108-71 |
| 4 | 916.74 | 729.555 | 6424-108-74 |

2. **ST(SAO) പുനർവായ്പ**

2022-23 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്ക് ST(SAO) പുനർവായ്പയായി 14 ജില്ലാ ആഫീസുകൾ മുഖേന 5607.68 കോടി രൂപ വിതരണം ചെയ്തു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| STATEMENT INDICATING CUMULATIVE CROP LOAN DISBURSEMENT DURING 2022-23 | | |
|---|---|---|
| **Sl. No.** | **CPCs** | **Cumulative Crop Loans Disbursed from 1.4.2022 to 31.3.23** |
| 1 | Thiruvananthapuram | 33979 |
| 2 | Kollam | 46590 |
| 3 | Pathanamthitta | 35446 |
| 4 | Alappuzha | 60100 |
| 5 | Kottayam | 25811 |
| 6 | Idukki | 59378 |
| 7 | Ernakulam | 61453 |
| 8 | Thrissur | 38439 |
| 9 | Palakkad | 51592 |
| 10 | Malappuram | 22017 |
| 11 | Kozhikkode | 30934 |
| 12 | Wayanad | 11692 |
| 13 | Kannur | 48913 |
| 14 | Kasaragod | 34424 |
| **Total** | | **560768** |

3. **പട്ടികജാതി കടാശ്വാസ പദ്ധതി**

സർക്കാരിന്റെ 31.03.2015ലെ സ.ഉ.(അച്ചടി) 24/15/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തിലെ പട്ടികജാതി ജനവിഭാഗം സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾക്ക് ഒരു ലക്ഷം രൂപയുടെ കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി പദ്ധതിയിൻകീഴിൽ 31.03.2015 ന് ശേഷം (31.03.2015 മുതൽ 31.05.2015 വരെ) വായ്പാകടം അവസാനിച്ച വകയിൽ 49.89 കോടി രൂപയും, 31.08.2015 ന് മുമ്പ് (01.06.2015 മുതൽ 31.08.2015 വരെ) വായ്പാകടം അനുവദിച്ച വകയിൽ 11.25 കോടി രൂപയും ഉൾപ്പെടെ 132.87 കോടി രൂപ സംഘങ്ങൾ/ബാങ്കുകൾക്ക് അർഹതയുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 31.03.2015 ലെ സ.ഉ.(സാധാ) 24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 44.34 കോടി രൂപയും (44,33,96,000/-രൂപ), പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.03.2017 ലെ ഡെവ.ബി2/21510/14 നമ്പർ ഉത്തരവ് പ്രകാരം 88.54 കോടി രൂപയും (88,53,64,000/- രൂപ) ഉൾപ്പെടെ ആകെ 132,87,60,000/- രൂപ അനുവദിക്കുകയും ടി തുകയിൽ നിന്നും 31.03.2021 വരെ 45918 വായ്പകളിലായി 88,04,81,883/- രൂപ അനുവദിച്ചു നൽകിയിട്ടുമുണ്ട്.

4. **<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>**

സർക്കാരിന്റെ 06.12.2021 ലെ സ. ഉ. (പി) 91/2010/മഉവ. നമ്പർ ഉത്തരവ് പ്രകാരം, കേരള സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയിൻകീഴിൽ സർക്കാരിൽനിന്നും പരമാവധി 75,000/- രൂപ കടാശ്വാസമായി അനുവദിക്കുകയും ടി തുക വായ്പയുടെ മുതൽ വരവുവയ്ക്കുകയുമാണ് ചെയ്യുന്നത്. മുതൽ തുകയിൽ കടാശ്വാസം അനുവദിച്ച തുകയിൽ അധികരിച്ച് ബാക്കി നിൽക്കുന്ന തുക വായ്പക്കാരൻ അടയ്ക്കേണ്ടതും, പലിശ, പിഴപ്പലിശ എന്നിവ സംഘങ്ങൾ/ബാങ്കുകൾ എഴുതിത്തള്ളേണ്ടതുമാണ്. 01.01.2001 മുതൽ 31.12.2007 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ 31.12.2009 ൽ ബാക്കി നിൽക്കുന്ന പലിശയുടെ 25% തുകയും സർക്കാരിൽ നിന്നും അനുവദിക്കുന്നതാണ്. 05.08.2021 ലെ സ.ഉ.(സാധാ) 379/2021/മഉവ ഉത്തരവ് പ്രകാരം 01.01.2008 മുതൽ 31.12.2008 വരെയുള്ള വായ്പകൾക്ക് മുതലിനത്തിൽ പരമാവധി 1,00,000/- രൂപയും പലിശ കണക്കാക്കുന്ന തീയതി 31.03.2008 എന്നും നിശ്ചയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 23,66,296/- രൂപ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

5. **<u>കർഷക കടാശ്വാസ പദ്ധതി</u>**

കർഷക കടാശ്വാസ കമ്മീഷന്റെ ആക്ട് പ്രകാരം നൽകുന്ന ധനസഹായമാണിത്. ടി ആക്ട് പ്രകാരം കർഷകർ തന്നെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വയ്ക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി ഉപജീവന മാർഗ്ഗമായിരിക്കുകയും ചെയ്യുന്ന കർഷകനാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്. മുതൽ, പലിശ, പിഴപ്പലിശ എന്നിവ ഉൾപ്പെടുന്ന കട തുക 50,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ കടതുകയുടെ 75% വും 50,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ 50% അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അതായിരിക്കും കർഷകന് ഇളവ് ലഭിക്കുന്ന തുക.

2022-23 വർഷത്തിൽ കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അവാർഡുകളുടെ അടിസ്ഥാനത്തിൽ 4353 അവാർഡുകളിലായി 34,90,03,549/- രൂപ സർക്കാർ ഏറ്റെടുക്കുകയും, ടി തുക സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

6. **<u>ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്</u>**

സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പെടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക, ഗുണ നിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യ സാക്ഷാത്കാരത്തിനായി സഹകരണ വകുപ്പ് രൂപം നൽകിയിട്ടുള്ളതാണ് ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതി. സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിലേയ്ക്ക് Coopkerala എന്ന ട്രേഡ് മാർക്ക് രൂപകൽപ്പന ചെയ്തു. സഹകരണ ഉല്പന്ന വിപണന ശാലകൾക്ക് Coopmart എന്ന നാമധേയവും നൽകി.

എല്ലാ ജില്ലകളിലും പൈലറ്റ് അടിസ്ഥാനത്തിൽ സഹകരണ ഉല്പന്ന വിപണന ശാലകളായ Coopmart കൾ സഹകരണ സംഘം രജിസ്ട്രാറുടെ 09/2021 നമ്പർ സർക്കുലർ പ്രകാരം ഏകീകൃത മാതൃകയിൽ തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Coopmart കൾക്ക് ആവശ്യമായ സഹകരണ ഉല്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ലോജിസ്റ്റിക്സ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി E-selling Mobile Application & Web Application Software തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. സഹകരണ ഉല്പന്നങ്ങൾക്ക് Coopkerala അനുവദിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ 40/2021 നമ്പർ സർക്കുലർ പ്രകാരം ഉല്പാദക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്.

7. **<u>ഹരിതം സഹകരണം</u>**

പരിസ്ഥിതിയുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സഹകരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതം സഹകരണം. "തീം ട്രീസ് ഓഫ് കേരള" എന്ന പേരിൽ അഞ്ച് വർഷം കൊണ്ട് ഓരോ വർഷവും ഒരു ലക്ഷം ഫല വൃക്ഷ തൈകൾ നട്ടുപരിപാലിക്കുന്ന പദ്ധതിയാണ്. കേരള സർക്കാരിന്റെ ഹരിത കേരളം ദൗത്യവുമായി കൈകോർത്തുകൊണ്ട് നടപ്പിലാക്കിയതാണ് ടി പദ്ധതി. അഞ്ച് വർഷം കൊണ്ട് അഞ്ച് ലക്ഷത്തിലധികം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പദ്ധതി പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ ഭാഗമായി 2018 ൽ 120273 പ്ലാവിൻ തൈകളും, 2019 ൽ 102909 കശുമാവിൻ തൈകളും, 2020 ൽ 113070 തെങ്ങിൻ തൈകളും, 2021 ൽ 106289 പുളിമര തൈകളും, 2022 ൽ 114005 മാവിൻ തൈകളും നട്ട് പരിപാലിക്കുന്നു.

8. **കാർഷികോൽപ്പാദന സമാശ്വാസ പദ്ധതി (APCR)**

സഹകരണ വായ്പ സംഘങ്ങൾവഴി എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 5% പലിശ ഇളവ് നൽകുന്നതിലേയ്ക്കായി സർക്കാർ ഉത്തരവ് നമ്പർ 11/92 സഹ. തീയതി 07.03.1992 പ്രകാരം ഒരു പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുത്ത് കൃത്യമായി തിരിച്ചടച്ചിട്ടുള്ള കർഷകർക്ക് കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ കാർഷികോല്പാദന സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചു നൽകിയിട്ടില്ല.

9. **ഉത്തേജന പലിശയിളവ് പദ്ധതി**

സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ എടുത്തിട്ടുള്ളതും കൃത്യമായി തിരിച്ചടയ്ക്കുന്നതുമായ കർഷകർക്കായി 2011-12 ബഡ്ജറ്റിൽ ഉത്തേജന പലിശയിളവ് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശയിൽ 7% ഇളവിൽ സർക്കാർ ധനസഹായമായി അനുവദിച്ചുവരുന്നു. ടി പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരമുള്ള തുകകൾ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | ജില്ല | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 5783999.00 |
| 2 | കൊല്ലം | 1170633.00 |
| 3 | കോട്ടയം | 6667274.00 |
| 4 | എറണാകുളം | 5022175.00 |
| 5 | തൃശ്ശൂർ | 6642260.00 |
| 6 | പാലക്കാട് | 2899994.00 |
| 7 | കാസറഗോഡ് | 5982015.00 |
| **ആകെ** | | **34168350.00** |

10. **നവകേരളീയം കുടിശ്ശിക നിവാരണം**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകൾ ആക്കി മാറ്റുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66(A) 74(F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" കാലാകാലങ്ങളിൽ നടപ്പിലാക്കാറുണ്ട്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം 453965

വായ്പക്കാർക്ക് 466773 വായ്പകളിലായി 829.23 കോടി രൂപ ഇളവ് അനുവദിച്ചു. 10982.91 കോടി രൂപയുടെ കുടിശ്ശിക വരവ് ലഭിച്ചു.

11. **<u>സഹകാരി സാന്ത്വനം (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ പദ്ധതി)</u>**

സഹകരണ നവരത്നം ബമ്പർ ലോട്ടറി നടത്തിപ്പിലൂടെ ലഭിച്ച ലാഭ വിഹിതത്തിൽ നിന്നും അശരണരായ സഹകാരികൾക്ക് ആശ്വാസ നിധി എന്ന പദ്ധതിയിലൂടെ സർക്കാരിന്റെ 02.12.2009 ലെ സ.ഉ.(സാധാ)നം. 674/2009/സഹ. നമ്പർ ഉത്തരവ് പ്രകാരം ടി പദ്ധതി രൂപീകരിച്ചിരുന്നു. വാർഷിക വരുമാനം 36,000/- രൂപയിൽ താഴെ ഉള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരി മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ആശ്രിതർക്ക് പരമാവധി 25,000/- രൂപ ധനസഹായം നൽകുന്നതിനും ആയിട്ടാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2022 -23 സാമ്പത്തിക വർഷത്തിൽ 333 അപേക്ഷകളിലായി 83,85,000/- രൂപ ധനസഹായം അനുവദിച്ചു.

12. **<u>സ്നേഹതീരം</u>**

തീരദേശ മേഖലയിൽ താഴെത്തട്ടിൽ മത്സ്യവിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ മുതലായവരെ ബ്ലേഡ് പലിശക്കാരുടെ ചൂഷണത്തിൽ അകപ്പെടാതെ സഹകരണ മേഖല വഴി ലളിതമായ നടപടി ക്രമങ്ങളിലൂടെ വളരെ കുറഞ്ഞ സർവ്വീസ് ചാർജ് മാത്രം ഈടാക്കി പലിശരഹിത ദിന വായ്പ നൽകുക എന്നതാണ് ഈ പദ്ധതി.

13. **<u>പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ</u>**

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും സംഭരിക്കുന്ന മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ സംസ്ഥാന മത്സ്യ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കുന്നതിന് ആരംഭിച്ചിട്ടുള്ള മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ 140 നിയോജക മണ്ഡലങ്ങളിലും ആരംഭിക്കുന്നതിനുള്ള സർക്കാർ തീരുമാന പ്രകാരം സഹകരണ സംഘങ്ങൾ മുഖേന മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിക്കുകയും 20 നിയോജക മണ്ഡലങ്ങളിലായി നിലവിൽ പ്രവർത്തിക്കുന്ന 22 മത്സ്യഫെഡ് ഔട്ട് ലെറ്റുകളിൽ 16 ഔട്ട് ലെറ്റുകൾ ലാഭകരമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

14. **<u>സാമൂഹ്യ സുരക്ഷ പെൻഷൻ</u>**

സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രകാരം കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, അവിവാഹിതരായ അമ്മമാരുടെ പെൻഷൻ, വിധവാ പെൻഷൻ എന്നീ ക്ഷേമ

പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിനായി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് ലിക്വിഡിറ്റി മാനേജ് ചെയ്യുന്നതിന് സംസ്ഥാന തലത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി 2018 ൽ രൂപീകരിച്ചിട്ടുള്ള കൺസോർഷ്യം മുഖേന ഫണ്ട് സമാഹരിച്ചുകൊണ്ട് പ്രസ്തുത കമ്പനിയ്ക്ക് വായ്പയായി നൽകിയിട്ടുള്ള 13,731 കോടി രൂപ നിലനിർത്തി ബാക്കിയുള്ള മുഴുവൻ തുകയും സംഘങ്ങൾക്ക് യഥാസമയം തിരികെ നൽകിയിട്ടുള്ളതും അധികമായി 2,000 കോടി രൂപ സമാഹരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അശരണർക്ക് സമാശ്വാസമേകുന്ന ക്ഷേമ പെൻഷനുകൾ യഥാസമയം നൽകണമെന്നുള്ള സർക്കാർ നയപ്രകാരം ആയതിന് സർക്കാരിനെ പര്യാപ്തമാക്കുന്നതിന് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ ടി തുക സമാഹരിക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം 64-ാം ഘട്ടം വരെ പൂർത്തിയാക്കി, 2879,18,14,400/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

15. **<u>സഹകരണം സൗഹൃദം</u>**

സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് രണ്ടാം നൂറ്റ ദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 30.04.2022 വരെ വിവിധ ജില്ലകളിലായി 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതുവഴി 578 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

16. **<u>മെമ്പർ റിലീഫ് ഫണ്ട് പദ്ധതി</u>**

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ **എ** ക്ലാസ് അംഗങ്ങളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ (ക്യാൻസർ, വൃക്ക രോഗം, കരൾ രോഗം, എച്ച്.ഐ.വി., ഹൃദ്രോഗം, പരാലിസിസ്/അപകടത്തിൽ ശയ്യാവലംബരായവർ), മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട കുട്ടികൾ, മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ എന്നിവർക്ക് അടിയന്തിര സഹായം ലഭ്യമാക്കുന്നതിനുവേണ്ടി വകുപ്പ് രൂപം നൽകിയ പദ്ധതിയാണ് മെമ്പർ റിലീഫ് ഫണ്ട് പദ്ധതി. 2022 -23 കാലയളവ് വരെ 37508 അപേക്ഷകളിലായി 78,39,90,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

17. **മുറ്റത്തെ മുല്ല – ലഘു വായ്പ പദ്ധതി**

ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല ഗ്രാമീണ ലഘു വായ്പ പദ്ധതി". പദ്ധതി പ്രകാരം 1,000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. നാളിതുവരെ 3452.69 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

18. **കെയർ കേരള പദ്ധതി**

2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽപ്പെട്ടവർക്ക് അഭയം നൽകുന്നതിനുവേണ്ടി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ ആകെ കൂട്ടി യോജിപ്പിച്ചു കൊണ്ട് സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്കരിച്ച ജനകീയ പദ്ധതിയാണ് കെയർ കേരള പദ്ധതി. ഇത് പ്രകാരം കെയർഹോം, കെയർലോൺ, കെയർഗ്രെയ്സ് എന്നിങ്ങനെ 3 പദ്ധതികൾ നടപ്പാക്കി. ഇൻഡ്യയിൽ സജീവമായി പ്രവർത്തിക്കുന്ന തിങ്ക് ടാങ്ക് ഗ്രൂപ്പായ സ്കോച്ച് കൺസൾട്ടൻസി ഏർപ്പെടുത്തിയിട്ടുള്ള സ്കോച്ച് അവാർഡ് 2022 ൽ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന കെയർ ഹോം പദ്ധതിക്കു ലഭിച്ചു.

(i) **കെയർ ഹോം പദ്ധതി**

പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർഹോം പദ്ധതി. കെയർഹോം പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ചടങ്ങിൽവച്ച് കെയർ ഗ്രെയ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി കെയർഹോം ഗുണഭോക്താക്കൾക്കും, കുടുംബാംഗങ്ങൾക്കുമായി പ്രഥമ ശുശ്രൂഷ കിറ്റ്, അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ ആരോഗ്യ കാർഡ്, ഡിസാസ്റ്റർ മാനേജ്മെന്റ് കൈപ്പുസ്തകം, അവശ്യരേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽബോർഡ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(a) **കെയർഹോം ഒന്നാം ഘട്ടം**

കെയർഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2022 മാർച്ച് 31 വരെ 2093 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളത്. 2022 മാർച്ച് 31 വരെ 2089 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(b) **കെയർഹോം രണ്ടാം ഘട്ടം**

ഒന്നാം ഘട്ടത്തിന്റെ വിജയത്തിനു ശേഷം രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത ആളുകളെ ഒരു മേൽക്കൂരയ്ക്ക് കീഴിൽ ആക്കാനായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന പ്രോജക്റ്റ് രൂപപ്പെടുത്തി. ഇതിന്റെ ആദ്യപടിയായി തൃശ്ശൂരിലെ പഴയന്നൂരിൽ 40 പാർപ്പിട യൂണിറ്റുകൾ ഉൾപ്പെടുന്ന ഭവന സമുച്ചയം പൂർത്തിയാക്കി 2021 ഡിസംബർ 6 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഗുണഭോക്താക്കൾക്ക് കൈമാറി. 2022 –23 കാലയളവിൽ 3 ഭവന നിർമ്മാണം പൂർത്തീകരിച്ചു. നാളിതുവരെ സഹകരണ സംഘങ്ങളിൽ നിന്ന് കെയർഹോം പദ്ധതിയിലേയ്ക്കായി 55,02,71,767/– രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ അനുയോജ്യമായ സ്ഥലമുള്ളതിനാൽ ടി പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചു. കോട്ടയം ജില്ലയിൽ അനുകൂലമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി നടപ്പിലാക്കുന്നതാണ്. പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനാരംഭിക്കുന്നതാണ്.

19. **പാലിയേറ്റീവ് കെയർ പദ്ധതി**

സർക്കാരിന്റെ രണ്ടാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ ആശുപത്രി സഹകരണ സംഘങ്ങൾ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ടി പദ്ധതിയിൽ അംഗങ്ങളാകുന്നതിനായി നിശ്ചിത തുക സംഘങ്ങളിലൊടുക്കി രജിസ്റ്റർ ചെയ്യുകയും ചികിത്സാവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിലെത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീടുകളിലെത്തിക്കുകയും തുടർ ചികിത്സ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധന നടത്തുകയും ആയതിന്റെ ഫീസ് ഈടാക്കുകയും ചെയ്യുന്നു. നിലവിൽ 10 ജില്ലകളിലായി 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നു.

20. **മെഡിസെപ്പ് പദ്ധതി – ആശുപത്രി സഹകരണ സംഘങ്ങളിലൂടെ**

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി കേരള സർക്കാർ നടപ്പിലാക്കിയ

മെഡിസെപ്പ് പദ്ധതിയിൽ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

21. **സഹായ ഹസ്തം വായ്പാ പദ്ധതി**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറു സംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനുമായി ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി. പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരം, കരട് സർക്കുലർ, കരട് മാതൃകാ സബ് റൂൾ എന്ന സർക്കാർ അംഗീകരിക്കുകയും തുടർന്ന് 10.03.2023 ൽ 12/2023 നമ്പറായി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

22. **നൈപുണ്യം വായ്പാ പദ്ധതി**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖാന്തിരം ASAP-KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീ വായ്പയായി നൽകുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. ടി സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള ഫീസ് വായ്പയായി നൽകുന്നതിനും പ്രസ്തുത കോഴ്സിനു ശേഷം തിരിച്ചടവ് തുടങ്ങുന്നതിനുമാണ് നിലവിൽ ടി പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരം, കരട് സർക്കുലർ, കരട് മാതൃകാ സബ് റൂൾ എന്ന സർക്കാർ അംഗീകരിക്കുകയും തുടർന്ന് 10.03.2023 ൽ 13/2023 നമ്പറായി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

23. **സൗര ജ്യോതി വായ്പാ പദ്ധതി**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുത നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പാ വിതരണം ചെയ്യുന്നതാണ് പ്രസ്തുത പദ്ധതി. ടി പദ്ധതി സംബന്ധിച്ച വിവരം, കരട് സർക്കുലർ, കരട് മാതൃകാ സബ്റൂൾ എന്നിവ സർക്കാർ അംഗീകരിക്കുകയും

തുടർന്ന് 10.03.2023 ൽ 14/2023 നമ്പറായി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

24. **<u>നെറ്റ് സീറോ എമിഷൻ പദ്ധതി – സഹകരണ വകുപ്പിലൂടെ</u>**

'മാലിന്യ മുക്ത കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ക്യാമ്പയിന്റെ ഭാഗമായി ഖരമാലിന്യ പരിപാലന ചട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് 'നെറ്റ് സീറോ എമിഷൻ പദ്ധതി – സഹകരണ വകുപ്പിലൂടെ' എന്നൊരു പദ്ധതി നടപ്പിലാക്കുന്നു. കാർബൺ ഡൈ ഓക്സൈഡ്, മീഥൈൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനവും ആഗീരണവും തുലനാവസ്ഥയിലെത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹായത്തോടെ ലഭ്യമാകുന്ന പൊതുയിടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്.

25. **<u>പുനർജനി പദ്ധതി</u>**

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സമഗ്ര പദ്ധതിയാണ് പുനർജനി പദ്ധതി. പട്ടികജാതി/ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതും സാമ്പത്തിക ഉന്നമനവുമാണ് ടി പദ്ധതി വിഭാവനം ചെയ്യുന്നത്.

## <u>2022-23 പദ്ധതി വിഹിതം</u>

2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന സംസ്ഥാന പദ്ധതിയിലെ 15583.00 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കിയ 9.82 ലക്ഷം രൂപയും ഉൾപ്പെടെ 15592 ലക്ഷം രൂപ ലഭിച്ചതിൽ 5232.98 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ വകയിരുത്തിയിരുന്ന 4040.00 ലക്ഷം രൂപ അനുവദിച്ചതിൽ 22281.79 ലക്ഷം രൂപയും സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതത്തിൽ 33.58% ഉം എൻ.സി.ഡി.സി. പദ്ധതി വിഹിതത്തിൽ 55.53% ഉം ചെലവഴിക്കാൻ സഹകരണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

| പദ്ധതികൾ | ചെലവഴിച്ച തുക | സംഘങ്ങളുടെ എണ്ണം |
|---|---|---|
| സംസ്ഥാന പദ്ധതികൾ | 5232.98 ലക്ഷം രൂപ | 528 |
| എൻ.സി.ഡി.സി. പദ്ധതികൾ | 22281.79 ലക്ഷം രൂപ | 86 |

2022-23 സാമ്പത്തിക വർഷത്തിലെ പ്രധാനപ്പെട്ട പദ്ധതികളും ടി പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ച സംഘങ്ങളുടെ വിവരവും ചുവടെ പ്രതിപാദിക്കും വിധമാണ്.

1. **പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| സ്വയം സഹായ സംഘങ്ങൾക്കുള്ള സബ്സിഡി ധനസഹായം | 16 | 4.040 ലക്ഷം രൂപ |
| സ്വയം സഹായ സംഘങ്ങൾക്കുള്ള ഓഹരി ധനസഹായം | 7 | 7.00 ലക്ഷം രൂപ |
| നെൽകർഷകർക്കുള്ള പലിശ സബ്സിഡി | 1 | 0.0168 ലക്ഷം രൂപ |
| പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക്/അർബൻ സഹകരണ ഓഹരി മൂലധന സഹായം | 19 | 18.80 ലക്ഷം രൂപ |
| ദുർബല പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായം | 1 | 20.00 ലക്ഷം രൂപ |
| എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ഓഹരി ധനസഹായം | 7 | 3.00 ലക്ഷം രൂപ |
| റിസ്ക് ഫണ്ട് പദ്ധതി | - | 700.00 ലക്ഷം രൂപ |
| **ആകെ** | **51** | **753.3568 ഷം രൂപ** |

3. **ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതിസ്റ്റോറുകൾക്കുമുള്ള സഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായം | 124 | 100.80 ലക്ഷം രൂപ |
| **ആകെ** | **124** | **100.80 ക്ഷം രൂപ** |

4. **പലവക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 1 | 75.00 ലക്ഷം രൂപ |
| പലവക സംഘങ്ങൾക്കുള്ള വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ് | 24 | 120.00 ലക്ഷം രൂപ |
| പലവക സംഘങ്ങൾക്കുള്ള ഓഹരി മൂലധനം | 8 | 22.60 ലക്ഷം രൂപ |
| ടൂറിസം സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 1 | 20.00 ലക്ഷം രൂപ |
| യുവ സംഘങ്ങൾക്കുള്ള സബ്സിഡി, ഓഹരി ധനസഹായം | 24 | 240.00 ലക്ഷം രൂപ |
| **ആകെ** | **58** | **477.60 ക്ഷം രൂപ** |

5. **പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| കെട്ടിട നിർമ്മാണ പുനരുദ്ധാരണത്തിനുള്ള നസഹായം | 8 | 34.00 ലക്ഷം രൂപ |
| മാനേജീരിയൽ സബ്സിഡി | 66 | 80.40 ലക്ഷം രൂപ |
| വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാൻറ് | 28 | 99.20 ലക്ഷം രൂപ |
| റിവൈവൽ സ്കീം | 18 | 216.64 ലക്ഷം രൂപ |
| ഓഹരി മൂലധനം | 7 | 19.00 ലക്ഷം രൂപ |
| സ്പെഷ്യൽ റിവൈവൽ സ്കീം | 3 | 35.00 ലക്ഷം രൂപ |
| എസ്.സി./എസ്.റ്റി. ഫെഡറേഷൻ | 1 | 50.00 ലക്ഷം രൂപ |
| അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി | 15 | 307.19259 ലക്ഷം രൂപ |
| **ആകെ** | **146** | **841.43259 ലക്ഷം രൂപ** |

6. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാദമിക്ക് നൽകുന്ന ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 455.00 ലക്ഷം രൂപ സബ്സിഡി ആയി അനുവദിച്ചിട്ടുണ്ട്.

7. സഹകരണ മേഖലയിലെ നൂതന കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമായി 2022-23 സാമ്പത്തിക വർഷം 9 സഹകരണ സംഘങ്ങൾക്കായി 212.50 ലക്ഷം രൂപ ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

8. 2022-23 സാമ്പത്തിക വർഷം 17 സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി ആകെ 656.13938 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

9. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമായി വനിതാഫെഡിനും 37 വനിതാ സഹകരണ സംഘങ്ങൾക്കുമായി 300.00 ലക്ഷം രൂപ അനുവദിച്ചു. 20 സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ് ഇനത്തിൽ 107.70 ലക്ഷം രൂപയും 19 സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി 49.815 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

10. സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിനായി 167.92869 ലക്ഷം രൂപ അനുവദിച്ചു.

11. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും ആധുനികവത്കരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 41 സഹകരണ സംഘങ്ങൾക്ക് സബ്സിഡിയായി 79.9841 ലക്ഷം രൂപയും ഓഹരിയായി 19.99602 ലക്ഷം രൂപയും, വായ്പയായി 18.99602 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 118.67614 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

12. കാർഷിക സഹകരണ സ്റ്റാഫ് പരിശീലന സ്ഥാപനത്തിനെ (ACSTI) സ്വയംഭരണ സ്ഥാപനമാക്കുന്ന പ്രവർത്തനങ്ങൾക്കായുള്ള ധനസഹായമായി 50.00 ലക്ഷം രൂപ അനുവദിച്ചു. സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള ധനസഹായമായി

29.34144 ലക്ഷം രൂപയും ഐ.സി.എം. കണ്ണൂർ –ന് ധനസഹായമായി 152.48825 ലക്ഷം രൂപയും അനുവദിച്ചു.

13. സഹകരണ പരീക്ഷാ ബോർഡിനുള്ള ധനസഹായമായി 12.40 ലക്ഷം രൂപ അനുവദിച്ചു.
14. 16 പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി 31.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
15. സഹകരണ അംഗ സമാശ്വാസ നിധിയിലേയ്ക്കായി 200.00 ലക്ഷം രൂപയും അനുവദിച്ചു.
16. കേരള സംസ്ഥാന സഹകരണ ബാങ്കിന് 58.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
17. സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം (എൻ.സി.ഡി.സി. പദ്ധതി – സംസ്ഥാന വിഹിതം) വഴി സബ്സിഡിയായും ഓഹരിയായും ഒരു സംഘത്തിന് 15 ലക്ഷം രൂപ അനുവദിച്ചു.
18. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ വകുപ്പിന്റെ നൂതന പദ്ധതി (CITA) വഴി കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി 20 കാർഷിക സഹകരണ സംഘങ്ങൾക്ക് 743.50 ലക്ഷം രൂപ അനുവദിച്ചു.
19. എൻ.സി.ഡി.സി. പദ്ധതിയിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി 9 സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 282.4071 ലക്ഷം രൂപയും ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് 19893.4509 ലക്ഷം രൂപയും ഒരു മാർക്കറ്റിംഗ് സഹകരണ സംഘത്തിന് 28.12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.
20. ഐ.സി.ഡി.പി. പദ്ധതി പ്രകാരം 3 ജില്ലകൾക്ക് സബ്സിഡി ഇനത്തിൽ 41.820 ലക്ഷം രൂപയും, 72 സഹകരണ സംഘങ്ങൾക്ക് ഓഹരി, വായ്പ ഇനത്തിൽ 2035.991 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2077.8110 ലക്ഷം രൂപ അനുവദിച്ചു.

## സാമ്പത്തികം

| REVENUE EXPENDITURE FOR THE YEAR 2022-2023 | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Head of Account | Salary 01 | Wages 02 | Travel Expenses-04 | Office Expenses-05 | RRT-06 | Motor Vehicle-21 | Implementation of Official Language 26 | Other Charges-34-3 | POL - 45 | Hire Charges of Motor Vehicles-97 | Total |
| 2425-001-99 | 121924359 | 692675 | 939107 | 998927 | 0 | 96164 | 50000 | 20768 | 418000 | 0 | 125140000 |
| 2425-001-98 | 903911197 | 13404889 | 929031 | 1954173 | 1779991 | 82649 | 33000 | 0 | 161043 | 106032 | 922362005 |
| 2425-001-97 | 7280710 | 1093958 | 4260 | 59255 | 105000 | 27975 | 0 | 0 | 47941 | 0 | 8619099 |
| 2425-001-89 | 26574838 | 480320 | 62551 | 79406 | 0 | 19302 | 0 | 0 | 53142 | 0 | 27269559 |
| 2425-001-88 | 0 | 1092430 | 24500 | 42181 | 0 | 25813 | 0 | 0 | 14000 | 0 | 1198924 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2425-003-98 | 67873995 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 67873995 |
| 2425-101-99 | 1253831249 | 2602365 | 1076520 | 628641 | 223838 | 0 | 0 | 0 | 0 | 0 | 1258362613 |
| 2425-101-98 | 1222000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1222000 |
| 2425-101-96 | 7070801 | 1688210 | 10300 | 75204 | 69000 | 45000 | 0 | 74093 | 62776 | 0 | 9095384 |
| 2425-101-95 | 4807308 | 229444 | 0 | 0 | 0 | 0 | 0 | 1240000 | 0 | 0 | 6276752 |
| 2425-101-93 | 0 | 2409102 | 5906 | 46748 | 88850 | 5000 | 0 | 12749 | 8000 | 0 | 2576355 |
| 2425-101-92 | 13043853 | 766450 | 52670 | 55321 | 0 | 4100 | 21000 | 23040 | 94921 | 0 | 14061355 |
| **Total** | **2407540310** | **24459843** | **3104845** | **3939856** | **2266679** | **306003** | **104000** | **1370650** | **859823** | **106032** | **2444058041** |
| 2425-003-92-31 | Grant to State Co-operative Union For Running Co-operative Training For SC/St | | | | | | | | | | 207000 |
| 2425-003-97-31 | Co-operative Institution Grant -In-Aid | | | | | | | | | | 55000 |
| 2425-004-97 | Assistance to Committee for the study of merger of District and state Co-operative banks into a single bank | | | | | | | | | | 0 |
| 2425-107-93 | Agricultural Production Cost Relief Scheme | | | | | | | | | | |
| 2425-108-47-31 | Grant To State Co-operative Academy For Professional Education | | | | | | | | | | 39500000 |
| 2425-108-80-33 | Subsidies To Co-operatives For Conducting Festival Markets | | | | | | | | | | 160000000 |
| 2425-107-72-33 | Stimulus Interest Subsidy | | | | | | | | | | 32822000 |
| 4425-108-29 | LAC-ADS | | | | | | | | | | 779000 |
| **TOTAL** | | | | | | | | | | | **233363000** |
| **GRAND TOTAL** | | | | | | | | | | | **2677421041** |

**NON TAX REVENUE COLLECTION DETAILS**
**DEPARTMENT: CO-OPERATION**
**FINANCIAL YEAR: 2022-23**

(₹ in Lakhs)

| Item | Head of Account | Revised Budget Estimate | Collection (2022-23) | Percentage against Budget Estimate |
|---|---|---|---|---|
| Audit Fees | 0425-101-99 | 2548.48 | 1653.87 | 64.90 |
| Grant From NCDC | 0425-800-99 | 10.20 | - | - |
| Arbitration Fees | 0425-800-98 | 8250.00 | 8555.07 | 103.70 |
| Liquidation | 0425-800-97 | 6.80 | 0.99 | 14.56 |
| KSR Cost | 0425-800-96 | 17459.00 | 14747.01 | 84.47 |
| Fees on Appeal or Application For Revision | 0425-800-95 | 33.28 | 4.88 | 14.66 |
| Application Fee For Registration | 0425-800 -94 | 70.00 | 17.20 | 24.57 |
| Election Fees | 0425-501-99 | 57.12 | 83.49 | 146.17 |
| Other Items | 0425-800-93 | 1833.00 | 1559.46 | 85.08 |
| **Total** | | **30267.88** | **26621.97** | **87.95** |

| YEARLY DCB STATEMENT OF CO-OPERATIVE SOCIETIES AS ON 31.03.2023 | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | (₹ in lakhs) |
| **Item** | **Total Opening Balance (Total Amount Disbursed Minus Repayment Made Up to 01.04.2022)** | **Opening dues as on 01.04.2022** | **Demand (01.04.2022 to 31.03.2023)** | **Total** | **Collection (01.04.2022 to 31.03.2023)** | **Balance dues as on 31.03.2023** | **Sanctioned during 2022-23 (Loan/ Share)** | **Total Closing Balance as on 31.03.2023** |
| **1** | **2** | **3** | **4** | **5(3+4)** | **6** | **7(5-6)** | **8** | **9(2-6+8)*** |
| **LOAN** | | | | | | | | |
| Govt. | 44110.60 | 9091.54 | 12417.24 | 21508.78 | 628.91 | 20879.87 | 299.48 | 43781.17 |
| NCDC | 24416.36 | 15576.65 | 1965.18 | 17541.83 | 1853.17 | 15688.66 | 897.05 | 23460.24 |
| NABARD | 4710.12 | - | 1098.85 | 1098.85 | 1098.85 | - | - | 3611.27 |
| **Total** | **73237.08** | **24668.19** | **15481.27** | **40149.46** | **3580.93** | **36568.53** | **1196.53** | **70852.68** |
| **INTEREST** | | | | | | | | |
| Govt. | 18852.33 | 18852.33 | 498.04 | 19350.37 | 345.64 | 19004.73 | | 19004.73 |
| NCDC | 14565.46 | 14565.46 | 2778.06 | 17343.52 | 892.58 | 16450.94 | | 16450.94 |
| NABARD | 18.79 | 18.79 | 335.55 | 354.34 | 335.55 | 18.79 | | 18.79 |
| **Total** | **33436.58** | **33436.58** | **3611.65** | **37048.23** | **1573.77** | **35474.46** | | **35474.46** |
| **PENAL INTEREST** | | | | | | | | |
| Govt. | 1000.53 | 1000.53 | 43.98 | 1044.51 | 6.45 | 1038.06 | | 1038.06 |
| NCDC | 2103.38 | 2103.38 | 313.04 | 2416.42 | 5.45 | 2410.97 | | 2410.97 |
| **Total** | **3103.91** | **3103.91** | **357.02** | **3460.93** | **11.90** | **3449.03** | | **3449.03** |
| **SHARE CAPITAL** | | | | | | | | |
| Govt. | 104489.71 | 9800.37 | 1657.39 | 11457.76 | 1337.23 | 10120.53 | 1567.58 | 104720.06 |
| NCDC | 23834.05 | 8146.04 | 2650.68 | 10796.72 | 2267.81 | 8528.91 | 19141.63 | 40707.87 |
| Nabard | 2.60 | - | - | - | - | - | - | 2.60 |
| **Total** | **128326.36** | **17946.41** | **4308.07** | **22254.48** | **3605.04** | **18649.44** | **20709.21** | **145430.53** |
| **PENAL INTEREST** | | | | | | | | |
| Govt. | 1574.51 | 1574.51 | 58.52 | 1633.03 | 14.45 | 1618.58 | | 1618.58 |
| NCDC | 1077.02 | 1077.02 | 32.49 | 1109.51 | 9.64 | 1099.87 | | 1099.87 |
| **Total** | **2651.53** | **2651.53** | **91.01** | **2742.54** | **24.09** | **2718.45** | | **2718.45** |
| **DIVIDEND** | | | | | | | | |
| Govt. | 55.55 | 55.55 | 346.92 | 402.47 | 343.26 | 59.21 | | 59.21 |
| NCDC | 2.14 | 2.14 | 482.73 | 484.87 | 484.28 | 0.59 | | 0.59 |
| Nabard | 0.14 | 0.14 | - | 0.14 | - | 0.14 | | 0.14 |
| **Total** | **57.83** | **57.83** | **829.65** | **887.48** | **827.54** | **59.94** | | **59.94** |
| **GRAND TOTAL** | | | | | | | | |
| **Govt.** | **170083.22** | **40374.82** | **15022.09** | **55396.92** | **2675.94** | **52720.98** | **1867.06** | **170221.81** |
| **NCDC** | **65998.41** | **41470.69** | **8222.18** | **49692.87** | **5512.93** | **44179.94** | **20038.68** | **84130.48** |
| **NABARD** | **4731.65** | **18.93** | **1434.40** | **1453.33** | **1434.40** | **18.93** | **0.00** | **3632.80** |
| **Total** | **240813.28** | **81864.44** | **24678.67** | **106543.12** | **9623.27** | **96919.85** | **21905.74** | **257985.09** |

**PENDING AUDIT PARAS AS ON 31.03.2023**

| Sl.No | Name of Offices | No. of Inspection Reports | No. of Audit Paras |
|---|---|---|---|
| 1 | Registrar of Co-operative Societies | 5 | 17 |
| 2 | Director of Co-operative Audit | 1 | 2 |
| 3 | Joint Registrar Offices | 14 | 80 |
| 4 | Assistant Registrar Offices | 18 | 108 |
| 5 | Assistant Director Offices | 2 | 3 |
| **Total** | | **40** | **210** |

## 2022– 23 സാമ്പത്തിക വർഷത്തെ ഉദ്ദേശലക്ഷ്യങ്ങളും നേട്ടങ്ങളും

Outlay provided in the current year Budget for the implementation of plan schemes is Rs. 19623.00 lakh (Rs. 15583.00 lakh for State Plan & Rs.4040.00 lakh for NCDC). The scheme wise details and expenditure as on 31st March 2023 are shown below.

*(Rs. In lakh)*

| Sl. No. | Scheme | Budget Provision | Modified Appropriation | Expenditure upto 31.03.2023 | % |
|---|---|---|---|---|---|
| **A** | **STATE PLAN SCHEMES** | | | | |
| | (Additional Authorization Rs. 9.82 lakh ) | 15583.00 | 15592.82 | 5232.98 | 33.58 |
| **B** | **OTHER CENTRALLY SPONSORED SCHEMES** | | | | |
| **NCDC SCHEME** | | | | | |
| | (Additional Authorization Rs. 20571.75 lakh ) | 4040.00 | 24611.75 | 22281.79 | 551.53 |
| **GRAND TOTAL** | | **19623.00** | **40204.57** | **27514.77000** | **140.22** |

**FINAL EXPENDITURE STATEMENT FOR THE YEAR 2022-23**

| Code No. | Name of Scheme | Budget Provision | Re-appropriation /Addl. Authorization | Modified Appropriation | Expenditure | Surrender Amount | No. of Beneficiaries |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| **STATE PLAN SCHEMES** | | | | | | | |
| **I CREDIT CO-OPERATIVES** | | | | | | | |
| COP 001 | Implementation of Scheme financed by NCDC -- ICDP (State Share ) | | | | | | |
| | 2425-107-94-34-3 | 3,000,000 | | 3,000,000 | | 3,000,000 | |
| COP 003 | Assistance to Primary Agricultural Co-operatives | | | | | | |
| | Subsidy 2425 - 107 - 80 -34-3 | 106,150,000 | | 106,150,000 | 71,020,600 | 35,129,400 | 19 |
| | Share 4425-107-89-34-3 | 6,150,000 | | 6,150,000 | 3,545,000 | 2,605,000 | 36 |
| | Loan - 6425-107-72 | 7,700,000 | | 7,700,000 | 770,000 | 6,930,000 | 1 |
| | Subsidy - 2425 - 107 - 66-34-3 | 250,000,000 | -35,712,000 | 214,288,000 | | 214,288,000 | 0 |
| | **SUB TOTAL I** | **373,000,000** | **-35,712,000** | **337,288,000** | **75,335,600** | **261,952,400** | **56** |
| **II HOUSING CO-OPERATIVES** | | | | | | | |
| COP 004 | Share Capital Contribution to Primary Housing Co-operatives | | | | | | |
| | 4216 - 80 - 195 - 99 (05) | 5,000,000 | | 5,000,000 | 3,100,000 | 1,900,000 | 16 |

| | | | | | | | |
|---|---|---|---|---|---|---|---|
| | **SUB TOTAL II** | **5,000,000** | **0** | **5,000,000** | **3,100,000** | **1,900,000** | **16** |
| **III PROCESSING CO-OPERATIVES** | | | | | | | |
| COP 039 | Processing Co-operatives-Share Contribution-NCDC Assisted (State Share) | | | | | | |
| | Subsidy - 2425 - 107 - 74-34-3 | 1,750,000 | | 1,750,000 | 375,000 | 1,375,000 | 1 |
| COP 005 | 4425 - 108 - 89 - 34-3 | 5,250,000 | | 5,250,000 | 1,125,000 | 4,125,000 | 1 |
| | **SUB TOTAL III** | **7,000,000** | **0** | **7,000,000** | **1,500,000** | **5,500,000** | **2** |
| **IV CONSUMER CO-OPERATIVES** | | | | | | | |
| COP 006 | Assistance to Consumer Co-operatives and Neethi Stores | | | | | | |
| | Subsidy 2425-108-49-34-3 | 5,060,000 | | 5,060,000 | 2,370,000 | 2,690,000 | 116 |
| | Share - 4425-108-45-34-3 | 11,960,000 | | 11,960,000 | 5,510,000 | 6,450,000 | 124 |
| | Loan 6425-108-22 | 5,980,000 | | 5,980,000 | 2,200,000 | 3,780,000 | 55 |
| | **SUB TOTAL IV** | **23,000,000** | **0** | **23,000,000** | **10,080,000** | **12,920,000** | **295** |
| **V CO-OPERATIVE EDUCATION RESEARCH & TRAINING** | | | | | | | |
| COP 008 | Assistance to Institute of Co-operative Management | | | | | | |
| | 2425- 003 -89 -(31) | 20,000,000 | -5,000,000 | 15,000,000 | 10,600,000 | 4,400,000 | 3 |
| | 2425-003-89-36 | | 5,000,000 | 5,000,000 | | 5,000,000 | |
| COP 027 | 2425- 001 -90-34-3 | 5,500,000 | 4,000,000 | 9,500,000 | 4,648,825 | 4,851,175 | 16 |
| COP 035 | Assistance for Training in Co-operative Department | | | | | | |
| | 2425-003 -88-34-3 | 3,000,000 | 4,712,000 | 7,712,000 | 2,934,144 | 4,777,856 | 4 |
| COP 080 | Assistance to Agricultural Co-operative Staff Training Institute (ACSTI) | | | | | | |
| | Subsidy - 2425 - 003 - 86 - 36 | 5,000,000 | | 5,000,000 | 5,000,000 | 0 | |
| COP 043 | Assistance to Co-operative Academy for Professional Education (CAPE) | | | | | | |
| | Subsidy - 2425 - 108 - 47 - 35 | 45,500,000 | | 45,500,000 | 45,500,000 | 0 | 3 |
| | **SUB TOTAL V** | **79,000,000** | **8,712,000** | **87,712,000** | **68,682,969** | **19,029,031** | **26** |
| **VI MODERNISATION AND PUBLICITY** | | | | | | | |
| COP 009 | Modernization of Co-operative Department | | | | | | |
| | 2425 -001 -91-34-3 | 60,000,000 | | 60,000,000 | 16,792,869 | 43,207,131 | 5 |
| | **SUB TOTAL VI** | **60,000,000** | **0** | **60,000,000** | **16,792,869** | **43,207,131** | **5** |
| **VII OTHER CO-OPERATIVES/ SCHEMES** | | | | | | | |
| COP 016 | Assistance to Miscellaneous Co-operatives | | | | | | |
| | Subsidy - 2425 - 108 - 67-34-3 | 48,000,000 | | 48,000,000 | 27,833,000 | 20,167,000 | 50 |
| | Share - 4425-108 - 68-34-3 | 22,000,000 | | 22,000,000 | 17,927,000 | 4,073,000 | 34 |
| COP 040 | Loan - 6425-108-11 | 15,000,000 | | 15,000,000 | 2,000,000 | 13,000,000 | 1 |
| COP 018 | Assistance for Rehabilitation and Expansion of Co-operatives | | | | | | |
| | Subsidy - 2425 - 108 - 60-33 | 18,750,000 | | 18,750,000 | 12,642,168 | 6,107,832 | 14 |
| | Share - 4425-108-50-34-3 | 26,250,000 | | 26,250,000 | 24,971,770 | 1,278,230 | 16 |
| | Loan- 6425-108- 28 | 30,000,000 | | 30,000,000 | 28,000,000 | 2,000,000 | 17 |
| COP 036 | Assistance for Development of SC/ST Co-operatives | | | | | | |
| | Subsidy 2425 - 108-42-34-3 | 116,000,000 | | 116,000,000 | 62,553,152 | 53,446,848 | 138 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Share - 4425 - 108 - 34-34-3 | 24,000,000 | | 24,000,000 | 21,590,107 | 2,409,893 | 43 |
| COP 037 | Assistance for Model Co-operatives | | | | | | |
| | Subsidy 2425-108-41 | 5,600,000 | | 5,600,000 | 4,450,000 | 1,150,000 | 9 |
| | Share 4425-108-37 | 11,200,000 | | 11,200,000 | 7,900,000 | 3,300,000 | 8 |
| | Loan 6425 -108- 13 | 11,200,000 | | 11,200,000 | 8,900,000 | 2,300,000 | 9 |
| COP 068 | Modernization of All Co-operatives under Co-operative Department | | | | | | |
| | Subsidy - 2425 - 108 - 33-33 | 16,600,000 | | 16,600,000 | 7,998,410 | 8,601,590 | 41 |
| | Share - 4425 - 108 - 28-34-3 | 4,200,000 | | 4,200,000 | 1,999,602 | 2,200,398 | 41 |
| | Loan- 6425-108-07 | 4,200,000 | | 4,200,000 | 1,899,602 | 2,300,398 | 39 |
| COP 070 | Assistance to Vanitha Co-operatives and Vanithafed | | | | | | |
| | Subsidy - 2425 - 108 - 31-34-3 | 20,000,000 | | 20,000,000 | 10,770,000 | 9,230,000 | 20 |
| | Share - 4425 - 108 - 26-34-3 | 10,000,000 | 982,000 | 10,982,000 | 4,981,500 | 6,000,500 | 19 |
| COP 078 | Formation and Assistance to Kerala Co-operative Bank (KCB) | | | | | | |
| | Share - 4425 - 108 - 25-34-3 | 10,000,000 | | 10,000,000 | 5,800,000 | 4,200,000 | 1 |
| COP 075 | Member Relief Fund | | | | | | |
| | Subsidy - 2425-800-93-34-3 | 40,000,000 | | 40,000,000 | 20,000,000 | 20,000,000 | 1 |
| COP 012 | Asst to Co-operative Examination Board | | | | | | |
| | Subsidy-2425-101-95 | 2,000,000 | | 2,000,000 | 1,240,000 | 760,000 | 1 |
| | **Sub Total VII** | **435,000,000** | **982,000** | **435,982,000** | **273,456,311** | **162,525,689** | **502** |
| **VIII INFRASTRUCTURE** | | | | | | | |
| COP 026 | RIDF Assisted Scheme | | | | | | |
| | Loan -6425-108 -10 | 351,300,000 | | 351,300,000 | 0 | 351,300,000 | |
| | **Sub Total VIII** | **351,300,000** | **0** | **351,300,000** | **0** | **351,300,000** | **0** |
| **IX Co-operative Initiative in Technology driven Agriculture (CITA)** | | | | | | | |
| COP 086 | A) Comprehensive Agricultural Development Project (CADP) | | | | | | |
| | Subsidy-2425-107-63 | 40,000,000 | | 40,000,000 | 19,625,000 | 20,375,000 | 7 |
| | Share -4425-107-83 | 10,000,000 | | 10,000,000 | 1,250,000 | 8,750,000 | 1 |
| | Loan - 6425-107-69 | 5,000,000 | | 5,000,000 | 3,000,000 | 2,000,000 | 6 |
| | B) Strengthening of Agriculture Credit Facilities | | | | | | |
| | Subsidy-2425-107-62 | 10,500,000 | | 10,500,000 | 1,000,000 | 9,500,000 | 1 |
| | Share- 4425-107-82 | 14,500,000 | | 14,500,000 | 7,500,000 | 7,000,000 | 3 |
| COP 086 | C) Enhancement of agricultural production, Procurement, Storage, facilitation of Processing and Marketing of agricultural products | | | | | | |
| | 4425-107-81 | 25,000,000 | | 25,000,000 | 11,280,000 | 13,720,000 | 5 |
| | D) Assistance to Grameen Markets/Vegetable collection centers | | | | | | |
| | 2425-107-65 | 11,000,000 | 27,000,000 | 38,000,000 | 11,000,000 | 27,000,000 | 11 |
| | E) Promotion of Entrepreneurship - Employment & Start-up Generation Scheme | | | | | | |
| | 2425-107-61 | 22,500,000 | | 22,500,000 | | 22,500,000 | 0 |
| | 4425-107-84 | 27,500,000 | | 27,500,000 | | 27,500,000 | 0 |
| | F) Strengthening agricultural Markets | | | | | | |
| | 4425-108-30 | 50,000,000 | | 50,000,000 | 15,170,000 | 34,830,000 | 4 |
| | G) Strengthening Farms service center | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2425-108-37 | 6,500,000 | | 6,500,000 | 3,400,000 | 3,100,000 | 3 |
| | 4425-107-80 | 2,500,000 | | 2,500,000 | 1,125,000 | 1,375,000 | 3 |
| | **TOTAL** | **225,000,000** | **27,000,000** | **252,000,000** | **74,350,000** | **177,650,000** | **44** |
| | **Grand Total** | **1,558,300,000** | **982,000** | **1,559,282,000** | **523,297,749** | **1,035,984,251** | **946** |
| **NCDC SCHEMES** | | | | | | | |
| COP 023 | Integrated Co-op. Development Project - NCDC Assistance (ICDP) | | | | | | |
| | Subsidy 2425-108-76 | 3,100,000 | 1,251,000 | 4,351,000 | 4,182,000 | 169,000 | |
| | Share 4425-108-71 | 27,900,000 | 103,662,000 | 131,562,000 | 130,643,600 | 918,400 | 3 |
| | Loan 6425-108-74 | 31,000,000 | 60,674,000 | 91,674,000 | 72,955,500 | 18,718,500 | 3 |
| | **Total** | **62,000,000** | **165,587,000** | **227,587,000** | **207,781,100** | **19,805,900** | **6** |
| COP 024 | Assistance to PACS, Primary Societies, Wholesale Stores and Federations | | | | | | |
| | Share 4425-108- 42 | 117,600,000 | 1,891,588,000 | 2,009,188,000 | 1,997,198,500 | 11,989,500 | 9 |
| | Loan 6425-108-19 | 163,400,000 | | 163,400,000 | 23,199,300 | 140,200,700 | 11 |
| | **Total** | **281,000,000** | **1,891,588,000** | **2,172,588,000** | **2,020,397,800** | **152,190,200** | **20** |
| COP 025 | Assistance to Primary Co-operatives and Federations | | | | | | |
| | Share 4408-02-195-86 | 38,200,000 | | 38,200,000 | | 38,200,000 | |
| | Loan 6408-02-195-65 | 22,800,000 | | 22,800,000 | | 22,800,000 | |
| | **Total** | **61,000,000** | **0** | **61,000,000** | **0** | **61,000,000** | |
| | **NCDC TOTAL** | **404,000,000** | **2,057,175,000** | **2,461,175,000** | **2,228,178,900** | **232,996,100** | **26** |

## സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ/ സംഘങ്ങൾ/ മറ്റ് സ്ഥാപനങ്ങൾ

### 31.03.2023 വരെ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ എണ്ണം

| ക്രമ നം | സംഘങ്ങളുടെ തരംതിരിവ് | സംഘങ്ങളുടെ എണ്ണം | പ്രവർത്തിക്കുന്നവ |
|---|---|---|---|
| 1 | അപ്പെക്സ് | 11 | 11 |
| 2 | ഫെഡറൽ | 13 | 11 |
| 3 | സെൻട്രൽ | 1 | 1 |
| 4 | ക്രെഡിറ്റ് | 4145 | 3655 |
| 5 | കൺസ്യൂമർ | 4629 | 3563 |
| 6 | മാർക്കറ്റിംഗ്/പ്രോസസ്സിംഗ് | 625 | 235 |
| 7 | ഹൗസിംഗ് | 394 | 286 |
| 8 | എസ്.സി/എസ്.റ്റി | 851 | 444 |
| 9 | ഹെൽത്ത് | 192 | 96 |
| 10 | വനിത | 1248 | 945 |
| 11 | മറ്റുള്ളവ | 4243 | 2994 |
| **ആകെ** | | **16352** | **12241** |

### കേരള സംസ്ഥാന സഹകരണ ബാങ്ക്

കേരള സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക്

രൂപീകരിക്കണമെന്ന സംസ്ഥാന സർക്കാർ തീരുമാനത്തിന് ആർ.ബി.ഐ. അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്വന്തം ബാങ്കായി കേരള സംസ്ഥാന സഹകരണ ബാങ്ക് 29.11.2019 ന് നിലവിൽ വന്നു. ഇതിലൂടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പാ രംഗത്ത് സമൂല മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചാണ് പുതിയ ബാങ്ക് നിലവിൽ വന്നിട്ടുള്ളത്. 27.11.2020 ന് ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ബാങ്കിൽ അധികാരം ഏൽക്കുകയും ചെയ്തു. ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാർക്ക് നൽകുവാൻ സാധിക്കും. പ്രവാസി നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും മലയാളികളുടെ നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാക്കുന്നതിനും കേരള സംസ്ഥാന സഹകരണ ബാങ്കിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| **2022-23 വർഷത്തെ വിശദാംശം** | |
|---|---|
| | **(തുക ലക്ഷത്തിൽ)** |
| ശാഖകൾ | 824 |
| അംഗങ്ങൾ | 1682 |
| ഓഹരി മൂലധനം | 215929.94 |
| നിക്ഷേപം | 7415232.06 |
| കരുതൽ ധനം | 104045.92 |
| സമ്പാദ്യം | 3710979.00 |
| പ്രവർത്തന ഫണ്ട് | 8714484.00 |
| ലോൺ& അഡ്വാൻസ് | 4705207.32 |
| ഈടാക്കാനുള്ള വായ്പ | 4705207.32 |
| ലാഭത്തിൽ പ്രവർത്തിക്കുന്നവ എണ്ണം | 727 |
| നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എണ്ണം | 96 |
| ലാഭം | 2002.01 |
| ജീവനക്കാരുടെ എണ്ണം | 5417 |

**<u>സംസ്ഥാന കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്</u>**

1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ അന്ന് പ്രവർത്തിച്ചിരുന്ന സംസ്ഥാനത്തെ ഭൂപണയ ബാങ്കുകളെ അംഗങ്ങളാക്കി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സെൻട്രൽ ലാൻഡ് മോർട്ട്ഗേജ് ബാങ്ക് രൂപീകരിച്ചു. തുടർന്ന് 1984 ൽ നിലവിൽ വന്ന കേരള ലാൻഡ് മോർട്ട്ഗേജ് ബാങ്ക് ആക്ട് പ്രകാരമാണ് ഇന്നത്തെ സംസ്ഥാന കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് തിരുവനന്തപുരം ആസ്ഥാനമായി രൂപീകൃതമാകുന്നത്.

നബാർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി സർക്കുലറുകളിലൂടെയും ഉത്തരവുകളിലൂടെയും നിബന്ധനകളിലെ ഭേദഗതികൾ അംഗീകരിച്ചു നൽകൽ, ബ്രാഞ്ചുകൾ അനുവദിക്കൽ തുടങ്ങിയ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്തു വരുന്നു.

| 2022-23 വർഷത്തെ വിശദാംശം | |
|---|---|
| | (തുക ലക്ഷത്തിൽ) |
| ഓഹരി മൂലധനം | 23161.06 |
| നിക്ഷേപം | 43843.44 |
| കരുതൽ ധനം | 19241.08 |
| നബാർഡ് ലോൺ/ഡിബഞ്ചർ വായ്പ | 627203.24 |
| ശാഖകളുടെ എണ്ണം | 14 |
| വായ്പ കുടിശ്ശിക | 783396.77 |
| മൊത്ത ലാഭം | 3446.19 |
| ജീവനക്കാരുടെ എണ്ണം | 174 |

**<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ</u>**

2022-23 വർഷം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ 1608 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളാണുള്ളത്. ഇവയിൽ 1547 എണ്ണം പ്രവർത്തിക്കുന്നവയും 31 എണ്ണം ഡോർമെന്റും 30 എണ്ണം അണ്ടർ ലിക്വിഡേഷനിലുമാണ്. കാർഷിക വായ്പ അടക്കമുള്ള വായ്പകൾ നൽകുകയാണ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രധാന ചുമതല. ഈ സാമ്പത്തിക വർഷത്തിൽ ദുർബല പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 20 ലക്ഷം രൂപ ധന സഹായം നല്കിയിട്ടുണ്ട്. കൂടാതെ ഓഹരി മൂലധന സഹായമായി 19 സംഘങ്ങൾക്ക് 18.80 ലക്ഷം രൂപയുടെ ധനസഹായവും നൽകിയിട്ടുണ്ട്.

**<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ</u>**

പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ. 31.03.2023 ലെ കണക്ക് പ്രകാരം 748 പട്ടികജാതി സഹകരണ സംഘങ്ങളും 103 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുമാണ് സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 387 പട്ടികജാതി സഹകരണ സംഘങ്ങളും 57 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുമാണ് പ്രവൃത്തിപഥത്തിലുള്ളത്. 2022-23 വർഷം പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ പ്രകാരം ധനസഹായമായി 841.43 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**<u>വനിതാ സഹകരണ സംഘങ്ങൾ</u>**

സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും വേണ്ടി സഹകരണ വകുപ്പിന്റെ കീഴിൽ രൂപീകരിച്ചതാണ് വനിതാ സഹകരണ സംഘങ്ങൾ. 31.03.2023 ലെ കണക്ക് പ്രകാരം 1248 വനിതാ സംഘങ്ങൾ ഉള്ളതിൽ 945 എണ്ണം പ്രവർത്തിക്കുന്നു. സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി ഓഹരി, മൂലധനം, സബ്സിഡി എന്നിവ വഴി സർക്കാർ ധനസഹായം നൽകുന്നുണ്ട്. സമൂഹത്തിൽ

സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി ആരംഭിച്ച പല സംഘങ്ങളും വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ധാരാളം സ്വയംസഹായ ഗ്രൂപ്പുകളും ഇവരുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു അപ്പെക്സ് സ്ഥാപനം എന്നുള്ള നിലയിൽ വനിതാഫെഡ് ആണ് വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുന്നത്. വനിതാ ഫെഡിനും വനിതാ സംഘങ്ങൾക്കുമായി വിവിധ പദ്ധതികൾക്കായി 2022-23 വർഷം 300.00 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

**<u>ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ</u>**

ആതുര സേവന രംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ രജിസ്ട്രേഷനുള്ള 110 സഹകരണ ആശുപത്രികൾ ഉണ്ട്. ഇതിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ധാരാളം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ജില്ലാ സഹകരണ ഹോസ്പിറ്റലുകളുമുണ്ട്. ഗ്രാമങ്ങളിലും നഗരങ്ങളിലും മെഡിക്കൽ സഹായം നൽകുന്നതിന് മെഡിക്കൽ, പാരാ മെഡിക്കൽ വിദഗ്ധരുടെ സേവനം വിശേഷാൽ ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും വേണ്ടി രൂപീകരിച്ചതാണ് ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ. 31.01.2023 ലെ കണക്ക് പ്രകാരം 192 സംഘങ്ങൾ നിലവിലുണ്ടെങ്കിലും 96 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് ഈ സംഘങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും (NCDC, സ്റ്റേറ്റ് പ്ലാൻ, നബാർഡ്, RIDF) സഹകരണ ആശുപത്രികൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്. കേരളാ ഹോസ്പിറ്റൽ ഫെഡറേഷനാണ് ഇതിന്റെ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുന്നത്. ഇപ്പോൾ സർക്കാർ മെഡിക്കൽ ലാബുകൾ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ആധുനിക ഉപകരണങ്ങൾ, ആംബുലൻസ് വാങ്ങൽ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായവും സംഘങ്ങൾക്ക് നൽകുന്നുണ്ട്. ജനകീയ അടിത്തറയും ചൂഷണ വിമുക്തമായ ലക്ഷ്യവും സേവന മനോഭാവവും സഹകരണ ആശുപത്രികളെ ജനപ്രിയമാക്കിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാസേവനം മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. 2022-23 വർഷം 75.00 ലക്ഷം രൂപ ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**<u>ഹൗസിംഗ് സഹകരണ സംഘങ്ങൾ</u>**

സഹകരണ ഭവന നിർമ്മാണ മേഖലയിൽ ഹൗസിംഗ് സഹകരണ സംഘങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് LIC, HUDCO, HDFC, NHB എന്നിവിടങ്ങളിൽനിന്നുള്ള ഫണ്ടിൽ നിന്നും ഭവന വായ്പകൾ അനുവദിക്കുന്നുണ്ട്. സ്റ്റേറ്റ് പ്ലാൻ വഴിയും സാമ്പത്തിക സഹായം നൽകിവരുന്നു.

സാധാരണ ജനങ്ങളുടെ ഭവന നിർമ്മാണ ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് ഈ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. കേരള കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ആണ് ഈ സംഘങ്ങളുടെ അപ്പെക്സ് സൊസൈറ്റി. 31.03.2023 ലെ കണക്ക് അനുസരിച്ച് ആകെയുള്ള 394 ഹൗസിംഗ് സഹകരണ സംഘങ്ങളിൽ 286 എണ്ണം പ്രവർത്തിക്കുന്നുണ്ട്. 2022-23 വർഷം 31 ലക്ഷം രൂപ ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ**

കേരള സഹകരണ നിയമം ചട്ടം 15(9) പ്രകാരമാണ് പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളും അവയുടെ അപ്പെക്സ് സ്ഥാപനമായ കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ്സ് ഫെഡറേഷനും (ലേബർഫെഡ്) രൂപീകരിച്ചിട്ടുള്ളത്. നിർമ്മാണപ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തി വരുന്ന സഹകരണ സംഘങ്ങളാണ് പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ. കേരളത്തിലെ അവിദഗ്ധ, അർദ്ധ വിദഗ്ധ, വിദഗ്ധ തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക തൊഴിൽ മേഖലകളിലെ സർവ്വതോന്മുഖമായ പുരോഗതിയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ വ്യാപനം തൊഴിൽ രംഗത്ത് ഉണ്ടാക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അനിവാര്യതകളിൽ കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുന്നതിന് തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. സംസ്ഥാനത്തെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൂലം സ്വകാര്യ കരാറുകാരുടെ അമിത ചൂഷണം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ അവസരം ഒരുക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ സഹായകരമാണ്. 31.03.2023 ൽ ആകെയുള്ള 794 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിൽ 416 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

**മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘങ്ങൾ**

വിവിധ കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹിക്കുന്ന തരത്തിലുള്ള വിപണന സൗകര്യം ഒരുക്കുക വഴി വ്യാപാര മേഖലയിൽ മുന്നേറാൻ മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സഹകരണ സംഘങ്ങൾ സഹായകരമാണ്. 31.03.2023 ൽ ആകെ 585 മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും 40 പ്രോസ്സസിംഗ് സഹകരണ സംഘങ്ങളും ഉണ്ടെങ്കിലും ഇവയിൽ 217 മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും 17 പ്രോസ്സസിംഗ് സഹകരണ സംഘങ്ങളും മാത്രമാണ് പ്രവർത്തിക്കുന്നത്. PAPCOS, KAPCOS എന്നിവയാണ് പ്രധാന മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സഹകരണ സംഘങ്ങൾ. 2022-23 വർഷം 28.12 ലക്ഷം രൂപ

മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സഹകരണ സംഘങ്ങൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## കൺസ്യൂമർ സഹകരണ സംഘങ്ങൾ

കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി നിലകൊള്ളുന്ന സംഘങ്ങളാണ് കൺസ്യൂമർ സംഘങ്ങൾ. ഉൽസവ കാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൺസ്യൂമർ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. 124 ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് ധനസഹായമായി 100.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ടൂറിസം സഹകരണ സംഘം

സഹകരണ മേഖലയിൽ ടൂറിസം വികസന ലക്ഷ്യത്തോടെ സഹകരണ ടൂറിസം സംഘങ്ങളുടെ ഫെഡറേഷനായി 2011 ൽ പ്രവർത്തനം ആരംഭിച്ച സംഘം അംഗ സംഘങ്ങളുടെ ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ വില്ലേജ് ടൂറിസം, ഫാം ടൂറിസം, ആയുർവേദ ടൂറിസം, കൾച്ചറൽ ടൂറിസം തുടങ്ങിയവ ഏറ്റെടുത്ത് നടത്തുകയോ നടത്തിപ്പിന് വേണ്ട സഹായം നൽകുകയോ ചെയ്യുക, വിദേശികൾക്കും സ്വദേശികൾക്കും റോഡ്, റെയിൽ, വ്യോമ മാർഗ്ഗങ്ങളിലൂടെ ബുക്കിംഗ് സർവ്വീസ് നൽകി ടൂർ പാക്കേജുകൾ നൽകുകയും ചെയ്യുന്നുണ്ട്. 2022-23 വർഷം 20 ലക്ഷം രൂപ ടൂറിസം സഹകരണ സംഘങ്ങൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ

സംസ്ഥാനത്ത് ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്നു. ഭൂരിപക്ഷം സംഘങ്ങളും അവരുടെ സ്വന്തം നിക്ഷേപത്തിൽ നിന്നാണ് വായ്പ നൽകി ബിസിനസ്സ് നടത്തി വരുന്നത്. 31.03.2023 ൽ 1128 ജീവനക്കാരുടെ വായ്പാ സഹകരണ സംഘങ്ങൾ ഉള്ളതിൽ 895 എണ്ണം പ്രവർത്തിക്കുന്നവയും 233 എണ്ണം പ്രവർത്തനരഹിതവും ആണ്. ഇതിൽ എൽ.ഐ.സി. സ്റ്റാഫ് സഹകരണ സംഘം റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിച്ചുവരുന്ന സംഘമാണ്. 2022-23 വർഷം 3.00 ലക്ഷം രൂപ ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## പലവക സഹകരണ സംഘങ്ങൾ (Miscellaneous Co-operative Societies)

ഫാമിംഗ് സഹകരണ സംഘം, പൗൾട്രി സഹകരണ സംഘം, പ്രിന്റിംഗ് സഹകരണ സംഘം, മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം, എക്സ് - സർവ്വീസ്മെൻ സഹകരണ സംഘം, അലക്ക് തൊഴിലാളി സഹകരണ സംഘം, ലൈം ഷെൽ

സഹകരണ സംഘം, ചെത്ത് തൊഴിലാളി സഹകരണ സംഘം, ക്യാന്റീൻ സഹകരണ സംഘം, ടെയ് ലറിംഗ് സഹകരണ സംഘം, പെൻഷനേഴ്സ് വെൽഫെയർ സഹകരണ സംഘം, സാമൂഹ്യ ക്ഷേമ സഹകരണ സംഘം, ആന ഉടമകളുടെ സഹകരണ സംഘം, അംഗ പരിമിതർക്കുള്ള സഹകരണ സംഘം, ഫാർമേഴ്സ് സോഷ്യൽ വെൽഫയർ സഹകരണ സംഘം, സെറികൾച്ചറുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ, ലാബ് ടെക്നീഷ്യന്മാരുടെ സഹകരണ സംഘം, ഹെഡ് ലോഡ് വർക്കേഴ്സ് സഹകരണ സംഘം, വ്യാപാരി വ്യവസായി സഹകരണ സംഘം, കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സഹകരണ സംഘം, ലീഗൽ മെട്രോളജി സഹകരണ സംഘം, റീടെയിൽ മെഡിക്കൽ ഷോപ്പ് സഹകരണ സംഘം, അഭിഭാഷകരുടെ വെൽഫെയർ സഹകരണ സംഘം, സിനി ആർട്ടിസ്റ്റ് സഹകരണ സംഘം, എൽ. ഐ. സി. ഏജന്റുമാരുടെ സഹകരണ സംഘം, സീനിയർ സിറ്റിസൺസ് സഹകരണ സംഘം, വ്യാപാരി വ്യവസായി തൊഴിലാളികളുടെ ഷോപ്പ് & എസ്റ്റാബ്ലിഷ്മെന്റ് സഹകരണ സംഘം, സീ ഫുഡ് സഹകരണ സംഘം, കേരള ആയുർവേദിക് സഹകരണ സംഘം, കൺസ്ട്രക്ഷൻ & ബിൽഡിംഗ് വർക്കേഴ്സ് സഹകരണ സംഘം, കേബിൾ ഇന്റർനെറ്റ് സഹകരണ സംഘം, കോഫി വർക്കേഴ്സ് സഹകരണ സംഘം, ഗൾഫ് റിട്ടേണീസ് വെൽഫെയർ സഹകരണ സംഘം, മനുഷ്യാവകാശ പ്രവർത്തക ക്ഷേമ സഹകരണ സംഘം, വിദഗ്ധ, അവിദഗ്ധ തൊഴിലാളി സഹകരണ സംഘം, ടീച്ചേഴ്സ് & നോൺടീച്ചിംഗ് സ്റ്റാഫ് സഹകരണ സംഘം, റെപ്രസെന്റേറ്റീവ്സ് & സെയിൽസ്മെൻ സഹകരണ സംഘം, ലോട്ടറി തൊഴിലാളികളുടെ സഹകരണ സംഘം, റെഡിമെയ്ഡ് & ഗാർമെന്റ്സ് സഹകരണ സംഘം, ട്രാൻസ്ജെൻഡേഴ്സ് സഹകരണ സംഘം, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം, യുവജന സഹകരണ സംഘം തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട പല സംഘങ്ങളും ഉണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ പലവക സംഘങ്ങൾക്കുള്ള വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ് ഇനത്തിൽ 120.00 ലക്ഷം രൂപയും ഓഹരി മൂലധനമായി 22.60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ 75 ലക്ഷം രൂപ ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായും 24 യുവജന സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 240 ലക്ഷം രൂപ ധനസഹായമായും അനുവദിച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസനം

### വെബ് സൈറ്റ്

സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തികൾക്ക്/സഹകരണ സ്ഥാപനങ്ങൾക്ക്

അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള ഒരു പോർട്ടൽ സഹകരണ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ഇ-ആഫീസ്

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ, എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള ബാക്കി ആഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സഹകരണവകുപ്പിന്റെ ആധുനികവത്കരണം

സഹകരണ വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള വിവിധ ആഫീസുകളിൽ ഡെസ്ക്ടോപ്പുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ മുതലായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ **2,00,00,000/-**രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും **1,65,53,320/-** രൂപ ചെലവാക്കി Kerala e-Governance IT Procurement Portal മുഖേന 55 ഡെസ്ക്ടോപ്പുകൾ, 185 ലാപ് ടോപ്പുകൾ, 85 പ്രിന്ററുകൾ, 135 സ്കാനർ എന്നിവ വാങ്ങി സഹകരണസംഘം രജിസ്ട്രാർ ആഫീസ്, 14 ജോയിന്റ് രജിസ്ട്രാർ (ജനറൽ), 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനായി 1,99,899/- രൂപയും, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കുന്നതിനായി 10,150/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വെബ് സൈറ്റിന്റെ വാർഷിക മെയിന്റനൻസിനും ടെക്നിക്കൽ സപ്പോർട്ടിനുമായി 29,500/- രൂപ സി-ഡിറ്റിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## Co-operative Audit Monitoring & Information System (CAMIS)

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ്

ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി, www.camis.kerala.gov.inഎന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ

കേരള ബാങ്കിന്റെ രൂപീകരണത്തോടെ സഹകരണ മേഖലയിലേക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള വിവിധ ജനവിഭാഗങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ആധുനിക വത്ക്കരിക്കേണ്ടതുണ്ട്. കേരള ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ഏകോപിപ്പിക്കുന്നതിലൂടെ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളായ NEFT, RTGS, ATM എന്നിവ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി അംഗങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതാണ്. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നത് വഴി ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യം ഒരുക്കുന്നതിലേക്കായും, തിരിമറികൾ ഒഴിവാക്കുന്നതിലേക്കും പൊതു സംവിധാനം എന്നുള്ള നിലയിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും, ആദ്യ ഘട്ടത്തിൽ ചിട്ടി/എം.ഡി.എസ്/ജി.ഡി.എസ് ഉൾപ്പെടെയുള്ള നിക്ഷേപ - വായ്പാ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1608 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി സർക്കാരിന്റെ 10.08.2020 ലെ സ.ഉ.(സാധാ) 345/2020/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ചെയർമാൻ ആയി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal(RFP) തയ്യാറാക്കുകയും ചെയ്തിരുന്നു.

ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിലേക്കായി, സർക്കാരിന്റെ 13.01.2021 ലെ സ.ഉ.(സാധാ) 21/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാൻ ആയി NIC, IT Mission, Kerala Bank, PACS പ്രതിനിധി, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി) എന്നിവരെ ഉൾപ്പെടുത്തി കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ടെണ്ടർ ഇവാല്യൂവേഷൻ സമയത്ത് RFP യിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിക്ക് അധികാരം നൽകിയിട്ടുണ്ട്.

മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും സർക്കാരിന്റെ നിർദേശാനുസരണം RFP പ്രകാരമുള്ള ടെണ്ടർ 18.12.2021 ന് ഇ-ടെണ്ടർ websiteൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ടെണ്ടർ നടപടികളുടെ ഭാഗമായി RFP യിന്മേലുള്ള Pre-Bid Meeting 14.01.2022 ന് സഹകരണ സംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുത്ത കമ്പനികൾ ഉന്നയിച്ച സംശയങ്ങൾക്ക് (Query) മറുപടി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Bid submission-നുള്ള അവസാന തീയതി വിവിധ കമ്പനികളുടെ ആവശ്യപ്രകാരം പലതവണയായി 09.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. 12.05.2022 -ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറക്ക് PACS -കളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കാൻ സാധിക്കും.

**ICDMS (Integrated Co-operative Department Management System)**

സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ആഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും, ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS ലൂടെയാണ്.

സംസ്ഥാന/എൻ.സി.ഡി.സി പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനുമാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള ആഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

# വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ

## സഹകരണ വീഥി

സഹകരണ രംഗത്തെ വളർച്ചയെയും പുതിയ മേഖലകളെക്കുറിച്ചും സർക്കാരിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും സഹകാരികളെ അറിയിക്കുവാൻ വേണ്ടി 1978 മാർച്ച് മാസം ആരംഭിച്ച സഹകരണ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് സഹകരണ വീഥി. സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളും ഗവൺമെന്റ് നയങ്ങളുമാണ് ഈ പ്രസിദ്ധീകരണം ഉയർത്തിക്കാട്ടുന്നത്. സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറത്തിറക്കുന്ന സർക്കുലറുകൾ, സഹകരണ മേഖലയിലെ ദേശീയ, അന്തർദേശീയ വാർത്തകൾ, സഹകരണ മേഖലയെ സംബന്ധിച്ച പഠനങ്ങൾ, സർക്കാരിന്റെ ഔദ്യോഗിക വാർത്തകൾ, സാമ്പത്തികം, വികസനം മുതലായവ സംബന്ധിച്ച ലേഖനങ്ങൾ എന്നിവ സഹകരണ വീഥി പ്രസിദ്ധീകരിക്കുന്നു. 2022-23 കാലയളവിൽ ഏകദേശം 203545 ൽ അധികം കോപ്പികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഹകരണ മേഖല കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളൊക്കെ പ്രതിപാദിച്ചുകൊണ്ടാണ് സഹകരണ വീഥി അതിന്റെ 44-ാം പിറന്നാൾ പതിപ്പ് പുറത്തിറക്കിയത്. സഹകാരികൾക്കും സഹകരണ മേഖലയിൽ ഇടപെടുന്നവർക്കും സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന സമഗ്ര പുസ്തകമാണിത്.

## കേരള സഹകരണ ജേർണൽ

സംസ്ഥാന സഹകരണ യൂണിയന്റെ മാസികയാണ് കേരള സഹകരണ ജേർണൽ. പ്രശസ്തരായ സഹകാരികളുടെ ലേഖനങ്ങൾ, സംസ്ഥാനത്തെ മുൻനിരയിലുള്ള സഹകരണ ബാങ്കുകളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും വിജയ കഥകൾ, മറ്റ് വിജ്ഞാനദായകമായ റിപ്പോർട്ടുകൾ, വിദ്യാർത്ഥികൾക്കായുള്ള മത്സര പരീക്ഷകൾ എന്നിവ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ വാർഷിക വരിസംഖ്യ 300/- രൂപയും ആയതിന്റെ മൊത്തം പതിപ്പ് 15,000 വും ആണ്.

## സഹകരണ ഗൈഡ്

സഹകരണ വകുപ്പിലെ പ്രവർത്തനങ്ങൾ, സഹകരണ പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട്, കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇടപെടുന്ന മേഖലകൾ, പ്രധാന സ്ഥാപനങ്ങൾ, സഹകരണ വകുപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ, സഹകരണ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ തുടങ്ങി സഹകരണ വകുപ്പും സഹകരണ മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ ഒരു സഹകരണ ഗൈഡ് പ്രസിദ്ധീകരിക്കുന്നതിന് 2022-23 വർഷത്തിൽ സാധിച്ചിട്ടുണ്ട്.

## സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

സഹകരണ വകുപ്പിലെ TNA (Training Need Analysis) പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ IMG, ICM, ACSTI, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ സഹകരണ പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ 2022-23 ൽ സംഘടിപ്പിക്കേണ്ട പ്രോഗ്രാമുകളുടെ ഷെഡ്യൂളുകൾ നിശ്ചയിക്കുകയും വ്യത്യസ്തങ്ങളായ പരിശീലനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നടത്തുകയും ഏകദേശം 3720-ൽ അധികം ഉദ്യോഗസ്ഥർക്ക് 2022-23 കാലയളവിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

സഹകാരികൾക്ക് മെച്ചപ്പെട്ട സേവനം നല്കുവാൻ വകുപ്പിനെ പ്രാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പരിശീലനത്തിലൂടെ ജീവനക്കാരെ കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ സഹകരണ പരിശീലന കേന്ദ്രം രൂപീകരിച്ചു. സഹകരണ വകുപ്പിലെ സഹകരണ പരിശീലന കേന്ദ്രം പൂർണ തോതിൽ പ്രവർത്തന സജ്ജമായിട്ടില്ലെങ്കിലും നിലവിൽ ജവഹർ സഹകരണ ഭവൻ കേന്ദ്രീകരിച്ച് ഈ ആഫീസ് ICDMS, OEMS തുടങ്ങിയ പരിശീലന പരിപാടികൾ സഹകരണ സംഘം രജിസ്ട്രാർ ആഫീസിലേയും ജില്ലാ ഓഫീസിലേയും ഉദ്യോഗസ്ഥർക്ക് IT ഡിവിഷനുമായി സഹകരിച്ചുകൊണ്ട് നടത്തി. 2022-23 വർഷത്തിൽ ഏകദേശം 526 ൽ അധികം ഉദ്യോഗസ്ഥർക്ക് പരിശീലനം നടത്തിയിട്ടിട്ടുണ്ട്.

### അച്ചടക്കനടപടികൾ

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സേവനമനുഷ്ഠിക്കുന്ന 28 ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് എതിരെയും 24 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് എതിരെയും വിജിലൻസ് സെക്ഷനിൽ നിന്ന് അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. 2022-23 വർഷം സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ച 35 പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും സഹകരണ വിജിലൻസിൽ നിന്ന് 2022-23 വർഷം 50 അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതുമാകുന്നു.

## വകുപ്പുതല പരിപാടികൾ

### നിക്ഷേപ സമാഹരണ യജ്ഞം

പൊതുജനങ്ങളുടെ ഇടയിൽ സമ്പാദ്യ ശീലം ഉയർത്തുക, അതിലൂടെ സഹകരണ വായ്പാ മേഖലയുടെ വിഭവ സ്രോതസ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് നിക്ഷേപ സമാഹരണ യജ്ഞം. 43-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ടാർജറ്റ് 9000 കോടി രൂപ ആയിരുന്നു. എങ്കിലും തൻവർഷം 8646.35 കോടി രൂപ സഹകരണ മേഖലയിലേയ്ക്ക് എത്തിക്കാനെ കഴിഞ്ഞുള്ളൂ.

**സഹകരണ എക്സ്പോ -2022**

കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളും സേവനങ്ങളും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ രണ്ടാം നൂറു ദിന പരിപാടിയുടെ ഭാഗമായി എറണാകുളം മറൈൻ ഡ്രൈവിൽ 2022 ഏപ്രിൽ 18 മുതൽ 25 വരെ സഹകരണ എക്സ്പോ സംഘടിപ്പിച്ചു.

**സഹകരണ വാരാഘോഷം**

ദേശീയ സഹകരണ യൂണിയന്റെ ആഹ്വാന പ്രകാരം സഹകരണ പ്രസ്ഥാനത്തിന്റെ സ്വീകാര്യതയും മേന്മയും ദേശീയതലത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിലുടനീളം നവംബർ 14 മുതൽ 20 വരെ ദേശീയ സഹകരണ വാരം ആഘോഷിച്ചു. കേരളത്തിൽ സംസ്ഥാനതല ഉദ്ഘാടനം പാലക്കാട് ജില്ലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. സഹകരണ വാരാഘോഷവുമായി ബന്ധപ്പെട്ട് വൈവിധ്യങ്ങളായ പ്രവർത്തന പരിപാടികൾ കേരളത്തിലാകമാനം നടന്നു. നവംബർ 20 -ന് തിരുവല്ലയിൽ സമാപന സമ്മേളനം സംഘടിപ്പിച്ചു.

**അന്തർ ദേശീയ സഹകരണ ദിനം**

അന്തർ ദേശീയ സഹകരണ ദിനം എല്ലാ വർഷവും ജൂലൈ ആദ്യ ശനിയാഴ്ച ആചരിച്ചുവരുന്നു. 2022 ലെ അന്തർ ദേശീയ സഹകരണ ദിനം 100-ാമത് അന്തർ ദേശീയ സഹകരണ ദിനമായിരുന്നു. "Rebuild Better Together" എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ വിപുലമായ പരിപാടികളോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഈ ദിനം ആഘോഷിച്ചു. കോട്ടയത്ത് വച്ച് നടന്ന അന്തർ ദേശീയ സഹകരണ ദിനാഘോഷത്തിൽ 'നവകേരള നിർമ്മിതിക്ക് സഹകരണ പ്രസ്ഥാനം' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

## വിവരാവകാശം

വിവരാവകാശ നിയമം സഹകരണ വകുപ്പിൽ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം) ആണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. 156 പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും 156 അപ്പലേറ്റ് അതോറിറ്റിയും സഹകരണ വകുപ്പിലുണ്ട്. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അപ്പലേറ്റ് അതോറിറ്റിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അപ്പലേറ്റ് അതോറിറ്റി |
|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ(അഡ്മിനിസ്ട്രേഷൻ)<br>സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,<br>ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ.<br>ജംഗ്ഷൻ, തൈക്കാട് പി.ഒ.<br>തിരുവനന്തപുരം -14 | അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി)<br>സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,<br>ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ.<br>ജംഗ്ഷൻ, തൈക്കാട് പി.ഒ.<br>തിരുവനന്തപുരം -14 |

| | |
|---|---|
| ഫോൺ നം. 9446045894<br>ഓഫീസ് 0471 2334620<br>ഫാക്സ് 0471 2331587, 2331513 | ഓഫീസ് നം. 0471 2333573 |

| 2022-23 സാമ്പത്തിക വർഷത്തിലെ വിവരങ്ങൾ | |
|---|---|
| അപേക്ഷകളുടെ എണ്ണം | 4342 |
| തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം | 3887 |
| അപ്പീലുകളുടെ എണ്ണം | 260 |
| തീർപ്പാക്കിയ അപ്പീലുകൾ | 255 |
| അപേക്ഷകളിൽ നിന്നും ലഭ്യമായ ഫീസ്, മറ്റ് ചാർജ്ജുകൾ | 1,35,496/- രൂപ |

## ചട്ടങ്ങളും നിയമങ്ങളും

### സഹകരണ നിയമ ഭേദഗതി

- സഹകരണ ജീവനക്കാർക്ക് മാത്രമായി സേവന ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി 3 അംഗ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ 17.06.2022 -ലെ സ.ഉ(സാധാ)നമ്പർ 414/2022/Co-op ഉത്തരവ് പുറപ്പെടുവിച്ചു.
- സർക്കാരിന്റെ 13.05.2022 -ലെ സ.ഉ(സാധാ)നമ്പർ 331/2022/Co-op ഉത്തരവ് പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കുമുള്ള ഏകീകൃത മെഡിക്കൽ ഇൻഷുറൻസ് പദ്ധതി(CEMIS) നടപ്പിലാക്കുന്നതിനായി തത്വത്തിൽ അംഗീകാരം ലഭിച്ചു.
- സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മുഖേനയല്ലാതെ തെരഞ്ഞെടുക്കപ്പെടേണ്ട ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള 2023 വർഷത്തെ ഔട്ട് സൈഡ് ഏജൻസികളെ നിശ്ചയിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ 02.03.2023 ലെ ഇ.എം.(2) 9930/2022 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചു.
- സർക്കാരിന്റെ 01.08.2022 ലെ ജി.ഒ.(പി)137/2022/സഹ. നമ്പർ ഉത്തരവ് പ്രകാരം അർബൻ സഹകരണ ബാങ്കുകളിലെ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം, നേരിട്ടുള്ള നിയമനവുമായി ബന്ധപ്പെട്ട് സഹകരണ ചട്ടം 185(2) ൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു.
- സർക്കാരിന്റെ 07.11.2022 ലെ ജി.ഒ.(പി)205/2022/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ അപ്രൈസർമാരുടെ വിദ്യാഭ്യാസ യോഗ്യതയും നിയമനവും സംബന്ധിച്ച് സഹകരണ ചട്ടം 186(1)(iv) ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

- സഹകരണ സംഘം രജിസ്ട്രാറുടെ 11.05.2022 തീയതിയിലെ 22/2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് സഹകരണ സംഘം/ബാങ്കുകളിലെ ജീവനക്കാരുടെ നിയമനം, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചു.
- സർക്കാരിന്റെ 31.03.2022 ലെ സ.ഉ(കൈ)നം. 08/2022/സഹ. നമ്പർ ഉത്തരവ് പ്രകാരം റബ്ബർമാർക്ക് ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണത്തിലെ തസ്തികകളുടെ ശമ്പള സ്കെയിൽ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

## വകുപ്പിന്റെ 2022-23 വർഷത്തെ പ്രധാന നേട്ടങ്ങൾ

1. **കെയർ ഹോം**

2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽപ്പെട്ടവർക്ക് അഭയം നൽകുന്നതിനുവേണ്ടി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ ആകെ കൂട്ടി യോജിപ്പിച്ചു കൊണ്ട് സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്കരിച്ച ജനകീയ പദ്ധതിയാണ് കെയർ കേരള പദ്ധതി. 2022 -23 കാലയളവിൽ 3 ഭവന നിർമ്മാണം പൂർത്തീകരിച്ചു. നാളിതുവരെ സഹകരണ സംഘങ്ങളിൽ നിന്ന് കെയർഹോം പദ്ധതിയിലേയ്ക്കായി 55,02,71,767/- രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇൻഡ്യയിൽ സജീവമായി പ്രവർത്തിക്കുന്ന തിങ്ക് ടാങ്ക് ഗ്രൂപ്പായ സ്കോച്ച് കൺസൾട്ടൻസി ഏർപ്പെടുത്തിയിട്ടുള്ള സ്കോച്ച് അവാർഡ് 2022 ൽ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന കെയർ ഹോം പദ്ധതിക്കു ലഭിച്ചു.

2. **അക്ഷര മ്യൂസിയം**

അക്ഷര മ്യൂസിയം Museum of Letters, Literature & Culture പൂർണമായും കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ്. കോട്ടയം ജില്ലയിലെ നാട്ടകത്താണ് അക്ഷര മ്യൂസിയം നിർമ്മിക്കുന്നത്. അന്തർദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന മ്യൂസിയം നാല് ഘട്ടങ്ങളിലായാണ് പൂർത്തിയാക്കുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

3. **ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ**

ഏഴ് ജില്ലകളിൽ നിന്നും ഏഴ് പ്രാഥമിക സഹകരണ ബാങ്കുകൾ ഇൻഡോർ ടർഫുകൾ നിർമ്മിക്കുവാൻ താത്പര്യം പ്രകടിപ്പിച്ച് ജില്ലകളിൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് അനുമതി നൽകുകയും ചെയ്തു. തിരുവനന്തപുരം

ജില്ലയിൽ വിതുര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും കൊല്ലം ജില്ലയിൽ തേവലക്കര അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിന്റെ നേതൃത്വത്തിലും എറണാകുളം ജില്ലയിൽ പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും പാലക്കാട് ജില്ലയിൽ പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും മലപ്പുറം ജില്ലയിൽ കടന്നമണ്ണ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും കണ്ണൂർ ജില്ലയിൽ കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും കാസറഗോഡ് ജില്ലയിൽ മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

4. **<u>കലാകാരന്മാരുടെ സഹകരണ സംഘം (AARTICS)</u>**

കോട്ടയം ആസ്ഥാനമായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്ത സഹകരണ സംഘമാണ് Kerala State Artist & Artistes Co-operative Society Ltd No. 4506 (AARTICS) എന്ന പേരിൽ കലകാരന്മാരുടെ പേരിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരന്മാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ സാമൂഹിക - സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കലാ സാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് സംഘത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. 05.11.2022 -ൽ സംഘത്തിന്റെ പ്രഥമ ഭരണ സമിതി തെരഞ്ഞെടുപ്പ് നടക്കുകയും 14 അംഗ ഭരണ സമിതി ചുമതലയേറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

5. **<u>നവകേരളീയം കുടിശ്ശിക നിവാരണം</u>**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകൾ ആക്കി മാറ്റുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66(A), 74(F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം 453965 വായ്പക്കാർക്ക് 466773 വായ്പകളിലായി 829.23 കോടി രൂപ ഇളവ് അനുവദിച്ചു. 10982.91 കോടി രൂപയുടെ കുടിശ്ശിക വരവ് ലഭിച്ചു.

6. **<u>അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം</u>**

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീമിന് തുടക്കം കുറിച്ചു. കാർഷികോല്പാദനം, വിളവെടുപ്പിന് ശേഷമുള്ള അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി ആസ്തി വികസനം, വിഭവ സമാഹരണം എന്നീ മേഖലകളുടെ ശക്തിപ്പെടുത്തലിനും വികസനത്തിനുമായി വിഭാവന ചെയ്ത പദ്ധതിയാണിത്. കാർഷികാടിസ്ഥാന സൗകര്യങ്ങൾ, ജൈവവള ഉല്പാദന വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, സംഭരണ കേന്ദ്രങ്ങൾ, ഇ-മാർക്കറ്റിംഗ് സൗകര്യങ്ങൾ തുടങ്ങിയവയ്ക്കാണ് ഈ പദ്ധതിയിലൂടെ വായ്പ ലഭിക്കുന്നത്. പദ്ധതി പ്രകാരം, വ്യക്തികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് 3% പലിശ സബ്സിഡിയോടെ പരമാവധി 9% പലിശ വരെ വായ്പ ലഭിക്കും. കേരളത്തിൽ, നബാർഡിന്റെ സഹായത്തോടെ, സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 4% പലിശ നിരക്കിൽ (പി.എ.സി.എസിൽ എം.എസ്.സി. സ്കീമിൽ ഉൾപ്പെടുത്തി) വായ്പ ഉറപ്പുനൽകുന്നു.

അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം മുഖേന ഈ വായ്പകൾക്ക് 3% പലിശ സബ്സിഡിയോടെ 1% പലിശ നിരക്കിൽ 2 കോടി വരെ വായ്പകൾ സഹകരണ സംഘങ്ങൾക്ക് ലഭിക്കും. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് രണ്ട് കോടി വരെയുള്ള പ്രാഥമിക മൂല്യവർദ്ധിത സംരംഭ വായ്പകൾക്ക് (വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും) നിർദ്ദേശങ്ങൾ സമർപ്പിക്കാം. കേന്ദ്രം പ്രഖ്യാപിച്ച ആകെ തുകയായ ഒരു ലക്ഷം കോടിയിൽ കേരളത്തിന്റെ വിഹിതം 2520 കോടിയാണ്.

പ്ലാൻ കാലയളവ് 2020-21 മുതൽ 2029-30 വരെ 10 വർഷമായിരിക്കും. ഈ വായ്പകളുടെ മൊറട്ടോറിയം 6 മാസം മുതൽ 2 വർഷം വരെയാണ്. പരമാവധി 7 വർഷം വരെയുള്ള തിരിച്ചടവിന് 3% പലിശ സബ്സിഡി ലഭ്യമാണ്. നിലവിൽ 615 പ്രോജക്ടുകളിലായി 1054.05 കോടി രൂപയുടെ പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ PMU 525 പദ്ധതികളിലായി 855.35 കോടി രൂപ പരിശോധിച്ചു. 76 പദ്ധതികളിലായി 102.81 കോടി രൂപ നബാർഡ് അംഗീകരിച്ചു. അംഗീകൃത 30 പദ്ധതികൾക്കായി 41.41 കോടി രൂപ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി വിതരണം ചെയ്തു.

## 7. <u>പട്ടികജാതി പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ</u>

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തി അവരുടെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കി 14 ജില്ലകളിലും ഓരോ പട്ടികജാതി പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു.

## 8. <u>പാപ്കോസ് (പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. പി.1449)</u>

കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം എന്ന നിലയിൽ നെല്ല് സംഭരിക്കുക ആധുനിക റൈസ് മില്ലും ഗോഡൗണുകളും സ്ഥാപിച്ചുകൊണ്ട് സംഭരിച്ച നെല്ല് അരിയാക്കി വിപണനം നടത്തുക എന്നീ പ്രധാന ഉദ്ദേശങ്ങളോടെ സഹകരണ വകുപ്പും ജില്ലയിലെ സഹകാരികളും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ 26 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ചേർന്ന് രജിസ്റ്റർ ചെയ്ത സംഘമാണ് പാപ്കോസ്. നിലവിൽ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. ഓഹരി മൂലധനം 13.70 കോടി രൂപയാണ്. സർക്കാരിൽ നിന്ന് ഓഹരി മൂലധനമായി 1 കോടി രൂപയും സബ്സിഡിയായി 1 കോടി രൂപയും ചേർന്ന് 2 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതി നടപ്പിലാക്കുന്നതിന് പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് 500 മീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 75.04 കോടി രൂപയാണ് ടി പദ്ധതിയുടെ ചെലവായി കണക്കാക്കുന്നത്.

## 9. <u>കാപ്കോസ് (കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. 4505)</u>

സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കാപ്കോസ് എന്ന നെല്ല് സംഭരണ സംസ്കരണ വിതരണ സഹകരണ സംഘം രൂപീകരിച്ചു. സംഘത്തിന്റെ അധീനതയിൽ കുട്ടനാടും അപ്പർ കുട്ടനാടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു. സംഘത്തിന്റെ അംഗീകൃത മൂലധനം 310 കോടി രൂപയാണ്. കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ചേർന്ന് കോട്ടയം ആസ്ഥാനമായി കാപ്കോസ്

രൂപീകൃതമായി. റൈസ് മിൽ സ്ഥാപിക്കുന്നതിന് കിടങ്ങൂർ വില്ലേജിൽ കടപ്പൂർ പായസപ്പടി എന്ന സ്ഥലത്ത് 9 ഏക്കർ 68 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തുകയും 5.80 കോടി രൂപയ്ക്ക് സ്ഥലം വാങ്ങുന്നതിന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു.

10. **<u>ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ വഴി സഹകരണ ഉല്പന്നങ്ങൾക്ക് മികച്ച വിപണി സൗകര്യം</u>**

കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാന്റിംഗിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് രൂപം നൽകിയ ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയാണ്. കേരള സർക്കാരിന്റെ മൂന്നാം നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഉല്പാദക സഹകരണ സംഘങ്ങളുടെ ഗുണമേന്മയുള്ള വിവിധ ഉല്പന്നങ്ങൾ Coopkerala എന്ന ഏകീകൃത ബ്രാന്റോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ രാജ്യത്തെ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ആമസോൺ ഇ-കോമേഴ്സ് പ്ലാറ്റ്ഫോം വഴി സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ ഗുണനിലവാര പരിശോധന ടെസ്റ്റ് ഉൾപ്പെടെയുള്ള നിയമാനുസൃത മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള സമയക്രമം അനുസരിച്ച് ഓൺലൈനിലേയ്ക്ക് ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ 36 ഉല്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിയിട്ടുണ്ട്.

11. **<u>കേപ്പ് – ആസ്ഥാന മന്ദിരം, നൈപുണ്യ വികസന കേന്ദ്രം</u>**

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) -ന്റെ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽ കേപ്പിന്റെ ആസ്ഥാന മന്ദിരം യാഥാർത്ഥ്യമാക്കി. കേപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ KIMB എന്ന സ്ഥാപനത്തിൽ നൈപുണ്യ വികസന കേന്ദ്രം ആരംഭിച്ചു.

## <u>അപെക്സ്/ഫെഡറൽ/ബാങ്കുകൾ/ബോർഡുകൾ</u>

### <u>കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4328 (കൺസ്യൂമർഫെഡ്)</u>

കേരളത്തിലെ കൺസ്യൂമർ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനായ കൺസ്യൂമർഫെഡ് 04.09.1965 ൽ രജിസ്റ്റർ ചെയ്ത് 07.10.1965 ൽ എറണാകുളം ആസ്ഥാനമായി പ്രവർത്തനം ആരംഭിക്കുകയും 1997 മുതൽ

വൈവിധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. നിത്യോപയോഗ സാധനങ്ങൾ മൊത്തമായി വാങ്ങി, സംഭരിച്ച് വിൽപ്പനക്കായി അംഗ സംഘങ്ങൾക്ക് എത്തിച്ചുകൊടുക്കുക, ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ സ്വന്തം വില്പന യൂണിറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് വിതരണം നടത്തുക എന്നിവയാണ് കൺസ്യൂമർഫെഡിന്റെ പ്രധാന ലക്ഷ്യങ്ങൾ.

2022-23 വർഷത്തെ ഓഹരി മൂലധനം 56.5972 കോടി രൂപയാണ്. ടി വർഷത്തെ ആകെ വില്പന 2688.62 കോടി രൂപ ആണ്. മൊത്തം വില്പനയിൽ മുൻവർഷത്തേക്കാൾ 690.06 കോടി രൂപയുടെ വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. 2022-23 വർഷത്തെ വില്പന ടാർജറ്റ് 2828.47 കോടി രൂപ ആയിരുന്നു. ടാർജറ്റിന്റെ 95% കൈവരിക്കാൻ കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷത്തെ താൽക്കാലിക വരവ് ചെലവ് കണക്കുപ്രകാരം തൻവർഷം അറ്റലാഭം 35.17 കോടി രൂപയും (ആഡിറ്റിന് വിധേയം) സഞ്ചിത നഷ്ടം 481.07 കോടി രൂപയാണ്.

ത്രിവേണി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, ഉത്സവകാല സബ്സിഡി വിപണനം, വിദേശമദ്യ വ്യാപാരം, നീതി മെഡിക്കൽ പദ്ധതി, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ്, ത്രിവേണി സ്റ്റേഷനറി സെന്ററുകൾ, നോട്ട് ബുക്ക് വ്യാപാരം, ത്രിവേണി ഫാർമസി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ കൺസ്യൂമർ ഫെഡിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

**കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്)**

1942 ൽ കോഴിക്കോട് പ്രവർത്തനം ആരംഭിച്ച ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ 1958 ൽ മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സ്റ്റോർ എന്ന പേരിൽ വിപുലപ്പെട്ടു. 1960 ആഗസ്റ്റ് 10-ാം തീയതി സംസ്ഥാനത്ത് പ്രവർത്തന പരിധിയുള്ള എല്ലാ മാർക്കറ്റിംഗ് സംഘങ്ങളുടെയും അപ്പെക്സ് സ്ഥാപനമെന്ന നിലയ്ക്ക് കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) പരിവർത്തനം ചെയ്യപ്പെട്ടു. കേരളത്തിലെ കാർഷിക സഹകരണ മേഖലയിലെ ശ്രദ്ധേയ സാന്നിധ്യമായ മാർക്കറ്റ്ഫെഡ് കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതോടൊപ്പം കാർഷിക അഭിവൃദ്ധിക്കാവശ്യമായ ഉല്പാദനോപാധികൾ മിതമായ വിലയ്ക്ക് അതാതിടങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. കർഷകരെ സദാ സഹായിക്കുന്നതിനും മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായ വില നേടികൊടുക്കുന്നതിനും മാർക്കറ്റ്ഫെഡ് പ്രതിജ്ഞാബദ്ധമാണ്.

ആകെ 93 പ്രാഥമിക കാർഷിക വിപണന സംഘങ്ങളാണ് മാർക്കറ്റ്ഫെഡിനുള്ളത്. കൊച്ചി ഗാന്ധിനഗർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മാർക്കറ്റ്ഫെഡിന് ഡൽഹിയിലും, കേരളത്തിലെ എല്ലാ ജില്ലകളിലും സെയിൽസ് ആഫീസുകളുണ്ട്. കണ്ണൂരിലെ തളിപ്പറമ്പിൽ സ്വന്തമായി ഒരു വളം മിശ്രിത പ്ലാന്റും, ഗാന്ധിനഗർ, നെട്ടുകണ്ടം,

തളിപ്പറമ്പ്, ഡൽഹി എന്നിവിടങ്ങളിലായി ഗോഡൗണുകളുമുണ്ട്. ചെയർമാൻ നേതൃത്വം നൽകുന്ന തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ നിയന്ത്രണത്തിലുള്ള മാർക്കറ്റ്ഫെഡിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങൾ മാനേജിംഗ് ഡയറക്ടർക്കാണ്.

കഴിഞ്ഞ നാലുപതിറ്റാണ്ടിലേറെയായി മാർക്കറ്റ്ഫെഡ് വളം വിതരണ രംഗത്ത് മൊത്ത വ്യാപാര സ്ഥാപനമായി സജീവമായി നിലനിൽക്കുന്നു. ഇന്ത്യയിലെ പ്രമുഖ വളം നിർമ്മാതാക്കളായ IIFCO, RCF, KRIBHCO, IPL, FACT, FCF, MCF, MFL, SPIC തുടങ്ങിയ കമ്പനികളുടെ എല്ലാവിധ രാസ, ജൈവ, ജീവാണുവളങ്ങളും മാർക്കറ്റ്ഫെഡ് വിതരണം ചെയ്തുവരുന്നു. ഗുണമേന്മയും ആദായകരമായ വിലയും ഉറപ്പുവരുത്തി മാർക്കറ്റ്ഫെഡ് സഹകരണ സംഘങ്ങൾ വഴിയും രജിസ്റ്റേർഡ് ഡീലർമാർ വഴിയും ഈ വളങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നു. ആയുർവേദ ഔഷധ നിർമ്മാണത്തിനുള്ള സാമഗ്രികൾ വിതരണം ചെയ്യുന്നതിലും കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. വിവിധ ട്രേഡ് ഫെയറുകളിൽ പങ്കെടുത്ത് മാർക്കറ്റ്ഫെഡ് ഉല്പന്നങ്ങൾ വൻതോതിൽ വില്പന നടത്താൻ കഴിഞ്ഞു. കൺസ്യൂമർഫെഡ്, സിവിൽ സപ്ലൈസ്, നാഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് വ്യാപാരം നടത്തുന്നു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കശുവണ്ടി പരിപ്പ് വിപണനം കേരളത്തിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വ്യാപകമായി നടത്തുകയും തന്മൂലം ഈ രംഗത്തുള്ള ഏക സഹകരണ സ്ഥാപനമായി മാറാൻ ഫെഡറേഷന് കഴിയുകയും ചെയ്തത് അഭിമാനാർഹമാണ്.

ഫെഡറേഷന്റെ റീട്ടെയിൽ ഉല്പന്നങ്ങളിൽ പ്രധാനപ്പെട്ടവയായ വെളിച്ചെണ്ണ, സൾഫർ വിമുക്ത പഞ്ചസാര, ചെങ്ങന്നൂർ ശർക്കര, നെയ്യ്, ഏലക്ക തുടങ്ങിയവ 'മെനിഫുഡ്' ബ്രാന്റിൽ വിതരണം ചെയ്തു തുടങ്ങി. ഓൺലൈൻ വ്യാപാരം ഉൾപ്പെടെ ആധുനിക മേഖലകളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. 2021-22 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2019 മാർച്ചിൽ 101 കോടി രൂപയുടെ വിറ്റുവരവാണ് ഉണ്ടായതെങ്കിൽ 2020 മാർച്ചിൽ അത് കുത്തനെ ഉയർന്ന് 140 കോടി രൂപയിലെത്തിക്കാൻ കഴിഞ്ഞു. 2021 മാർച്ചിൽ വിറ്റുവരവ് 113 കോടി രൂപയും 2022 സാമ്പത്തിക വർഷത്തിൽ 101 കോടി രൂപയും ആയിരുന്നു. എന്നാൽ 2023 മാർച്ചിൽ 117.80 കോടി രൂപ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ഫെഡറേഷന്റെ മൂലധനം 20.92 കോടി രൂപയും ആസ്തികളുടെ മൂല്യം 88.50 കോടി രൂപയുമാണ്.

**കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ ലി.നം. 4469 (ടൂർഫെഡ്)**

സഹകരണ മേഖലയിൽ ടൂറിസം വികസന ലക്ഷ്യത്തോടെ പ്രാഥമിക സഹകരണ ടൂറിസം സംഘങ്ങളുടെ ഫെഡറേഷനായി തിരുവനന്തപുരം ആസ്ഥാനമായി 24.11.2011 -ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ടൂർഫെഡ്. നിലവിൽ ടൂർഫെഡ് അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. "യാത്ര" എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിന്

കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുക എന്നതാണ് ടൂർഫെഡിന്റെ പ്രധാന ലക്ഷ്യം. പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിവിധ തരത്തിലുള്ള ദേശീയ അന്തർദേശീയ ടൂർ പാക്കേജുകൾ ഏർപ്പെടുത്തുന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തിവരുന്നത്. നിയമാവലി പ്രകാരം പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളും, പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ടൂറിസം പ്രവർത്തന മേഖലയായ സഹകരണ സംഘങ്ങളും ആണ് ഇതിലെ അംഗങ്ങൾ.

ഏറെ ജനശ്രദ്ധ ആകർഷിച്ച പാക്കേജായ 'വൺ ഡേ വണ്ടർ' താത്ക്കാലികമായി നിർത്തിയിട്ടുള്ളതാകുന്നു. ആയത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൺറോ – ജഡായു പാക്കേജ്, LTC സ്പെഷ്യൽ പാക്കേജുകൾ എന്നിവ നടത്തിവരുന്നു. ഇതോടൊപ്പം ഇവന്റ് മാനേജ്മെന്റ് മേഖലയിലും ശ്രദ്ധേയമായ സേവനം നൽകിവരുന്നു. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിൽ വേളി ടൂറിസ്റ്റ് വില്ലേജിൽ പ്രവർത്തിക്കുന്ന മിനിയേച്ചർ റെയിൽവേയുടെ നടത്തിപ്പും മേൽനോട്ടവും വിജയകരമായി നിർവ്വഹിച്ച വരുന്നു. കേരള സർക്കാരിന്റെ മൂന്നാം നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം അഴീക്കലിൽ ആരംഭിച്ച 'ടൂർഫെഡ് ഹൈജീനിക് കഫേ' മികച്ച രീതിയിൽ പ്രവർത്തിച്ച വരുന്നു. 2021-22 വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആകെ അടച്ച തീർത്ത ഓഹരി മൂലധനം 49,76,000/- രൂപയും 2022-23 സാമ്പത്തിക വർഷത്തെ ആകെ വരുമാനം 3,68,07,119/- രൂപയുമാണ്. ടൂർഫെഡ് വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ 'ടൂർഫെഡ് ഹൈജീനിക് കഫേ' ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

**<u>കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷൻ ലി.നം. 4440 (വനിതാഫെഡ്)</u>**

20.12.2002 -ന് രജിസ്റ്റർ ചെയ്ത് 01.04.2003 -ൽ പ്രവർത്തനം ആരംഭിച്ച പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമാണ് കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4440 (വനിതാഫെഡ്). സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/ സേവന പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നുള്ളതാണ് ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. നിലവിൽ വനിതാഫെഡിൽ 506 എ ക്ലാസ് അംഗങ്ങളുണ്ട്. ബി ക്ലാസ് അംഗത്വം കേരള സർക്കാരിനും സി ക്ലാസ് അംഗത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന – ദേശീയ തലത്തിലുള്ള കോർപ്പറേഷനുകൾക്കും ബോർഡുകൾക്കുമാണ് നൽകുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ വനിതാഫെഡിന്റെ അംഗീകൃത മൂലധനം 25.00 കോടി രൂപയും ആകെ അടച്ച തീർത്ത ഓഹരി മൂലധനം 5.89 ലക്ഷം രൂപയുമാണ്. സർക്കാരിൽ നിന്ന് സബ്സിഡി തുകയായി 2,24,03,500/- രൂപ വനിതാഫെഡിന് ലഭിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷം വനിതാഫെഡ് സംഘങ്ങൾക്ക്

നീതി മെഡിക്കൽസ് നടപ്പിലാക്കുന്നതിനു വേണ്ടി 12,00,000/- രൂപയും, ഡ്രൈവിംഗ് സ്കൂൾ നടപ്പിലാക്കുന്നതിവേണ്ടി 11,00,000/- രൂപയും, സംഘം കമ്പ്യൂട്ടർവത്കരിക്കുന്നതിന് വേണ്ടി 3,00,000/- രൂപയും സാധാരണ വായ്പയായി 4,00,000/- രൂപയും നൽകിയിട്ടുണ്ട്.

മാർച്ച് 8 വനിതാ ദിനവുമായി ബന്ധപ്പെട്ട് വനിതാഫെഡിലെ അംഗ സംഘങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച വനിതാ സംഘങ്ങൾക്ക് അവാർഡുകൾ നൽകുകയുണ്ടായി. കേരകാന്തി ഉരുക്ക വെളിച്ചെണ്ണയുടെയും കേരകാന്തി സോപ്പിന്റെയും വിൽപ്പനയും ഫെഡറേഷൻ നടത്തിവരുന്നു. കൂടാതെ ഷോർട്ട് സ്റ്റേ ഹോം, നീതി മെഡിക്കൽസ് എന്നിവയും പ്രധാന പ്രവർത്തനങ്ങളിൽപെടുന്നു.

**കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ലി. നം. 4330 (ഹൗസ് ഫെഡ്)**

1969 ലെ സഹകരണ നിയമ പ്രകാരം 23.09.1970 -ൽ രജിസ്റ്റർ ചെയ്ത ഹൗസിംഗ് സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമാണ് ഹൗസ് ഫെഡ്. "Kerala Apex Co-operative Housing Society Ltd No. 4330" എന്ന പേരിൽ 24.09.1970 ന് എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന് 24.03.1979 ലെ സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരമാണ് ഹൗസ് ഫെഡ് എന്ന പേര് വന്നത്. National Co-operative Housing Federation of India യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഹൗസ് ഫെഡിന് 205 പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എ ക്ലാസ് അംഗങ്ങളായുണ്ട്. ഇതിലെ അംഗങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നല്കുന്നതിലൂടെ അംഗങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നതാണ് ഹൗസ് ഫെഡിന്റെ ലക്ഷ്യം. 100 കോടി രൂപയാണ് ഫെഡറേഷന്റെ അംഗീകൃത മൂലധനം. 2022-23 സാമ്പത്തിക വർഷത്തിൽ 1081 വീടുകൾക്ക് 62.66 കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. 2022 -23 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഫെഡറേഷൻ 2.69 കോടി രൂപയുടെ അറ്റലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

**കേരള സ്റ്റേറ്റ് സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ ലി. നം. 4420 (ഹോസ്പിറ്റൽഫെഡ്)**

21.01.1999 ൽ കൊച്ചി ആസ്ഥാനമായി രജിസ്റ്റർ ചെയ്ത് 27.02.1999 ൽ പ്രവർത്തനം ആരംഭിച്ച ഫെഡറേഷനിൽ 31.03.2023 വരെ 32 ആശുപത്രി സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ ഫെഡറേഷൻ സംഘടിപ്പിച്ച് വരുന്നു. കണ്ണൂർ ജില്ലയിൽ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ മണ്ണയാട് ദേശത്ത് നേഴ്സിംഗ് കോളേജ്, പാരാ മെഡിക്കൽ പഠനങ്ങൾക്കുള്ള കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഫെഡറേഷൻ നടത്തി വരുന്നത്. നഴ്സിംഗ് കോളേജിൽ ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് ഹെൽത്ത് സയൻസിൽ ബി.എസ്.സി. ഫിസിയോതെറാപ്പി, ബി.എസ്.സി മെഡിക്കൽ ലാബ് ടെക്നോളജി, ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി, എം.എസ്.സി. ഫിസിയോതെറാപ്പി എന്നീ കോഴ്സുകൾ നടത്തിവരുന്നു. 800 വിദ്യാർത്ഥികൾ രണ്ട് കോളേജുകളിലുമായി പഠനം നടത്തിവരുന്നു. സഹകരണ ആശുപത്രി സംഘങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 2022 ആഗസ്റ്റ് 16 ന് കൊല്ലം എൻ.എസ്. സഹകരണ ആശുപത്രി കാമ്പസിൽ വെച്ച് സഹകരണ ആശുപത്രി കോൺക്ലേവ് 2022 ൽ സംഘടിപ്പിച്ചു. ഫെഡറേഷന്റെ ഓഹരി മൂലധനം 1,15,29,000/- രൂപയാണ്. 2021-22 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഫെഡറേഷൻ 38 കോടി അറ്റനഷ്ടത്തിലാണ്.

**കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലി. നം. 4491 (ലേബർഫെഡ്)**

പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും നയപരമായി നടപ്പിലാക്കുന്നതിനും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായി കേരള സഹകരണ നിയമം ചട്ടം 15(9) പ്രകാരം രൂപീകൃതമായ അപെക്സ് ഫെഡറേഷനാണ് കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ്സ് ഫെഡറേഷൻ (ലേബർഫെഡ്) ക്ലിപ്തം നം. 4491. 188 എ ക്ലാസ് അംഗങ്ങളാണ് ഫെഡറേഷനിലുള്ളത്. കേരളത്തിലെ ഇൻഫ്രാസ്ട്രക്ചർ നിർമ്മാണ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തി വരുന്ന സഹകരണ സംഘങ്ങളാണ് പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ. ആധുനിക സാങ്കേതികവിദ്യയുടെ വ്യാപനം മൂലം തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അനിവാര്യതകളിൽ കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുന്നതിന് തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. സംസ്ഥാനത്തെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൂലം സ്വകാര്യ കരാറുകാരുടെ അമിത ചൂഷണം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ സഹായകരമാണ്.

സർക്കാരിൽ നിന്നോ, മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഒരു തരത്തിലുള്ള സാമ്പത്തിക സഹായവും ഇല്ലാതെയാണ് ഫെഡറേഷൻ നാളിതുവരെ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ടി സംഘത്തിൽ ഭരണ സ്തംഭനം നിലനിൽക്കുന്ന സാഹചര്യത്തിൽ 07.01.2023 തീയതിയിൽ രൂപീകൃതമായ മൂന്ന് അംഗങ്ങളുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ ഭരണ നിർവ്വഹണം നടത്തുന്നു. മുൻ വർഷത്തെ ആഡിറ്റ് പ്രകാരം ഫെഡറേഷൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അത്യാധുനിക

മെഷിനറികളും, ഇൻഫ്രാസ്ട്രക്ചറും, തൊഴിലാളികളെ സജ്ജീകരിക്കുവാനുള്ള സംവിധാനവും ഫെഡറേഷനും അംഗ സംഘങ്ങൾക്കും ഉണ്ട്.

നാഷണൽ ലേബർ കോ-ഓപ്പറേറ്റീവ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയിൽ (NCLF) ലേബർഫെഡിനെ അഫിലിയേറ്റ് ചെയ്യുകയും നാഷണൽ യൂണിയൻ ഓഫ് ഇന്ത്യ (NCUI) ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO) എന്നിവയിൽ ലേബർഫെഡിനെ അഫിലിയേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സഹകരണ സംഘങ്ങളിലെ ഡയറക്ടർ, ജീവനക്കാർ എന്നിവർക്ക് പരിശീലനം കൊടുക്കുന്നതിന് ISCO എന്ന പേരിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നു. 2020-21 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഫെഡറേഷന്റെ പ്രവർത്തന മൂലധനം 2.04 ലക്ഷം രൂപയുമാണ്.

**<u>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലി. നം. 4351 (എസ്.സി.റ്റി. ഫെഡറേഷൻ)</u>**

1981 ൽ രൂപീകൃതമായ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4351 തിരുവനന്തപുരം പേരൂർക്കട ആസ്ഥാനമായി പ്രവർത്തിക്കുന്നു. ഫെഡറേഷന് തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ബ്രാഞ്ച് ഓഫീസുകളുണ്ട്. ഫെഡറേഷന്റെ ആസ്ഥാന മന്ദിരത്തോടു ചേർന്ന് ഒരു ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പും ആയുർധാര പഞ്ചകർമ്മ ചികിത്സാ സെന്ററും വനവിഭവ ശേഖരണ വിഭാഗവും പുതതായി ആരംഭിച്ചിട്ടുള്ള വന വിഭവ ഉല്പന്ന ഡിവിഷൻ വനമാലിക ബൂത്ത് ഔട്ട് ലെറ്റ്, അമ്പലവയൽ വനമാലിക ട്രൈബൽ ട്രേഡ് ടൂറിസം & റിസോഴ്സ് സെന്റർ എന്നിവയുമുണ്ട്. ഇതിനുപുറമെ തൃശ്ശൂർ ബ്രാഞ്ചിന്റെ കീഴിൽ അഞ്ചേരിയിൽ ആയുർധാര ഫാർമസ്യൂട്ടിക്കൽസ് എന്ന ആയുർവേദ ഔഷധ നിർമ്മാണ ശാലയും ആയുർധാര പഞ്ചകർമ്മ ചികിത്സാ സെന്ററും പ്രവർത്തിക്കുന്നു.

31.03.2023 വരെ ആകെ 558 പട്ടികജാതി സംഘങ്ങളും 103 പട്ടികവർഗ്ഗ സംഘങ്ങളും 33 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും സർക്കാരും ഉൾപ്പെടെ ആകെ 695 സംഘങ്ങൾ ഫെഡറേഷനിൽ അംഗങ്ങളായിട്ടുണ്ട്. അംഗസംഘങ്ങൾക്ക് ഓഹരി നിരക്ക് 100 ആയിരുന്നത് 1000/- രൂപയായി ഉയർത്തിയിട്ടുണ്ട്. ആകെ ഓഹരി തുകയുടെ 78.2% ഉം സർക്കാർ ഓഹരി നിക്ഷേപമാണ്. ബാക്കി 21.8% അംഗ സംഘങ്ങളുടെ ഓഹരി നിക്ഷേപമാണ്.

**<u>കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർമാർക്ക്)</u>**

കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി എറണാകുളം ജില്ലയിലെ കണയന്നൂർ ആസ്ഥാനമാക്കി 16.03.1971 ൽ രജിസ്റ്റർ ചെയ്ത് 30.04.1971 ൽ പ്രവർത്തനം ആരംഭിച്ച റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനിൽ 39 എ ക്ലാസ് അംഗങ്ങളും 24 ബി ക്ലാസ്

അംഗങ്ങളും ഉൾപ്പെടെ ആകെ 63 അംഗങ്ങളാണുള്ളത്. എല്ലാ ഗ്രേഡിലുമുള്ള റബ്ബറിന്റെ സംഭരണവും വിൽപ്പനയും, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക, ഐ.എസ്.എൻ.ആർ, ഗ്രേഡ് റബ്ബർ എന്നിവയുടെ നിർമ്മാണം, റബ്ബർ കൃഷിയ്ക്ക് ആവശ്യമായ വളങ്ങൾ, കാർഷിക സഹായ വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, ക്രയവിക്രയം മുതലായവ ഫെഡറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

2022-23 വർഷം സർക്കാർ ഓഹരി മൂലധനം 44.316 കോടി രൂപയും, അടച്ച തീർത്ത ആകെ മൂലധനം 46.9445 കോടി രൂപയുമാണ്. തൻവർഷത്തിൽ 6495.60 ലക്ഷം രൂപ വിലവരുന്ന റബ്ബർ വിൽപ്പന നടത്തിയിട്ടുണ്ട്. 3797.69 ലക്ഷം രൂപ വില വരുന്ന ജൈവവളവും തൻവർഷം വിൽപ്പന നടത്തിയിട്ടുണ്ട്.

**കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)**

105 വർഷത്തെ ചരിത്രമുള്ള കേരള സംസ്ഥാന സഹകരണ ബാങ്ക് ദ്വിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന കേരള ബാങ്ക് ആയിട്ട് 3 വർഷം പിന്നിട്ടിരിക്കുന്നു. 2019 നവംബർ 29 ന് രൂപീകൃതമായ കേരള ബാങ്ക് ഇന്ന് സഹകരണ മേഖലയിൽ ഏഷ്യയിലെ ഒന്നാമത്തെ ബാങ്ക് എന്ന നിലയിലേയ്ക്ക് വളർന്നുകഴിഞ്ഞു. അന്തർദേശീയ സഹകരണ സഖ്യവും (ICA) യൂറോപ്യൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ പ്രകാരം സഹകരണ ധനകാര്യ സേവന മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിനെ ഏഷ്യയിലെ ഒന്നാമത്തെ ബാങ്ക് തിരഞ്ഞെടുത്തത്. ലോകത്തെ ഏറ്റവും വലിയ സഹകരണ ബാങ്കുകളുടെ പട്ടികയിൽ ഏഴാം സ്ഥാനവും കേരള ബാങ്ക് നേടി. ലോക സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കേരളത്തിന് ഇടംപിടിക്കാൻ കേരള ബാങ്കിന്റെ ഈ നേട്ടത്തിലൂടെ അവസരം ലഭിച്ചിരിക്കുകയാണ്.

**2022-23 വർഷത്തെ പ്രധാന നേട്ടങ്ങൾ**

കേരള ബാങ്കിന്റെ മൊത്തം ബിസിനസ് 121204.39 കോടി രൂപയായി വർദ്ധിച്ചു. 11000 കോടി രൂപയുടെ ബിസിനസ് വർദ്ധനവാണ് ഒരു വർഷം ലഭിച്ചിരിക്കുന്നത്. നിക്ഷേപ സമാഹരണത്തിലും വായ്പാ വിതരണത്തിലും ബാങ്കിന് 2022-23 വർഷം നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. കേരള ബാങ്കിൽ ജനങ്ങളുടെ വിശ്വാസ്യത വെളിപ്പെടുത്തുന്നതിന്റെ സൂചകമായി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 4245.20 കോടി രൂപയുടെ വർദ്ധനവാണ് നിക്ഷേപത്തിലുണ്ടായത്. ബാങ്കിന്റെ വായ്പാ ബാക്കിനിൽപ്പിൽ(Loan Outstanding) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 7000 കോടി രൂപയുടെ വർദ്ധനവാണ് ലഭിച്ചത്. 40950 കോടി രൂപയായിരുന്ന വായ്പാ ബാക്കിനിൽപ്പ് 2022-23 മാർച്ചിൽ 47038 കോടി രൂപയായി ഉയർന്നു. കേരള ബാങ്ക് രൂപീകരിച്ചതിനു ശേഷം നബാർഡിൽ നിന്നുള്ള പുനർവായ്പയിൽ 6140 കോടി രൂപയുടെ വർദ്ധനവുണ്ടായി. കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ കർഷകർക്ക് പലിശ ഇളവോടെ 3% പലിശ നിരക്കിൽ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ/കാർഷിക അനുബന്ധ സംരംഭകർ ആയ 168732 പേർക്ക് 2022-23 സാമ്പത്തിക വർഷം 6444.43 കോടി രൂപയാണ് അനുവദിച്ചത്. ഭീമമായ ചെലവ് വരുന്ന മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് സർക്കാർ ധനസഹായം നൽകുന്ന സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 'വി കെയർ' പദ്ധതിയിലും എറണാകുളം കോർപ്പറേഷനുമായി സഹകരിച്ച് സൗജന്യമായി ഉച്ചയൂണ് നൽകുന്ന 'നിറവ്'പദ്ധതിയിലും കേരള ബാങ്ക് സഹകരിച്ച് പ്രവർത്തിക്കുന്നു.

## പ്രധാന വായ്പാ പദ്ധതികൾ

### ➢ കൃഷിയ്ക്കും കാർഷിക വ്യവസായ സംരംഭങ്ങൾക്കുമുള്ള വായ്പകൾ

| | | | |
|---|---|---|---|
| 1 | കിസാൻ മിത്ര KCC | : | 60 ലക്ഷം രൂപ വരെ വായ്പ നല്കുന്നു. |
| 2 | കിസാൻ മിത്ര Gold KCC | : | 3 ലക്ഷം രൂപ വരെ സ്കെയിൽ ഓഫ് ഫിനാൻസിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. |
| 3 | കിസാൻ മിത്ര VFPCK | : | വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള യുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങളിലെ കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. |
| 4 | ക്ഷീര മിത്ര KCC | : | 2 ലക്ഷം രൂപ വരെ സ്കെയിൽ ഓഫ് ഫിനാൻസിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. |
| 5 | ക്ഷീര മിത്ര MT | : | 2 ലക്ഷം രൂപ വരെ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി ചെലവിന്റെ 90% അനുവദിക്കുന്നു. |
| 6 | ദീർഘകാല കാർഷിക വായ്പ | : | 60 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. |
| 7 | FPO വായ്പകൾ | : | കാർഷിക ഗ്രൂപ്പുവഴി കൂട്ടായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 40 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. |
| 8 | ദീർഘകാല വായ്പ | : | സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ കമ്പനികൾക്കും കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രവർത്തന മൂലധനമായി ദീർഘകാല പുനരുദ്ധാരണ പ്രവർത്തന ഫണ്ടായി Government/Collateral സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്നു. |

### ➢ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ വായ്പകൾ

| | | | |
|---|---|---|---|
| 1. | സുവിധ (MSME) | : | വായ്പാ പരിധി 20 ലക്ഷം രൂപ. |
| 2. | സുവിധ പ്ലസ് (MSME ഈട്ടു രഹിത വായ്പ) | : | പരമാവധി 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. (552.30 കോടി രൂപ ഇതുവരെ അനുവദിച്ചു.) |
| 3. | മിത്ര (MSME) | : | വ്യക്തികൾക്ക് 40 ലക്ഷം രൂപ വരെയും കമ്പനികൾക്ക് 1 കോടി രൂപ വരെയും അനുവദിക്കുന്നു. |
| 4. | യുവമിത്ര (MSME) | : | വ്യക്തികൾക്ക് 40 ലക്ഷം രൂപ വരെയും കമ്പനികൾക്ക് 1 കോടി രൂപ വരെയും അനുവദിക്കുന്നു. |
| 5. | GST മിത്ര (MSME) | : | വ്യക്തികൾക്ക് 40 ലക്ഷം രൂപ വരെയും കമ്പനികൾക്ക് 1 കോടി രൂപ വരെയും അനുവദിക്കുന്നു. |
| 6. | Smart MSME | : | ഒരു ലക്ഷം സംരംഭ പദ്ധതി 2022-23 -ന്റെ ഭാഗമായി ആവിഷ്കരിച്ച വായ്പാ പദ്ധതി പദ്ധതി ചെലവിന്റെ 90 ശതമാനം 5 ലക്ഷം രൂപ വരെ സെക്യൂരിറ്റിയില്ലാതെ ലഭ്യമാകുന്നു. |
| 7. | പ്രവാസി കിരൺ | : | പരമാവധി 24 ലക്ഷം രൂപ വരെ. |
| 8. | പ്രവാസി ഭദ്രത | : | സെക്യൂരിറ്റി ഇല്ലാതെ പരമാവധി 5 ലക്ഷം രൂപ ലഭ്യമാക്കുന്നു. |
| 9. | ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പ | : | പരമാവധി 40 ലക്ഷം രൂപ വരെ. |

### ➢ 100 ദിന തൊഴിൽ ദാന പദ്ധതി

2020 സെപ്റ്റംബർ കേരള സർക്കാർ ആവിഷ്കരിച്ച് 100 ദിന തൊഴിൽ ദാന പദ്ധതിയുടെ 3 ഘട്ടങ്ങളിലായി 32088 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 842.54 കോടി രൂപ അനുവദിച്ചു. കേരള സർക്കാർ നിർദ്ദേശിച്ചതിനേക്കാൾ 12942 തൊഴിലവസരങ്ങളാണ് കേരള ബാങ്ക് അധികമായി നൽകിയത്.

### ➢ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മഹിളാ ശക്തി വായ്പകൾ

ഗ്രാമീണ മേഖലയിലെ വനിതകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് 50,000/- രൂപ മുതൽ 5,00,000/-രൂപ വരെ അനുവദിക്കുന്ന 10 മഹിളാശക്തി വായ്പാ പദ്ധതികൾ സംഘങ്ങൾ വഴി അനുവദിക്കുന്നു.

### ➢ സംഘങ്ങളുടെ ആധുനികവത്കരണം

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഇന്റർഫേസ് വഴി ബന്ധിപ്പിച്ച് ബൃഹത്തായ നെറ്റ് വർക്ക് രൂപപ്പെടുത്തുന്നതിനുള്ള IT Integration നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു. സാധാരണക്കാരായ കർഷകർക്കും

തൊഴിലാളികൾക്കും ഏറ്റവും ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ചെലവ് കുറച്ച് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

- **കഴിഞ്ഞ സാമ്പത്തിക വർഷം ആവിഷ്കരിച്ച മറ്റു വായ്പകൾ**
  - ✓ **KB - സഹകരണമിത്ര**

    പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനക്കാരുടെ ന്യായമായ ഏത് ആവശ്യത്തിനും KB - സഹകരണമിത്ര എന്ന പേരിൽ പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നുണ്ട്.
  - ✓ **KB - LAPTOP/TABLET**

    ബാങ്കിന്റെ നിലവിലുള്ള ഉപഭോക്താക്കൾക്ക് അവരുടെ മക്കളുടെ പഠനാവശ്യത്തിനായി ബ്രാന്റഡ് ലാപ് ടോപ്പ്, കമ്പ്യൂട്ടർ, ടാബ് എന്നിവ വാങ്ങുന്നതിന് KB - LAPTOP/TABLET വായ്പ പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നുണ്ട്.
  - ✓ **KB - PERSONAL LOAN TO HEAD LOAD WORKERS**

    കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ വിവിധ മേഖലയിൽ ജോലി ചെയ്യുന്ന ചുമട്ടു തൊഴിലാളികൾക്ക് പരസ്പര ജാമ്യത്തിൽ ന്യായമായ ആവശ്യങ്ങൾക്ക് പരമാവധി ഒരാൾക്ക് 3 ലക്ഷം രൂപ വരെ 11.50% പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം 14.82 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.
  - ✓ **KB - SARAL**

    അംഗീകൃത സംഘടനകൾ, ക്ഷേമ ബോർഡുകൾ, പ്ലാന്റേഷൻ കോർപ്പറേഷനുകൾ, എസ്റ്റേറ്റുകൾ ഇവയുടെ കീഴിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾക്ക് KB - SARAL എന്ന പേരിൽ പരമാവധി 2 ലക്ഷം രൂപ വരെ 11.50% പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം 61.59 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.
  - ✓ **KB - SKILL LOAN - ASAP**

    സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് 1 ലക്ഷം രൂപ വരെ 10.50% പലിശ നിരക്കിൽ KB - SKILL LOAN - ASAP പ്രകാരം വായ്പാ സൗകര്യം ലഭ്യമാക്കുന്നു.
  - ✓ **KB - SMART**

    സർക്കാരിന്റെ 'ഒരു വർഷം ഒരു ലക്ഷം MSME' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഉല്പാദന-സേവന - വ്യാപാര മേഖലയിലെ 'ഉദ്യം' രജിസ്ട്രേഷനുള്ള പുതിയതും നിലവിലുള്ളതുമായ എല്ലാ സംരംഭകർക്കും

വേണ്ടി 9.25% പലിശ നിരക്കിൽ KB - SMART പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

- ✓ **വനിതകൾക്ക് 2 പുതിയ വായ്പാ പദ്ധതികൾ**
  - ✓ **ഷീ ടു വീലർ വായ്പ (ഇലക്ട്രിക് ഉൾപ്പെടെ**

    സ്ത്രീകൾക്ക് സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി വനിത ദിനത്തോട് അനുബന്ധിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച ഇരുചക്ര വാഹന വായ്പയാണ് ഷീ ടു വീലർ. കുടുംബശ്രീ അംഗങ്ങൾ, വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, കുടുംബിനികൾ തുടങ്ങി എല്ലാ വനിതകൾക്കും വായ്പയുടെ പ്രയോജനം ലഭ്യമാണ്. 18 മുതൽ 65 വയസുവരെ പ്രായമുള്ള വനിതകൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു.
  - ✓ **KB - വനിത പ്ലസ് ബിസിനസ് വായ്പ**

    സ്ത്രീകളുടെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത വനിതകളിലൂടെ ഉറപ്പാക്കുന്നതിനുമായി വനിതാ ദിനത്തിൽ ആവിഷ്കരിച്ച വായ്പയാണ് കെ.ബി. വനിത പ്ലസ് ബിസിനസ് വായ്പ. കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വനിതകൾക്കും ലളിത വ്യവസ്ഥകളോടെ വായ്പ ലഭ്യമാണ്. 18 മുതൽ 65 വയസുവരെ പ്രായമുള്ള വനിതകൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു.

- ➢ **ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെ**

കേരളത്തിലെ സാധാരണക്കാരായ എല്ലാ ഉപഭോക്താക്കൾക്കും ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സൗകര്യങ്ങൾ ഉറപ്പുനൽകുന്നതിനായി രണ്ട് പുതിയ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയിട്ടുണ്ട്.

1. **KB പ്രൈം പ്ലസ്**:- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിന്.
2. **KB പ്രൈം**:- വ്യക്തിഗത ഉപഭോക്താക്കൾക്കായുള്ളത്(Retail Mobile Banking Application)

**സേവനങ്ങൾ**

- ✓ Online Payment, e-Commerce തുടങ്ങിയ സൗകര്യങ്ങൾ.
- ✓ Google Pay പോലുള്ള മൊബൈൽ നമ്പർ ഉപയോഗിച്ചുള്ള ഫണ്ട് ട്രാൻസ്ഫർ നൽകുന്ന UPI സംവിധാനം ഈ ആപ്പ് വഴി ലഭിക്കുന്നു.

- ✓ IMPS, NEFT, BBPS (Bill Payment) മൊബൈൽ പാസ് ബുക്ക് സംവിധാനം തുടങ്ങിയുള്ള സൗകര്യങ്ങൾ ഉറപ്പ നൽകുന്നു.
- ✓ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ, സ്കോളർഷിപ്പ്, പി.എം. കിസാൻ തുടങ്ങിയ Direct Benefit Transfer ആനുകൂല്യങ്ങൾ ഉപഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്നു.
- ✓ സർക്കാർ അനുവദിക്കുന്ന സബ്സിഡികൾ ലഭിക്കുന്നതിന് PFMS സേവനങ്ങൾ ലഭിക്കുന്നു.
- ✓ വ്യക്തിഗത കച്ചവടക്കാർക്കും, സ്ഥാപനങ്ങൾക്കും ഉപയോഗപ്പെടുത്താവുന്ന സൗകര്യങ്ങൾ KB പ്രൈം പ്ലസ് നൽകുന്നു.

കോർ-ബാങ്കിംഗ് അനുബന്ധ സേവനങ്ങൾ പൂർണ്ണമായി നടപ്പാക്കുന്നതോടെ കേരള ബാങ്കിന്റെയും പ്രാഥമിക സ്ഥാപന ബാങ്കുകളുടെ ശാഖകളെയും പരസ്പരം ഇന്റർഫേസ് വഴി ബന്ധിപ്പിക്കുകയും അതുവഴി ഒരു ബൃഹത്തായ നെറ്റ് വർക്ക് രൂപപ്പെടുത്തുകയും ചെയ്യാനാവും. ഇത് പൂർത്തിയാവുന്നതോടെ കേരളത്തിലെ ഗ്രാമ ഗ്രാമാന്തരങ്ങളിലുള്ള പ്രാഥമിക സഹകരണ ബാങ്കുകളിൽ അംഗങ്ങളായ സാധാരണക്കാരായ കർഷകർക്കും തൊഴിലാളികൾക്കും ഏറ്റവും ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ഏറ്റവും ചെലവ് കുറച്ച് അവരുടെ വിരൽ തുമ്പിൽ ലഭ്യമാക്കും.

**<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്</u>**

1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ അന്ന് പ്രവർത്തിച്ചിരുന്ന സംസ്ഥാനത്തെ ഭൂപണയ ബാങ്കുകളെ അംഗങ്ങളാക്കി കേരള സ്റ്റേറ്റ് സെൻട്രൽ ലാന്റ് മോർട്ട്ഗേജ് ബാങ്ക് രൂപീകരിച്ചു. തുടർന്ന് 1984 ൽ നിലവിൽ വന്ന Kerala Land Mortgage Bank ആക്ട് പ്രകാരമാണ് ഇന്നത്തെ സംസ്ഥാന കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് തിരുവനന്തപുരം ആസ്ഥാനമായി രൂപീകൃതമായത്.

നബാർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി സർക്കുലറുകളിലൂടെയും ഉത്തരവുകളിലൂടെയും നിബന്ധനകളിലെ ഭേദഗതികൾ അംഗീകരിച്ചു നൽകൽ, ബ്രാഞ്ചുകൾ അനുവദിക്കൽ തുടങ്ങിയ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്തുവരുന്നു.

| 2022-23 വർഷത്തെ വിശദാംശം | |
|---|---|
| | (തുക ലക്ഷത്തിൽ) |
| ഓഹരി മൂലധനം | 23161.06 |
| നിക്ഷേപം | 43843.44 |
| കരുതൽ ധനം | 19241.08 |
| നബാർഡ് ലോൺ/ഡിബഞ്ചർ വായ്പ | 627203.24 |
| നിക്ഷേപ കുടിശ്ശിക | 39613.71 |
| വായ്പാ കുടിശ്ശിക | 783396.77 |
| മൊത്ത ലാഭം | 3446.19 |

**<u>റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ്സ് ഓഫ് കേരള ലിമിറ്റഡ് (റെയ്ഡ്കോ)</u>**

റെയ്ഡ്കോ എന്ന പേരിൽ അറിയപ്പെടുന്ന ഈ സഹകരണ സംഘം 1972 -ൽ ഒരു ജില്ലാതല സഹകരണ സംഘമായാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ആരംഭത്തിൽ ഇതിന്റെ പ്രവർത്തന മേഖല കണ്ണൂർ ജില്ല മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. പിന്നീട് മറ്റ് 6 ജില്ലകളിലേക്കും തുടർന്ന് സംസ്ഥാനമാകെയും പ്രവർത്തന മേഖല വ്യാപിക്കുകയും അങ്ങനെ റെയ്ഡ്കോ ഒരു ഫെഡറൽ സഹകരണ സംഘമായി മാറുകയും ചെയ്തു.

ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ട് താങ്ങാവുന്ന ചെലവിൽ കാർഷിക വൃത്തിക്കാവശ്യമായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും നിർമ്മിക്കുകയും അവ ലഭ്യമാക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുക എന്നതാണ് റെയ്ഡ്കോയുടെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലുമായി 32 ബ്രാഞ്ചുകളും 4 ഉല്പാദക യൂണിറ്റുകളും ആന്റമാനിലെ പോർട്ട് ബ്ലെയറിൽ ഒരു അഗ്രോ മെഷിനറി യൂണിറ്റും പ്രവർത്തിക്കുന്നു.

NCDC യിൽ നിന്നും ലഭിച്ച പ്രോജക്ട് ലോണിന്റെ ഭാഗമായി 14 ബ്രാഞ്ചുകൾ അഗ്രി ക്ലിനിക്കുകളായും 18-ബ്രാഞ്ചുകൾ അഗ്രോ ബസാറുകളായും മാറ്റിയിട്ടുണ്ട്. മിനി അഗ്രോ ബസാറുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2022-23 വർഷത്തെ ആകെ വ്യാപാരം 190 കോടി രൂപയാണ്. പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത് റിപ്പോർട്ട് വർഷം 120 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ്. പലിശ ഇനത്തിലുള്ള വർദ്ധിച്ച ബാധ്യതയാണ് വ്യാപാരം നല്ല രീതിയിൽ വർദ്ധിച്ചിട്ടും നഷ്ടത്തിന് കാരണമായത്. റെയ്ഡ്കോയുടെ അംഗീകൃത മൂലധനം 100 കോടി രൂപയാണ്. 31.03.2023 ലെ ജീവനക്കാരുടെ എണ്ണം 124 ആണ്.

**<u>കേരളാ സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റബ്കോ)</u>**

1997 ജൂൺ 9 -ന് രജിസ്റ്റർ ചെയ്ത് ജൂലൈ 13 -ന് പ്രവർത്തനം ആരംഭിച്ച റബ്കോയുടെ ആസ്ഥാനം കണ്ണൂർ ആണ്. റബ്കോയുടെ പ്രവർത്തന മേഖല സംസ്ഥാനമൊട്ടാകെയാണ്. റബ്ബറും റബ്ബർത്തടിയും ഉപയോഗിച്ചുള്ള വ്യവസായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ് റബ്കോയുടെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം കാർഷിക മേഖലയിലെ പൊതുനില പരിഗണിച്ചുകൊണ്ടും കേര കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും റബ്കോ നാളികേര അധിഷ്ഠിതമായ വ്യവസായ പദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. സ്ഥാപനത്തിന്റെ അംഗീകൃത മൂലധനം 600 കോടി രൂപയാണ്. അടച്ചു തീർത്ത ഓഹരി മൂലധനം 693.3 കോടി രൂപയാണ്. നിലവിൽ

413 എ ക്ലാസ് അംഗങ്ങളാണുള്ളത്. 2022-23 കാലയളവിൽ 1010.13 ലക്ഷം രൂപയുടെ അറ്റനഷ്ടത്തിലാണ്.

**<u>പ്രധാന വ്യവസായ പദ്ധതികൾ</u>**

1. **<u>ഹവായ് ചപ്പൽ ഫാക്ടറി</u>**

   കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലാണ് ഹവായ് ചപ്പൽ ഫാക്ടറി സ്ഥിതി ചെയ്യുന്നത്. കേരളമാണ് ഹവായ് ചപ്പലുകളുടെ പ്രധാന വിപണി. ഇതിനുപുറമെ ഗൾഫ് രാജ്യങ്ങളിലേയ്ക്കും കയറ്റുമതി ചെയ്യുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 192.40 ലക്ഷം രൂപയുടെ വിപണനം നടത്തിയിട്ടുണ്ട്.

2. **<u>റബ്ബറൈസ്ഡ് കൊയർ മാട്രസ് ഫാക്ടറി</u>**

   റബ്കോയുടെ ഏറ്റവും പ്രശസ്തിയുള്ള ഉല്പന്നമാണ് റബ്ബറൈസ്ഡ് കൊയർ മാട്രസ്. കോട്ടയം ജില്ലയിലെ പാമ്പാടിയിലാണ് ടി ഫാക്ടറി സ്ഥാപിച്ചിരിക്കുന്നത്. 2022 -23 സാമ്പത്തിക വർഷത്തിൽ 3413.26 ലക്ഷം രൂപയുടെ വില്പന നടത്തിയിട്ടുണ്ട്.

3. **<u>സ്പ്രിംഗ് മെത്തകൾ</u>**

   ഉപഭോക്താക്കളുടെ ആവശ്യം മനസിലാക്കി റബ്കോ പുറത്തിറക്കിയ ഉല്പന്നമായ സ്പ്രിംഗ് മാട്രസുകൾ സ്വീകാര്യത ലഭിച്ചുവരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരത്താണ് സ്പ്രിംഗ് മെത്തകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 2022-23 വർഷത്ത് 421.39 ലക്ഷം രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്.

4. **<u>തലയണ നിർമ്മാണം</u>**

   തലയണകൾ നിർമ്മിക്കുന്ന സംരംഭം കൂത്തുപറമ്പിൽ പ്രവർത്തിച്ചു വരുന്നു. ഒരു ഷിഫ്റ്റിൽ 850 തലയണകൾ ഇവിടെ നിർമ്മിക്കുന്നു.

5. **<u>റബ്ബർത്തടി സംസ്കരണ ഫർണിച്ചർ നിർമ്മാണ ഫാക്ടറി</u>**

   റബർ തടി ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് തലശ്ശേരിയിലെ ചോനാടിനടുത്തുള്ള റബ്കോ ഹവാർട്ട് വുഡ്സ് ഫാക്ടറിയിലാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 3413.26 ലക്ഷം രൂപയുടെ വില്പന നടത്തിയിട്ടുണ്ട്.

6. **<u>റൂഫാസ്</u>**

   ചെറുകിട റബ്ബർ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി 2002 ൽ ആരംഭിച്ച റൂഫാസ് പ്രോജക്ട് വഴി റബ്ബർ കർഷകരിൽ നിന്ന് നേരിട്ടും റബ്ബർ കർഷക ക്ലബ്ബുകൾ വഴിയും റബ്ബർ പാൽ ശേഖരിച്ച് വിവിധ സ്ഥാപനങ്ങൾ പ്രിസേർവ്ഡ് ഫീൽഡ് ലാറ്റക്സ് വിപണനം ചെയ്യുന്നു. 2022-23 കാലയളവിൽ 519.08 ലക്ഷം രൂപയുടെ വില്പന നടത്തിയിട്ടുണ്ട്.

7. **<u>കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്</u>**

ഇൻഡ്യയിലെ ഒരു വൻകിട ടയർ കമ്പനിക്കു വേണ്ടി റബ്ബർ കോമ്പൗണ്ടുകൾ മിക്സ് ചെയ്യുന്നതിനുള്ള കരാറിലേർപ്പെട്ട് പ്രവർത്തിക്കുന്ന കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റിന്റെ ഈ സാമ്പത്തിക വർഷത്തിലെ വരുമാനം 286.35 ലക്ഷം രൂപയാണ്.

8. **<u>വെർജിൻ കോക്കനട്ട് ഓയിൽ</u>**

ആസ്ട്രേലിയൻ കമ്പനിയായ കോക്കനട്ട് പസഫിക് ലിമിറ്റഡിന്റെ ഡയറക്ട് മൈക്രോ എക്സ്പെല്ലർ ടെക്നോളജി ഉപയോഗിച്ച് പച്ചതേങ്ങയിൽ നിന്നും നേരിട്ട് വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിക്കുന്ന പദ്ധതിയാണിത്. 2022-23 വർഷത്തിൽ 282.30 ലക്ഷം രൂപയുടെ വില്പന കൈവരിച്ചു.

**<u>കേരളാ സ്റ്റേറ്റ് ഇന്റഗ്രേറ്റഡ് മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് ക്ലിപ്തം. 4445 (KIMPCO)</u>**

സംസ്ഥാന സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ രണ്ട് പ്രദേശങ്ങളിലും കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിലും കപ്പ കൃഷിയും ഉപഉല്പന്നങ്ങളായി ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു.

പുതിയ കാലഘട്ടത്തിൽ ജൈവ കാർഷിക ഉൽപ്പന്നത്തിന്റെ ഉൽപ്പാദനവും സംഭരണവും വിപണനവും അനുവാര്യമാണെന്ന സന്ദേശം കർഷകരിൽ നിന്നുണ്ടായി. മേൽ ലക്ഷ്യങ്ങളോട് രൂപീകരിക്കപ്പെട്ട കേരള എക്യുപ് ഇന്റർഗ്രേറ്റഡ് മാർക്കറ്റിംഗ് & പ്രൊസസിംഗ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രഖ്യാപിത ലക്ഷ്യം യാഥാർത്ഥ്യമാകുംവിധം സംഘത്തിന്റെ നേതൃത്വത്തിൽ ജൈവഗൃഹം എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു.

സംഘത്തിൽ വിപുലമായ രീതിയിൽ ഓഹരി സംഖ്യ സ്വീകരിക്കുന്നതിന് ത്രൈമാസ പരിപാടി എന്ന നിലയിൽ മെമ്പർഷിപ്പ് മാസാചരണം ആരംഭിച്ചിട്ടുണ്ട്. സർക്കാർ അനുമതിയോടെ പ്രൈമറി സംഘങ്ങളിൽ നിന്നും 'B'-class RCS/5544/2023-MP(1) 1/289125/2023 ഓഹരിയും വ്യക്തികളിൽ നിന്ന് 'A'-class ഓഹരിയും പരമാവധി സംഘടിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം 10,70,000/- രൂപയാണ്. തൻവർഷത്തെ ലാഭം 0.21 ലക്ഷം രൂപയാണ്.

**<u>കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് & പാരന്റ്സ് വെൽഫെയർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. 4495</u>**

കേരള സംസ്ഥാനത്തെ ഭിന്നശേഷിക്കാരായിട്ടുള്ളവരുടെ ക്ഷേമം മുൻനിർത്തി അവർക്കിടയിൽ സഹകരണ മനോഭാവവും സ്വാശ്രയശീലവും സമ്പാദ്യശീലവും മിതവ്യയശീലവും പരിപോഷിപ്പിക്കുക, ഭിന്നശേഷിക്കാരുടെയും അവരുടെ

മാതാപിതാക്കളുടെയും ക്ഷേമത്തിനായി പുനരധിവാസ പദ്ധതികൾ, ചികിൽസാ സഹായ പദ്ധതികൾ, തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന പദ്ധതികൾ, വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതികൾ, ഓട്ടിസം ബാധിച്ചവർക്കായുള്ള മറ്റ് പദ്ധതികൾ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കിക്കൊണ്ട് ഭിന്നശേഷിക്കാരും അവരുടെ മാതാപിതാക്കളും അംഗങ്ങളായിക്കൊണ്ട് 04.12.2017 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് & പാരന്റ്സ് വെൽഫെയർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. സംഘത്തിന്റെ ആസ്ഥാനം തിരുവനന്തപുരം തൈക്കാട് ആണ്. സ്ഥാപനത്തിൽ താത്കാലികമായി 3 ജീവനക്കാർ പ്രവർത്തിക്കുന്നു. KSDACS ൽ ആകെ 2082 അംഗങ്ങളാണുള്ളത്. 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന മൂലധനം 8 ലക്ഷം രൂപയാണ്.

**ട്രാൻസ്ജെന്റേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. 4498**

ട്രാൻസ്ജെന്റേഴ്സുകളുടെ ക്ഷേമത്തിനായി തിരുവനന്തപുരം ആസ്ഥാനമായി സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയുള്ള സഹകരണ സംഘമാണ് ട്രാൻസ്ജെന്റേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

**കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ലി. നം. 4499**

പ്രവാസികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി തിരുവനന്തപുരം ആസ്ഥാനമാക്കി കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ലി. നം. 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. നിലവിൽ 241 എ ക്ലാസ് അംഗങ്ങളും 41 ബി അംഗങ്ങളുമാണുള്ളത്. ആകെ അടച്ച തീർത്ത ഓഹരി മൂലധനം 21.89 ലക്ഷം രൂപയും പ്രവർത്തന മൂലധനം 19.88 ലക്ഷം രൂപയുമാണ്. തൻവർഷത്തെ നഷ്ടം 4.18 ലക്ഷം രൂപയും അറ്റനഷ്ടം 10.67 ലക്ഷം രൂപയുമാണ്.

**നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ മാർക്കറ്റിംഗ് സൊസൈറ്റി (എൻ.എം.ഡി.സി)**

കോഴിക്കോട് ആസ്ഥാനമായി 1936 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സഹകരണ സ്ഥാപനമാണ് നോർത്ത് മലബാർ കോ-ഓപ്പറേറ്റീവ് സപ്ലൈ മാർക്കറ്റിംഗ് സൊസൈറ്റി. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളാണ് പ്രവർത്തന പരിധി. കൊപ്ര വാങ്ങി വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. നാഫെഡ്, കേരഫെഡ് തുടങ്ങിയ ഏജൻസികൾക്ക് വേണ്ടി സംഭരണം നടത്തുന്നു. വിവിധ ജില്ലകളിലെ അംഗൻവാടികൾ, ജയിലുകൾ, ട്രൈബൽ ഹോസ്റ്റലുകൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെല്ലാം ആവശ്യമായ സാധനങ്ങൾ വിതരണം നടത്തിവരുന്നു. 2023 മാർച്ച് മാസത്തിലെ സർക്കാർ ഓഹരി മൂലധനം 29.73 ലക്ഷം രൂപയും അടച്ചുതീർത്ത

ഓഹരി മൂലധനം 50.54 ലക്ഷം രൂപയുമാണ്. സ്ഥാപനത്തിന്റെ ഓഹരി മൂലധനം 68.14 ലക്ഷം രൂപയാണ്. 586.26 ലക്ഷം രൂപ അറ്റനഷ്ടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

## വകുപ്പിൻ കീഴിലുള്ള വിവിധ ബോർഡുകൾ

### സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്

1969 ലെ കേരള സംസ്ഥാന സഹകരണ നിയമം ഭേദഗതി ചെയ്ത് സെക്ഷൻ 80 എ ഉൾപ്പെടുത്തിയാണ് സംസ്ഥാന സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. 14.03.1995 ലെ ജി.ഒ.(പി)44/95/സഹ. നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് രൂപീകരിച്ചു.

പെൻഷൻ ഫണ്ടിന്റെ കൈകാര്യവും നടത്തിപ്പ് ചുമതലയും സഹകരണ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെടുന്ന 15 അംഗ ഭരണ സമിതിയാണ്. ഭരണ സമിതിയിലെ ഒരംഗത്തെ ഗവൺമെന്റ് ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു. 26.02.2021 ലെ സർക്കാരിന്റെ സ.ഉ.(സാധാ) 176/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം 01.03.2021 ന് താഴെ വിവരിക്കും പ്രകാരമുള്ള കുറഞ്ഞ പെൻഷൻ/പരമാവധി പെൻഷൻ നിലവിൽ വന്നു.

| | PACS | DCB/SCB | OTHER SOCIETY |
|---|---|---|---|
| Minimum Pension | Rs. 3600/- | Rs. 3600/- | Rs. 3600/- |
| Family Pension | Rs. 2500/- | Rs. 2500/- | Rs. 2500/- |
| Maximum Pension | Rs. 17850/- | Rs. 26180/- | 2% of total pension fund remitted |
| Aswas Pension | Rs. 1500/- | Rs. 1500/- | Rs. 1500/- |
| Medical Allowances | Rs. 500/- | Rs. 500/- | Rs. 300/- |
| Family Pension | Rs. 250/- | Rs. 250/- | Rs. 150/- |

a. **കേരള സംസ്ഥാന സഹകരണ ബാങ്ക് / ജില്ലാ സഹകരണ ബാങ്കുകൾ**

പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ബാങ്കുകളുടെയും ജീവനക്കാരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| | ബാങ്കുകളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 31.03.2023 ലെ ബാങ്കുകളുടെയും ജീവനക്കാരുടെയും എണ്ണം | 15 | 11311 |

- ✓ 31.03.2023 വരെ അനുവദിച്ച പെൻഷന്റെ എണ്ണം – 4116
- ✓ 31.03.2023 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം – 93
- ✓ 31.03.2023 വരെയുള്ള നിക്ഷേപം – 431.63 കോടി
- ✓ 31.03.2023 ൽ പെൻഷൻ ഫണ്ട് ശേഖരിച്ചത് – 710.65 കോടി
- ✓ 31.03.2023 വരെ വിതരണം ചെയ്ത പെൻഷൻ – 580.64 കോടി

b. **<u>പ്രാഥമിക സഹകരണ സംഘങ്ങൾ</u>**

| | **പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണം** | **ജീവനക്കാരുടെ എണ്ണം** |
|---|---|---|
| 31.03.2023-ലെ സംഘങ്ങളുടെയും ജീവനക്കാരുടെയും എണ്ണം | 4899 | 67886 |

- ✓ 31.03.2023 വരെ അനുവദിച്ച പെൻഷന്റെ എണ്ണം - 19449
- ✓ 31.03.2023 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം - 97
- ✓ 31.03.2023 വരെയുള്ള നിക്ഷേപം - 1002.52 കോടി
- ✓ 31.03.2023 ൽ പെൻഷൻ ഫണ്ട് ശേഖരിച്ചത് - 2454.88 കോടി
- ✓ 31.03.2023 വരെ വിതരണം ചെയ്ത പെൻഷൻ - 2145.37 കോടി

c. **<u>ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ</u>**

| | **സംഘങ്ങളുടെ എണ്ണം** | **ജീവനക്കാരുടെ എണ്ണം** |
|---|---|---|
| 31.03.2023-ലെ സംഘങ്ങളുടെയും ജീവനക്കാരുടെയും എണ്ണം | 1881 | 4714 |

- ✓ 31.03.2023 വരെ അനുവദിച്ച പെൻഷന്റെ എണ്ണം - 952
- ✓ 31.03.2023 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം - 5
- ✓ 31.03.2023 വരെയുള്ള നിക്ഷേപം - 82.83 കോടി
- ✓ 31.03.2023 ൽ പെൻഷൻ ഫണ്ട് ശേഖരിച്ചത് - 86.95 കോടി
- ✓ 31.03.2023 വരെ വിതരണം ചെയ്ത പെൻഷൻ - 34.40 കോടി

**<u>കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്</u>**

കേരള സർക്കാരിന്റെ 30.09.1986 -ലെ ജി.ഒ.(ആർ.റ്റി.) 383/86 (സഹകരണം) നമ്പർ ഉത്തരവ് പ്രകാരം 01.04.1986 മുതൽ പ്രാബല്യത്തിൽ കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് പ്രവർത്തനം ആരംഭിച്ചു. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആണ്. വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡീഷണൽ രജിസ്ട്രാർ ക്ഷേമ ബോർഡിൽ സെക്രട്ടറി - ട്രഷറർ ആയി സേവനം അനുഷ്ഠിക്കുന്നു. വകുപ്പിൽ നിന്നുതന്നെ അസിസ്റ്റന്റ് രജിസ്ട്രാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ക്ഷേമ ബോർഡിന്റെ ഹെഡ് ആഫീസിൽ മാനേജരായി പ്രവർത്തിക്കുന്നു. ഇതിനുപുറമെ 14 റീജിയണൽ ആഫീസുകളും പ്രവർത്തിക്കുന്നു. റീജിയണൽ ആഫീസുകളുടെ ചുമതല സീനിയർ സൂപ്രണ്ട്/റീജിയണൽ മാനേജർമാർക്കാണ്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങളാണ് ബോർഡ് ആരംഭ ദശയിൽ നടത്തി വന്നിരുന്നത്. മറ്റു വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന കൈത്തറി, കയർ, ക്ഷീരം, മത്സ്യം, ഖാദി - ഗ്രാമ വ്യവസായം, മറ്റ് വ്യവസായങ്ങൾ എന്നീ

മേഖലകളിലെ ജീവനക്കാരെ 1.11.1996 മുതലും കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ 01.02.2001 മുതലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ബോർഡുകളിലെയും ജീവനക്കാരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി.

**അംഗത്വം**

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാർ | പ്രാരംഭം മുതൽ 31.03.2022 വരെ ചേർന്നത് | 2022-2023 വർഷം ചേർന്നത് | ആകെ | പിരിഞ്ഞു പോയവർ | മരണപ്പെട്ടവർ | 31.03.2023 -ന് നിലവിലുള്ളവർ |
|---|---|---|---|---|---|---|
| ആകെ ജീവനക്കാർ | 107242 | 4742 | 111984 | 33836 | 2358 | 75790 |

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന 5733 സംഘങ്ങളും ഇതര വകുപ്പുകളുടെ നിയന്ത്രണത്തിൽ വരുന്ന 2444 സംഘങ്ങളും ഉൾപ്പെടെ ആകെ 8177 അംഗ സംഘങ്ങളിൽ നിന്നാണ് ജീവനക്കാർ ചേർന്നിട്ടുള്ളത്.

വെൽഫെയർ ബോർഡിൽ തൻവർഷം (2022-23) ആകെ 4742 സഹകരണ സംഘം ജീവനക്കാർ പുതുതായി അംഗങ്ങളായി ചേർന്നിട്ടുണ്ട്. 31.03.2023 വരെ ആകെ 111984 ജീവനക്കാർ അംഗങ്ങളായി ചേർന്നിട്ടുള്ളതിൽ 33836 പേർ സർവ്വീസിൽ നിന്ന് പിരിഞ്ഞുപോയി. 2358 പേർ സർവ്വീസിലിരിക്കെ മരണപ്പെട്ടു. ബാക്കി 75790 ജീവനക്കാർ നിലവിൽ അംഗങ്ങളായി തുടരുന്നു.

**ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾ**

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ നോമിനിയ്ക്ക് മരണാനന്തര ധനസഹായം, ജീവനക്കാർക്കും ജീവനക്കാരുടെ ആശ്രിതർക്കും ചികിത്സാ ധനസഹായം, സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ വെൽഫെയർ ബോർഡിൽ അടച്ച ക്ഷേമ ബോർഡ് വിഹിതവും ആയതിന്റെ 10% ഇൻസെന്റീവും കൂടി തിരികെ നൽകൽ, അംഗങ്ങളുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു.

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം സ്ഥിരം ജീവനക്കാർക്കും, കമ്മീഷൻ ഏജന്റുമാർക്കും നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ വ്യത്യസ്തമായിരുന്നു. രണ്ട് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും വെൽഫെയർ ബോർഡിൽ അടയ്ക്കുന്ന വിഹിതം ഒരേ തുകയാണെങ്കിലും റഗുലർ ജീവനക്കാരെ അപേക്ഷിച്ച് കമ്മീഷൻ ഏജന്റുമാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വളരെ കുറവായിരുന്നു. സർക്കാരിന്റെ

15.01.2013-ലെ ഉത്തരവ് പ്രകാരം പ്രസ്തുത അന്തരം ഇല്ലാതാക്കി ടി രണ്ട് വിഭാഗങ്ങൾക്കും തുല്യ ആനുകൂല്യങ്ങൾ നൽകി വരുന്നു.

**എ. <u>മരണാനന്തര ധനസഹായം</u>**

സേവനത്തിലിരിക്കെ മരണമടയുന്ന സഹകരണ സംഘം ജീവനക്കാരുടെ നിയമാനുസൃത അവകാശിക്ക് 04.08.2017 മുതൽ 2,50,000/- രൂപ മരണാനന്തര ധനസഹായം നൽകുന്നു.

**<u>ബി. ചികിത്സാ ധനസഹായം</u>**

ക്യാൻസർ ചികിത്സ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക നീക്കം ചെയ്യൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ ശസ്ത്രക്രിയ (കരൾ ദാനം ചെയ്യുന്നതിന് നടത്തുന്ന ശസ്ത്രക്രിയ ഉൾപ്പെടെ), മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കണ്ണ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്ക് ചികിത്സാ ധനസഹായമായി വെൽഫെയർ ബോർഡ് അംഗങ്ങളായ ജീവനക്കാർക്ക് 1,25,000/- രൂപ നൽകുന്നു. കാഴ്ച ശക്തി നഷ്ടപ്പെടുക, തളർവാതം പിടിപെട്ട് ജോലി ചെയ്യാൻ കഴിയാതാവുക, അപകടം മൂലം 40% അംഗവൈകല്യം വരിക, ബ്രെയിൻ ട്യൂമർ, എപ്പിലെപ്സി, മെനിഞ്ചൈറ്റിസ്, തലച്ചോറിനേയും സുഷുമ്നാകാണ്ഡത്തേയും ബാധിക്കുന്ന മാരക രോഗങ്ങൾ, ജോയിന്റ് റീപ്ലെയ്സ്മെന്റ് ശസ്ത്രക്രിയ എന്നിവയ്ക്ക് ചികിത്സാ ധനസഹായമായി ജീവനക്കാർക്ക് 75,000/- രൂപയും ആശ്രിതരുടെ ചികിത്സയ്ക്ക് ധനസഹായമായി 40,000/- രൂപയും നൽകുന്നു. മേൽപ്പറഞ്ഞ രണ്ട് വിഭാഗത്തിൽപ്പെടുന്ന ചികിത്സകൾക്കു പുറമെ ഹൃദയ സംബന്ധമായ അസുഖം (ഹൃദയ ശസ്ത്രക്രിയ ഒഴികെ), യൂട്രസ് റിമൂവൽ, തൈറോയിഡ് ഓപ്പറേഷൻ, ലിവർ സിറോസിസ്, കിഡ്നി സംബന്ധമായ ചികിത്സ (കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഒഴികെ), ഹെർണിയ ഓപ്പറേഷൻ എന്നിവയ്ക്ക് 25,000/- രൂപയും, ആസ്ത്മ, ക്ഷയരോഗം, ചിക്കൻഗുനിയ, H1N1 ഡെങ്കിപ്പനി, എലിപ്പനി, വെരിക്കോസ് വെയിൻ ഓപ്പറേഷൻ എന്നിവയ്ക്ക് 15,000- രൂപയും അംഗങ്ങളായ ജീവനക്കാരുടെ ചികിത്സയ്ക്ക് നൽകിവരുന്നു.

**<u>സി. സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുന്ന അവസരത്തിൽ തുക</u>**

സർവ്വീസിൽ നിന്നും വിരമിക്കുകയോ ജോലി രാജിവച്ച് പോകുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ ബോർഡിലേയ്ക്ക് അടച്ച തുകയും സംഘത്തിന്റെ വിഹിതവും ഉൾപ്പെടെയുള്ള തുക തിരികെ നൽകുന്നു. 04.08.2017 മുതൽ പ്രസ്തുത തുകയ്ക്ക് 10% ഇൻസെന്റീവ് കൂടി നൽകുന്നു.

**<u>ഡി. ക്യാഷ് അവാർഡ്</u>**

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ്-ടു (സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.ഇ എന്നീ സിലബസുകൾ ഉൾപ്പെടെ), വി.എച്ച്.എസ്.ഇ, എച്ച്.ഡി.സി & ബി.എം, ജെ.ഡി.സി

പരീക്ഷകളിൽ പ്രശസ്ത വിജയം നേടുന്നവർക്ക് 10,000/- രൂപ വീതം ക്യാഷ് അവാർഡുകൾ നൽകുന്നു. കൂടാതെ 2013-14 അദ്ധ്യയന വർഷം മുതൽ B.tech, M.tech, BSc -നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്ക് 15,000/- രൂപയും, MBBS, BDS, BAMS, BHMS, MS, MD, MDS കോഴ്സുകൾക്ക് ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്ക് 25,000/- രൂപയും, സെക്കന്ററി/ഹയർ സെക്കന്ററി തലത്തിൽ സംസ്ഥാനതല സ്കൂൾ കലോത്സവത്തിൽ 'A' ഗ്രേഡ് ലഭിക്കുന്നവർക്ക് 5,000/- രൂപ വീതവും ക്യാഷ് അവാർഡ് നൽകിവരുന്നു. കായിക രംഗത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിലും, ദേശീയതലത്തിലും കോളേജ് വിദ്യാർത്ഥികൾക്ക് ഇന്റർ യൂണിവേഴ്സിറ്റി തലത്തിലും മികവ് പുലർത്തുന്നവർക്ക് 5,000/- രൂപയുടെ ക്യാഷ് അവാർഡും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിന്നും തൻവർഷം (01.04.2022) മുതൽ 31.03.2023 വരെ) നൽകിയ ധനസഹായങ്ങൾ, അംഗങ്ങളിൽ നിന്നും സംഘം കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമബോർഡ് വിഹിതം) എന്നിവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധന സഹായം | | ചികിത്സാ സഹായം | | പിരിഞ്ഞുപോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ഓണം റിലീഫ് | | ആകെ ചെലവ് | ക്ഷേമ ബോർഡ് വിഹിതം (വരവ്) |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | അടച്ച തുക | ഇൻസെന്റീവ് | എണ്ണം | തുക | എണ്ണം | തുക | | |
| 101 | 25250000 | 587 | 36055000 | 2068 | 64585530 | 6292701 | 2601 | 26341000 | 179 | 537000 | 159061231 | 190736935 |

## കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് പ്രാരംഭം മുതൽ 31.03.2023 വരെ ആകെ നൽകിയ ധനസഹായം, അംഗങ്ങളിൽ നിന്നും സംഘം വിഹിതം ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമ ബോർഡ് വിഹിതം), നിക്ഷേപങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധന സഹായം | | ചികിത്സാ സഹായം | | പിരിഞ്ഞു പോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ഓണം റിലീഫ് | | കോവിഡ് റിലീഫ് | | ആകെ ചെലവ് | ക്ഷേമ ബോർഡ് വിഹിതം (വരവ്) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | അടച്ച തുക | ഇൻസെന്റീവ് | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | തുക | തുക |
| 2353 | 257591000 | 5135 | 240819948 | 33879 | 548401691.25 | 31475727 | 14458 | 140549250 | 179 | 537000 | 133 | 332500 | 1219707116.25 | 2151512843.50 |

| നിക്ഷേപങ്ങൾ (31.03.2023 -ൽ) | | |
|---|---|---|
| സ്ഥിര നിക്ഷേപം | എസ്.ബി. അക്കൗണ്ട് ബാലൻസ് | ആകെ |
| 2174814946 | 26350024.64 | 2201164970.64 |

കൂടാതെ പരിയാരം മെഡിക്കൽ കോളേജിൽ ഒരു കോടി രൂപയുടെ ഓഹരി നിക്ഷേപവും സഹകരണ ഭവൻ കെട്ടിട നിർമ്മാണത്തിനായി വെൽഫെയർ ബോർഡിൽ നിന്നും ഒന്നര കോടി രൂപയും നല്കിയിട്ടുണ്ട്.

**കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്**

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് കേരള സഹകരണ നിയമത്തിലെ 57 എ വകുപ്പ് പ്രകാരമുള്ളതും 03.07.2000 ലെ ജി.ഒ.(പി) 108/2000/സഹ. നമ്പർ പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. സഹകരണ ബാങ്ക്/ സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനായി ആസ്തി ശോഷണത്തിലും അറ്റനഷ്ടത്തിലും പ്രവർത്തിക്കുന്ന അംഗ സംഘങ്ങളെ ചുരുങ്ങിയ കാലത്തിനുള്ളിൽ ലാഭകരമാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4% പലിശ നിരക്കിൽ ബോർഡിൽനിന്നും സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ അംഗ സംഘങ്ങൾക്കുള്ള വികസന പദ്ധതികൾ, കാലാനുസൃതമായ വിപുലീകരണം എന്നിവയ്ക്കായി 7% നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നു. നിലവിൽ 3932 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ക്ഷേമ വികസന പദ്ധതിയിൽ പ്രാഥമിക വിഹിത ഇനത്തിൽ 19.68 ലക്ഷം രൂപയും അംഗത്വ ഫീസ് ഇനത്തിൽ 0.81 ലക്ഷം രൂപയും വാർഷിക പുതുക്കൽ ഇനത്തിൽ 38.79 ലക്ഷം രൂപയും ബോർഡിന് ലഭ്യമായിട്ടുണ്ട്.

**റിസ്ക് ഫണ്ട് പദ്ധതി**

18.11.2008 ലെ സ.ഉ. (കൈ) നം. 249/2008 സഹ. ഉത്തരവ് പ്രകാരം കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നു. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ സൗജന്യമായി ചേർക്കുന്നു. ഒരു വായ്പക്കാരൻ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- (ആറ് ലക്ഷം) രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. സഹകരണ ബാങ്ക്/സംഘങ്ങളിലെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം വാർഷിക വിഹിതം സംഘങ്ങളിൽ നിന്ന് ഈടാക്കുന്നതാണ്.

- ✓ 20 കോടി രൂപ വരെയുള്ള നിക്ഷേപത്തിന് 5000/- രൂപ.
- ✓ 20 കോടിക്കു മുകളിൽ 50 കോടി രൂപ വരെയുള്ള നിക്ഷേപത്തിന് 7500/- രൂപ.
- ✓ 50 കോടിക്കു മുകളിൽ 100 കോടി രൂപ വരെയുള്ള നിക്ഷേപത്തിന് 10000/- രൂപ.

- ✓ 100 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപത്തിന് 15000/- രൂപ.
- ✓ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും 25000/- രൂപയും ഈടാക്കാവുന്നതാണ്.

റിസ്ക് ഫണ്ട് ധനസഹായം/മാരകരോഗത്തിനുള്ള ചികിത്സാ ധനസഹായം സംബന്ധിച്ച ബോർഡുമായുള്ള വ്യവഹാരങ്ങൾ സഹകരണ വകുപ്പിൻ കീഴിലുള്ള വ്യവഹാര പരിഹാര കോടതികൾ മുഖാന്തിരവും, അപ്പീൽ അതോറിറ്റി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും ആയിരിക്കും. വായ്പയെടുത്ത് ഒരു മാസത്തിനുള്ളിൽ (അപകടം മൂലമോ, ഹാർട്ട് അറ്റാക്ക് മൂലമോ പെട്ടെന്നുള്ള മരണം ഒഴികെ) മരണപ്പെടുന്ന വായ്പാക്കാരുടെ വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും ഈ പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിക്കകം അടച്ചു തീർന്ന വായ്പകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല എന്ന നിബന്ധന പുതിയ നിയമാവലി ഭേദഗതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ വായ്പയെടുത്ത് ഒരു മാസത്തിനകം മരണപ്പെടുന്ന എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയുള്ളതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ബോർഡ് 9610 ഫയലുകളിലായി 86.93 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. തൻവർഷം റിസ്ക് ഫണ്ട് പ്രീമിയം ഇനത്തിൽ 91.96 കോടി രൂപ ലഭ്യമായിട്ടുണ്ട്. സർക്കാരിൽ നിന്നും ടി സാമ്പത്തിക വർഷം 7 കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ/സംഘങ്ങളിലെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക വിഹിത ഇനത്തിൽ 2,13,92,917/- രൂപ ലഭ്യമായിട്ടുണ്ട്.

## കേരള സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

05.01.2001 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) 5/2001/സഹ. നമ്പർ 25.01.2001 -ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) 18/2001/സഹ. നമ്പർ എന്നിവ പ്രകാരം രൂപീകൃതമായ സ്ഥാപനമാണ് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്. 15.02.2001 ൽ ബോർഡിന്റെ പ്രവർത്തനം ഔപചാരികമായി ആരംഭിച്ചു. 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 80(ബി) അനുസരിച്ച് കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന വികസന ബാങ്കുകൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലർക്ക് മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കും എഴുത്തു പരീക്ഷ നടത്തുന്ന ഉത്തരവാദിത്വമാണ് ആദ്യ ഘട്ടത്തിൽ ബോർഡിൽ നിക്ഷിപ്തമായിരുന്നത്.

ചെയർമാൻ, ഒരു മെമ്പർ, ജോയിന്റ് രജിസ്ട്രാർ/മെമ്പർ സെക്രട്ടറി എന്നിവരാണ് പരീക്ഷാബോർഡ് രൂപീകൃതമായ സമയത്ത് ഉണ്ടായിരുന്നത്. തുടർന്ന് ചെയർമാനും രണ്ട് മെമ്പർമാരും ഉൾപ്പെട്ട ഭരണ സമിതിയായി ബോർഡ് രൂപീകരിക്കാൻ ചട്ടങ്ങൾ

ഉണ്ടാക്കുകയും ബോർഡിന്റെ കാലാവധി അഞ്ച് വർഷമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി ബോർഡിൽ അംഗമല്ല. ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതല നിർവഹിച്ചു വരുന്നു.

18.12.2003 ലെ സർക്കാർ ഉത്തരവ് (പി) 271/2003/സഹകരണം പ്രകാരം പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ, ഹൗസിംഗ് സൊസൈറ്റികൾ എന്നിവയിൽ ഒഴിവുണ്ടാകുന്ന നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലർക്ക് തസ്തിക മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കും നിയമനങ്ങൾ നടത്തുന്നതിലേയ്ക്കായി എഴുത്തു പരീക്ഷ പരീക്ഷാ ബോർഡ് മുഖേന നടത്തിവരുന്നു. സംഘങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷാ പ്രകാരം നിയമനത്തിനായി അപേക്ഷ പ്രകാരം നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ആ പ്രദേശത്തെ പ്രചാരണത്തിലുള്ള രണ്ട് പത്രങ്ങളിലൂടെ വിജ്ഞാപനം പുറപ്പെടുവിക്കുക, അപേക്ഷ സ്വീകരിച്ച് എഴുത്ത് പരീക്ഷ നടത്തി അതാത് സംഘം/ബാങ്കുകൾക്ക് യോഗ്യതാ പട്ടിക അയച്ചു കൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംഘം/ബാങ്ക് നടത്തുന്ന ഇന്റർവ്യൂവിന്റെ മാർക്കും എഴുത്തു പരീക്ഷയുടെ മാർക്കും കൂട്ടിച്ചേർത്ത് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് തയ്യാറാക്കി സംഘം/ബാങ്കുകൾക്ക് അയച്ചു കൊടുക്കുക എന്നീ പ്രവൃത്തികളാണ് തുടക്കത്തിൽ പരീക്ഷാ ബോർഡിൽ നിക്ഷിപ്തമായിരുന്നത്. ഇതിനുപുറമേ, സഹകരണ ചട്ടം 185(2) അനുസരിച്ച് സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, 10 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള അർബൻ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ ജീവനക്കാർക്ക് വേണ്ടിയുള്ള യോഗ്യതാ പരീക്ഷ നടത്തുന്നതിനുള്ള ചുമതലയും പരീക്ഷാ ബോർഡ് നിർവ്വഹിച്ചു വരുന്നു.

**2022-23 വർഷത്തിലെ വിജ്ഞാപനങ്ങളും പരീക്ഷയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.**

| ക്രമ നം | വിജ്ഞാപനം | അപേക്ഷ ക്ഷണിച്ച തസ്തികകൾ | ഒഴിവുകളുടെ എണ്ണം | പരീക്ഷ നടത്തിയ തീയതി |
|---|---|---|---|---|
| 1 | 12.04.2022ലെ വിജ്ഞാപനം 2/2022 | സെക്രട്ടറി | 1 | 24.07.2022 |
| 2 | 12.04.2022ലെ വിജ്ഞാപനം 3/2022 | അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി ജനറൽ മാനേജർ | 5 | 23.10.2022 |
| 3 | 12.04.2022ലെ വിജ്ഞാപനം 4/2022 | ജൂനിയർ ക്ലാർക്ക്/ കാഷ്യർ | 222 | 21.08.2022 |
| 4 | 12.04.2022ലെ വിജ്ഞാപനം 5/2022 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 8 | 21.08.2022 |

| | | | | |
|---|---|---|---|---|
| 5 | 12.04.2022ലെ വിജ്ഞാപനം 6/2022 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 6 | 23.10.2022 |
| 6 | 02.08.2022ലെ വിജ്ഞാപനം 7/2022 | ഉദ്യോഗക്കയറ്റ പരീക്ഷ | | 27.11.2022 |
| 7 | 15.10.2022ലെ വിജ്ഞാപനം 8/2022 | സെക്രട്ടറി | 1 | 25.02.2023 |
| 8 | 15.10.2022ലെ വിജ്ഞാപനം 9/2022 | അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി ജനറൽ മാനേജർ | 7 | 26.02.2023 |
| 9 | 15.10.2022ലെ വിജ്ഞാപനം 10/2022 | ജൂനിയർ ക്ലർക്ക്/കാഷ്യർ | 284 | 01.04.2023 |
| 10 | 15.10.2022ലെ വിജ്ഞാപനം 11/2022 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 3 | 11.03.2023 |
| 11 | 15.10.2022ലെ വിജ്ഞാപനം 12/2022 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 12 | 26.02.2023 |
| 12 | 15.10.2022ലെ വിജ്ഞാപനം 13/2022 | ടൈപ്പിസ്റ്റ് | 1 | 25.02.2022 |
| 13 | 29.12.2022ലെ വിജ്ഞാപനം 14/2022 | അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി ജനറൽ മാനേജർ | 2 | 10.06.2023 |
| 14 | 29.12.2022ലെ വിജ്ഞാപനം 15/2022 | ജൂനിയർ ക്ലർക്ക്/കാഷ്യർ | 106 | 11.06.2023 |
| 15 | 29.12.2022ലെ വിജ്ഞാപനം 16/2022 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 4 | 29.04.2023 |
| 16 | 29.12.2022ലെ വിജ്ഞാപനം 17/2022 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 10 | 29.04.2022 |

പരീക്ഷാ ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽനിന്നും പരീക്ഷാനടത്തിപ്പ് ചെലവ് കഴിഞ്ഞ് ബാക്കി തുക സർക്കാരിന്റെ 0425–800–93 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ചു വരുന്നു.

## കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

സർക്കാരിന്റെ 11.01.2012 ലെ ജി.ഒ.(പി) 3/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കി. കേരള സഹകരണ സംഘം നിയമം വകുപ്പ് 57(ബി) പ്രകാരം സഹകരണ സംഘങ്ങൾ നിശ്ചിത വിഹിതം അടച്ച് നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരേണ്ടതുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുകയും സർക്കാരിന്റെ 02.07.2012 ലെ ജി.ഒ(പി)81/2012 സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് നിലവിൽ വരുകയും ചെയ്തു. സർക്കാരിന്റെ 24.10.2014 ലെ ജി.ഒ.(പി)126/2014 സഹ. നമ്പർ ഉത്തരവ് പ്രകാരം

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്നതും, ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പദ്ധതിയിൽ ഉൾപ്പെടാത്തതുമായ സംഘങ്ങളെ ടി പദ്ധതിയിൽ അംഗമായി ചേർത്തുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ 27.02.2019 ലെ 9/19 നമ്പർ സർക്കുലർ പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും 31.03.2019 ന് മുമ്പായി അംഗത്വമെടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേരള സഹകരണ ഭേദഗതി നിയമം 57(ബി)(3) പ്രകാരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുമെന്നും പറയുന്നുണ്ട്. ടി ഉത്തരവിൽ അതാത് ജില്ലകളിൽ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളെ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗമാക്കി നോട്ടിഫൈ ചെയ്യാനുള്ള അധികാരം അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് നൽകിയിട്ടുണ്ട്. ജില്ലയ്ക്ക് പുറത്ത് പ്രവർത്തന പരിധിയുള്ളതും, സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധി ഉള്ളതുമായ സഹകരണ സംഘങ്ങളെ നോട്ടിഫൈ ചെയ്യാനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാർക്കാണ്. നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ സാമ്പത്തിക വർഷത്തിൽ നിക്ഷേപ ബാക്കി നിൽപ്പു തുകയുടെ ഓരോ 100 രൂപയ്ക്കും 10 പൈസ നിരക്കിൽ കണക്കാക്കിയ വിഹിതം കേരളാ ബാങ്കിന്റെ അതാത് ജില്ലകളിലെ ശാഖകളിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ നിക്ഷേപ വർദ്ധനവിന് ആനുപാതികമായി വിഹിതം അടയ്ക്കേണ്ടതാണ്. ഇപ്രകാരം അംഗത്വം എടുക്കുകയും വർഷാവർഷങ്ങളിൽ അംഗത്വം പുതുക്കുകയും ചെയ്യുന്ന ഏതെങ്കിലും സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യപ്പെടുകയും, നിക്ഷേപ സംഖ്യ തിരികെ നൽകാൻ കഴിയാതെ വരുകയും ചെയ്താൽ അംഗ സംഘത്തിലെ നിക്ഷേപകന് പരമാവധി 2 ലക്ഷം രൂപ വരെ ഗ്യാരന്റി ഉറപ്പാക്കിയിരിക്കുന്നു.

**2022 -23 വർഷത്തെ പ്രവർത്തനം**

2022-23 വർഷത്തിൽ ഗ്യാരന്റി ഫണ്ട് ഇനത്തിൽ ബോർഡിന് ലഭിച്ചിട്ടുള്ള 13,13,36,680.21/- രൂപ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ജില്ലാ ശാഖകളിൽ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപങ്ങളുടെ പലിശയിനത്തിൽ 2022-23 വർഷത്തിൽ സംസ്ഥാ സഹകരണ ബാങ്കിൽ നിന്നും 12,70,12,506.65/- രൂപയും തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും പലിശയിനത്തിൽ 18,61,005/- രൂപയും ലഭിച്ചിട്ടുണ്ട്.

**ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.**

| ജില്ല | ആകെ ഒടുക്കിയത് |
|---|---|
| തിരുവനന്തപുരം | 16046875 |
| കൊല്ലം | 7466030 |

| | |
|---|---|
| പത്തനംതിട്ട | 1785233 |
| ആലപ്പുഴ | 3295311 |
| കോട്ടയം | 4956623 |
| ഇടുക്കി | 3557934 |
| എറണാകുളം | 12904254.5 |
| തൃശ്ശൂർ | 9678794 |
| പാലക്കാട് | 8035783.51 |
| മലപ്പുറം | 12333766.25 |
| കോഴിക്കോട് | 26047364.95 |
| വയനാട് | 1045857 |
| കണ്ണൂർ | 19851003 |
| കാസർഗോഡ് | 4431851 |
| **ആകെ** | **131336680.21** |

ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ ചെലവായിട്ടുള്ളത് 48,11,511/- രൂപയാണ്. തൻവർഷം 185,62,84,479/- രൂപയുടെ സ്ഥിരനിക്ഷേപം കേരളാ ബാങ്കിലും, 3,51,10,000/- രൂപ ട്രഷറിയിലും പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 24,30,50,000/- രൂപയുടെ പുതിയ സ്ഥിരനിക്ഷേപം നടത്തുകയും ചെയ്തിട്ടുണ്ട്. കേരളാ ബാങ്കിന്റെ 14 ജില്ലാ ശാഖകളിലും, തിരുവനന്തപുരം ജില്ലാ ട്രഷറിയിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 25,91,18,102.86/- രൂപ നിക്ഷേപിക്കുകയും 25,97,70,691/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ആണ്ടവസാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 1,70,35,927.12/- രൂപ കേരളാ ബാങ്ക്, തിരുവനന്തപുരം ജില്ലാ ട്രഷറി എന്നീ അക്കൗണ്ടുകളിൽ ബാക്കി നിൽപ്പുണ്ട്.

കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ 31.03.2023 വരെ ഗ്യാരന്റി ഫണ്ട് അടച്ച പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | ജില്ല | നോട്ടിഫൈഡ് സംഘം | അംഗങ്ങളായി ചേർന്നത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 113 | 113 |
| 2 | കൊല്ലം | 124 | 124 |
| 3 | പത്തനംതിട്ട | 104 | 103 |
| 4 | ആലപ്പുഴ | 169 | 166 |
| 5 | കോട്ടയം | 136 | 135 |
| 6 | ഇടുക്കി | 72 | 71 |
| 7 | എറണാകുളം | 168 | 166 |
| 8 | തൃശ്ശൂർ | 159 | 159 |
| 9 | പാലക്കാട് | 96 | 94 |
| 10 | മലപ്പുറം | 129 | 127 |
| 11 | കോഴിക്കോട് | 106 | 104 |

| | | | |
|---|---|---|---|
| 12 | വയനാട് | 28 | 28 |
| 13 | കണ്ണൂർ | 137 | 133 |
| 14 | കാസർഗോഡ് | 63 | 62 |
| **ആകെ** | | **1604** | **1585** |

# സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്

1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ 2000 -ൽ നിലവിൽ വന്ന (ആക്ട് 1/2000) നിയമ ഭേദഗതി പ്രകാരമാണ് സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. 1969-ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് ഗുണമേന്മയോട് കൂടി യഥാസമയം പൂർത്തീകരിക്കുന്നതിന് വേണ്ടി 27.05.2008-ലെ ജി.ഒ.(എം.എസ്) 126/2008/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചു. സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 18825 ആഡിറ്റ് ചെയ്യാവുന്ന സഹകരണ സംഘങ്ങളിലായി 22623 ആഡിറ്റ് ബാക്കി നിൽപ്പുള്ളതിൽ 31.03.2023 വരെ 19101 ആഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും, 3372 ആഡിറ്റ് കുടിശ്ശികയുമാണ്.

## സഹകരണ ആഡിറ്റ് ഡയറക്ടർമാരുടെ പേരു വിവരം


1. ശ്രീ. കെ.ജി. രാജു. ഐ.എ.എസ് - 07.09.2009 മുതൽ 13.05.2013 വരെ
2. ശ്രീ. വി. സനൽകുമാർ. ഐ.എ.എസ് - 22.05.2013 മുതൽ 30.04.2019 വരെ
3. ശ്രീ. എസ്. ഷാനവാസ്. ഐ.എ.എസ് (ചാർജ്ജ്) - 01.05.2019 മുതൽ 04.07.2019 വരെ.
4. ശ്രീമതി. പി.കെ. ജയശ്രീ. ഐ.എ.എസ് (ചാർജ്ജ്)- 04.07.2019 മുതൽ 13.03.2020 വരെ.
5. ശ്രീ. എ. അലക്സാണ്ടർ. ഐ.എ.എസ് (ചാർജ്ജ്)- 13.03.2020 മുതൽ 31.05.2020 വരെ.
6. ഡോ. നരസിംഹഗരി. റ്റി.എൽ. റെഡ്ഡി. ഐ.എ.എസ് (ചാർജ്ജ്)- 01.06.2020 മുതൽ 24.01.2021 വരെ.
7. ശ്രീ. സജ്ജാദ്. കെ, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) (ചാർജ്ജ്) 24.01.2021 മുതൽ 01.02.2021 വരെ
8. ശ്രീ. പി.ബി. നൂഹ്. ഐ.എ.എസ് (ചാർജ്ജ്)- 01.02.2021 മുതൽ 05.02.2021 വരെ
9. ശ്രീ. ജെറോമിക് ജോർജ്ജ്. ഐ.എ.എസ് (ചാർജ്ജ്)- 05.02.2021 മുതൽ 01.03.2021 വരെ

**10.** ശ്രീ. പി.ബി. നൂഹ്. ഐ.എ.എസ് (ചാർജ്ജ്)- 01.03.2021 മുതൽ 26.01.2022

**11.** ശ്രീ. ബിനോയ് കുമാർ. എം., അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) (ചാർജ്ജ്) 27.01.2022 മുതൽ 31.01.2022 വരെ

**12.** സർക്കാരിന്റെ 09.12.2021 ലെ ജി.ഒ (ആർ.ടി.) നം.722/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശ്രീമതി. ഷെറിൻ. എം.എസ് ഐ.എ. & എ.എസ്. -നെ 3 വർഷ കാലയളവിലേയ്ക്ക് നിയമിച്ച് ഉത്തരവായിട്ടുള്ളതും ടിയാൾ 01.02.2022 മുതൽ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്.

## സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനവും



സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ടി ആഫീസിൽ സഹകരണ ആഡിറ്റ് ഡയറക്ടർ ഐ.എ.എസ് കേഡറിലെ ഒരു എക്സ് കേഡർ തസ്തികയാണ്. ഡയറക്ടറേറ്റിൽ താഴെപ്പറയും പ്രകാരം ജീവനക്കാർ സേവനമനുഷ്ടിച്ചുവരുന്നു.

| | |
|---|---|
| അഡീഷണൽ ഡയറക്ടർ | –1 |
| ജോയിന്റ് ഡയറക്ടർ | –1 |
| ഡെപ്യൂട്ടി ഡയറക്ടർ | –1 |
| അസിസ്റ്റൻറ് ഡയറക്ടർ | –1 |
| ഡയറക്ടറുടെ പി.എ | –1 |
| ആഡിറ്റർമാർ | –8 |
| അഡീഷണൽ ഡയറക്ടറുടെ സി.എ. | –1 |
| ക്ലാർക്കുമാർ | –2 |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ | –2 |
| ഓഫീസ് അറ്റൻഡന്റുമാർ | –3 |
| പാർട്ടൈം സ്വീപ്പർ | –1 |
| **ആകെ** | **22** |

അനുവദിച്ചു നൽകിയ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ രണ്ട് പേരും, ഡ്രൈവർ തസ്തികയിൽ രണ്ടുപേരും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

ഡയറക്ടറേറ്റിന് പുറമേ 14 ജില്ലകളിലായി 64 സർക്കിൾ ആഫീസുകളുണ്ട്. ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടറും, താലൂക്ക് തലത്തിൽ അസിസ്റ്റൻറ് ഡയറക്ടറുമാണ് ആഫീസ് മേധാവികൾ.

**<u>ജില്ലാതല ആഫീസിന്റെ ഘടന</u>**

| | |
|---|---|
| ജോയിന്റ് ഡയറക്ടർ | –1 |
| അസിസ്റ്റന്റ് ഡയറക്ടർ | –1 |
| ആഫീസ് ആഡിറ്റർമാർ | –2 |
| ടൈപ്പിസ്റ്റ് | –1 |
| ഓഫീസ് അറ്റൻഡന്റുമാർ | –2 |
| പാർട്ട് ടൈം സ്വീപ്പർ | –1 |

**<u>സർക്കിൾതല ആഫീസിന്റെ ഘടന</u>**

| | |
|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | –1 |
| ആഫീസ് ആഡിറ്റർ | –1 |

ഓഫീസ് അറ്റൻഡന്റുമാർ –1

**യൂണിറ്റ് / കൺകറന്റ് ആഡിറ്റർമാർ**

സഹകരണ ആഡിറ്റ് വിഭാഗത്തിൽ 31.03.2023–ലെ കണക്ക് പ്രകാരം 437 യൂണിറ്റ് ആഡിറ്റർമാരും കെ.എസ്.ആർ 156 പ്രകാരമുള്ള കൺകറന്റ് ആഡിറ്റർമാർ 1236 പേരുമാണുള്ളത്. ടി ആഡിറ്റർമാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**പട്ടിക –1**

**ജില്ല തിരിച്ചുള്ള ആഡിറ്റർമാരുടെ തസ്തികകളുടെ വിവരം (31/03/2023)**

| ജില്ല | യൂണിറ്റ് ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | കൺകറന്റ് ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | മൊത്തം തസ്തികകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 57 | 138 | 195 |
| കൊല്ലം | 43 | 87 | 130 |
| പത്തനംതിട്ട | 18 | 38 | 56 |
| ആലപ്പുഴ | 37 | 74 | 111 |
| കോട്ടയം | 32 | 87 | 119 |
| ഇടുക്കി | 18 | 30 | 48 |
| എറണാകുളം | 37 | 122 | 159 |
| തൃശ്ശൂർ | 44 | 93 | 137 |
| പാലക്കാട് | 23 | 75 | 98 |
| മലപ്പുറം | 31 | 85 | 116 |
| കോഴിക്കോട് | 37 | 85 | 122 |
| വയനാട് | 8 | 24 | 32 |
| കണ്ണൂർ | 36 | 148 | 184 |
| കാസർഗോഡ് | 16 | 56 | 72 |
| കെ.സി.എം.എം.എഫ് | | 94 | 94 |
| **ആകെ** | **437** | **1236** | **1673** |

**പട്ടിക – 2**

| ജില്ല | **കെ.എസ്.ആർ 156 പ്രകാരം അനുവദിച്ച തസ്തികകളുടെ വിവരം (31/03/2023)** | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | അഡീഷണൽ ഡയറക്ടർ/ സമകാല ആഡിറ്റർ | ജോയിന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ | ഡെപ്യൂട്ടി ഡയറക്ടർ/ സമകാല ആഡിറ്റർ | അസിസ്റ്റന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ | സ്പെഷ്യൽ ഗ്രേഡ് സമകാല ആഡിറ്റർ | സീനിയർ ആഡിറ്റർ | ജൂനിയർ ആഡിറ്റർ | സ്പെഷ്യൽ ഗ്രേഡ് അഡീഷണൽ ആഡിറ്റർ | സീനിയർ അഡീഷണൽ ആഡിറ്റർ | ജൂനിയർ അഡീഷണൽ ആഡിറ്റർ | **ആകെ** |
| തിരുവനന്തപുരം | 0 | 3 | 0 | 26 | 13 | 35 | 50 | 2 | 4 | 5 | **138** |
| കൊല്ലം | 0 | 1 | 1 | 18 | 5 | 40 | 22 | 0 | 0 | 0 | **87** |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പത്തനംതിട്ട | 0 | 1 | 0 | 0 | 1 | 8 | 27 | 0 | 1 | 0 | **38** |
| ആലപ്പുഴ | 0 | 1 | 0 | 6 | 4 | 20 | 40 | 2 | 1 | 0 | **74** |
| കോട്ടയം | 0 | 1 | 0 | 16 | 10 | 25 | 34 | 1 | 0 | 0 | **87** |
| ഇടുക്കി | 0 | 1 | 0 | 0 | 2 | 11 | 15 | 0 | 1 | 0 | **30** |
| എറണാകുളം | 0 | 2 | 2 | 13 | 15 | 48 | 40 | 1 | 1 | 0 | **122** |
| തൃശ്ശൂർ | 0 | 1 | 0 | 17 | 12 | 40 | 21 | 0 | 2 | 0 | **93** |
| പാലക്കാട് | 0 | 1 | 0 | 10 | 7 | 35 | 21 | 0 | 1 | 0 | **75** |
| മലപ്പുറം | 0 | 1 | 0 | 14 | 10 | 34 | 20 | 1 | 2 | 3 | **85** |
| കോഴിക്കോട് | 0 | 1 | 0 | 21 | 13 | 17 | 29 | 1 | 0 | 3 | **85** |
| വയനാട് | 0 | 1 | 0 | 0 | 5 | 7 | 11 | 0 | 0 | 0 | **24** |
| കണ്ണൂർ | 0 | 1 | 0 | 25 | 23 | 40 | 55 | 0 | 1 | 3 | **148** |
| കാസർഗോഡ് | 0 | 1 | 0 | 7 | 8 | 15 | 23 | 0 | 1 | 1 | **56** |
| കെ.സി.എം.എം.എഫ് | 0 | 0 | 1 | 4 | 22 | 41 | 26 | 0 | 0 | 0 | **94** |
| **ആകെ** | **0** | **17** | **4** | **177** | **150** | **416** | **434** | **8** | **15** | **15** | **1236** |

## സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം

1969-ലെ സഹകരണ നിയമം വകുപ്പ് 64 പ്രകാരം സഹകരണ ആഡിറ്റ് എന്നതിൽ ബാക്കിയിരുപ്പ് പണം, സെക്യൂരിറ്റി എന്നിവയുടെ പരിശോധനയും സംഘത്തിന്റെ ആസ്തികളുടെ വിലയിരുത്തലും ബാധ്യതകളുടെ പരിശോധനയും, ക്രമക്കേടുകൾ ആഡിറ്റ് വർഷത്തിൽ കണ്ടെത്തിയാൽ സഹകരണ സംഘം രജിസ്ട്രാറുടെ 11/1979 സർക്കുലർ പ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുക, സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ 50/2021 സർക്കുലറുകൾ പ്രകാരം നടപടി സ്വീകരിക്കുക, അപ്രകാരമുള്ള മറ്റ് ആഡിറ്റ് കാര്യങ്ങളും ഉൾപ്പെടുന്നു. സഹകരണ ആഡിറ്റ് എന്നാൽ ധനകാര്യ ആഡിറ്റ് മാത്രമല്ല ഭരണപരമായ ആഡിറ്റും ഉൾപ്പെടുന്നു. 2013 -ലെ സഹകരണ നിയമ ഭേദഗതിയിലൂടെ സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി ആവശ്യമായ രേഖകൾ തയ്യാറാക്കി ആഡിറ്റിന് ലഭ്യമാക്കേണ്ടത് സംഘം ഭരണ സമിതിയുടെ ചുമതലയാണ്.

## സഹകരണ മേഖലയിൽ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി

സഹകരണ മേഖലയിലെ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും, ആഡിറ്റ് സമകാലികമാക്കുന്നതിനും അതിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വേണ്ടി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് **ടീം ആഡിറ്റ്.** ജനാധിപത്യ ഭരണ

നിയന്ത്രണം എന്ന തത്വത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ അവർകളുടെയും, സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അവർകളുടെയും, സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി. ഐ.എ.എസ് -ന്റെയും നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സഹകരണ ആഡിറ്റ് ഡയറക്ടർ ശ്രീമതി ഷെറിൻ എം. എസ്. ഐ.എ. ആന്റ് എ.എസ് -ന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16.08.2022 നും തൃശ്ശൂർ ജില്ലയിൽ 03.12.2022 നും ടീം ആഡിറ്റ് ആരംഭിച്ചു.

ടീം ആഡിറ്റ് സംവിധാനം സർക്കാരിന്റെ മൂന്നാം 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകികൊണ്ട് 06.05.2023 -ന് സ.ഉ.(അച്ചടി) നം.114/2023/സഹ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയത് പോലെ കെ.എസ്.ആർ. 156 സംവിധാനം നിലനിർത്തിക്കൊണ്ട് ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽ കൂടി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന് 27.06.2023 -ലെ സ.ഉ.(അച്ചടി) നം. 158/2023/സഹ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്.

## ആഡിറ്റിൽ കൊണ്ടുവന്ന നൂതന സമ്പ്രദായങ്ങൾ

ആഡിറ്റ് കാര്യക്ഷമമാക്കാൻ വേണ്ടി സർക്കുലർ നമ്പർ 01/2023, സർക്കുലർ നമ്പർ 02/2023 വഴി സഹകരണ ആഡിറ്റ് ഡയറക്ടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. **സർക്കുലർ നം. 01/2023**
   Audit Design Matrix
   Draft Audit Memo
   Detailed defects format
1. ആമുഖം
2. കഴിഞ്ഞ 5 വർഷത്തെ കണക്കുകളുടെ വിശകലനം
3. ആഡിറ്റ് ന്യൂനത - പാർട്ട് എ - പാർട്ട് ബി
4. മുൻ ആഡിറ്റ് സർട്ടിഫിക്കറ്റിലെ പരിഹരിക്കാത്ത ന്യൂനതകളുടെ
   a. വിവരം.
5. ആഡിറ്ററുടെ ശുപാർശകൾ - നിർദ്ദേശങ്ങൾ.
   Compliance Register
   Audit Paras
   Entry Meet
   Exit Meet
2. **സർക്കുലർ നം. 02/2023**

സംഘങ്ങളുമായുള്ള ആഡിറ്റിന്റെ ആശയ വിനിമയം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശ കുറിപ്പ്

**<u>ന്യൂനത പരിഹരണ അദാലത്ത് (തെളിമ)</u>**

ആഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെട്ട ന്യൂനതകൾ പരിഹരിച്ച് യഥാവിധി റിപ്പോർട്ട് ചെയ്ത് ടി ന്യൂനത ഒഴിവാക്കുക എന്നുള്ളത് അതത് സഹകരണ സ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. ഇത്തരത്തിൽ ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതും പരിഹരിക്കാത്തതുമായ നാളിതുവരെയുള്ള എല്ലാ ന്യൂനതകളും നിയമത്തിനും ചട്ടത്തിനും സർക്കുലറുകൾക്കും വിധേയമായി പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ന്യൂനത പരിഹരണ അദാലത്ത് (തെളിമ). ന്യൂനതപരിഹരണ അദാലത്ത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ തുടർനടപടികൾക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്.

**<u>പ്രതിമാസ നിക്ഷേപ പദ്ധതി (MDS) ഏകീകൃത അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചു.</u>**

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ നിലവിൽ നടത്തിവരുന്ന എം.ഡി.എസ്./ജി.ഡി.സി.എസ്. ഇടപാടുകൾ (പ്രതിമാസ നിക്ഷേപ പദ്ധതി) എഴുതി സൂക്ഷിക്കുന്നതിൽ ഏകീകൃത സ്വഭാവം പിന്തുടർന്ന് കാണുന്നില്ലാ എന്നതും, ടി ഇടപാടുകൾ എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ കാരണം ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടുകളിലെ ബാക്കിപത്രങ്ങളിൽ അയഥാർത്ഥ്യ കണക്കുകളാണ് പലപ്പോഴും രേഖപ്പെടുത്തി കാണുന്നതെന്നും ചില സംഘങ്ങൾ ടി ഇടപാടുകളിന്മേൽ അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന തുകകൾ സംഘത്തിൽ നിന്നും നല്കാനുള്ള കണക്കുകളിൽ ഉൾപ്പെടുത്തിയും ടി ഇടപാടുകളിന്മേൽ അംഗങ്ങൾക്ക് നൽകിയ തുകകൾ സംഘത്തിന് ലഭിക്കാനുള്ള കണക്കിൽ ഉൾപ്പെടുത്തിയുമാണ് ബാക്കിപത്രത്തിൽ രേഖപ്പെടുത്തി വരുന്നതെന്നും, ഇപ്രകാരം അയഥാർത്ഥ തുകകൾ ബാക്കിപത്രത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നത് അതാത് സംഘങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിവാക്കുന്നതല്ലെന്നതും ശ്രദ്ധയിൽ പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ എം.ഡി.എസ്./ജി.ഡി.സി.എസ്. നടത്തുന്ന സഹകരണ സംഘങ്ങൾ പിന്തുടരേണ്ട ഏകീകൃത വ്യവസ്ഥകൾ, കണക്കെഴുത്ത് രീതി, ബാക്കിപത്രത്തിൽ എം.ഡി.എസ്./ജി.ഡി.സി.എസ്. ഇടപാടിലെ ബാക്കിനില്പ് രേഖപ്പെടുത്തേണ്ടതായ വിധം, എന്നിവയിൽ വ്യക്തത വരുത്തിക്കൊണ്ട്, എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാധകമാകും വിധം, ഒരു കരട് സർക്കുലർ തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചു.

## പരിഷ്കരിച്ച ആഡിറ്റ് മാന്വലിന്റെ പരിഭാഷ

10.03.2023-ലെ ഡി.സി.എ 312/2023/എഡി(2) നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് മാന്വൽ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനായി കമ്മിറ്റി രൂപീകരിക്കുകയും. പ്രസ്തുത കമ്മിറ്റി ആഡിറ്റ് മാന്വൽ പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

## ഭരണപരമായ പ്രവർത്തനങ്ങൾ

1969-ലെ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലേയും ആഡിറ്റ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ട ജീവനക്കാരെ നിയോഗിക്കുകയും താലൂക്ക്/ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ആഡിറ്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നത് സഹകരണ ആഡിറ്റ് ഡയറക്ടറുടെ കർത്തവ്യമാണ്. ഇതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെയും, താലൂക്ക്തല ഉദ്യോഗസ്ഥരുടെയും പ്രതിമാസ അവലോകന യോഗങ്ങൾ നടത്തിവരുന്നു.

വിവിധ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

**പട്ടിക – 3**

| ക്രമ നം | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ | വിവിധ സഹകരണ സ്ഥാപനങ്ങളുടെ/ആഡിറ്റിന്റെ ഇനം | |
|---|---|---|---|
| 1. | ആഡിറ്റ് അഡീഷണൽ ഡയറക്ടർ | 1. | അപ്പെക്സ് സഹകരണ സംഘങ്ങൾ |
| | | 2. | സെൻട്രൽ സഹകരണ സംഘങ്ങൾ |
| | | 3. | സഹകരണ മേഖലയിലെ ബോർഡുകൾ, സംസ്ഥാന സഹകരണ യൂണിയൻ |
| 2. | ജില്ലാ തല ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർ (14 എണ്ണം) | 1. | ജൂനിയർ ആഡിറ്റർ തസ്തികയ്ക്ക് മുകളിൽ ഉള്ളതും ജോയിന്റ് ഡയറക്ടർ തസ്തികയ്ക്ക് താഴെയുള്ളതുമായ സമകാല ആഡിറ്റർമാർ ആഡിറ്റ് ചെയ്യുന്ന സഹകരണ സംഘങ്ങൾ. |
| | | 2. | ഫെഡറൽ സഹകരണ സംഘങ്ങൾ (സംഘം നിയമാവലി പ്രകാരം ആസ്ഥാനം ഏതു ജില്ലയിലാണോ പ്രസ്തുത ആഡിറ്റ് ജോയിന്റ് ഡയറക്ടർ) |
| | | 3. | സർക്കിൾ സഹകരണ യൂണിയൻ |
| 3. | സർക്കിൾതല ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർ (64 എണ്ണം) | 1. | മേൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ ഒഴികെയുള്ള എല്ലാ യൂണിറ്റ്/അരിയർ ആഡിറ്റുകളും ജൂനിയർ ആഡിറ്റർമാർ നിർവ്വഹിക്കുന്ന സമകാലീന ആഡിറ്റുകളും. |

## 2022-23 സാമ്പത്തിക വർഷത്തെ ആഡിറ്റ് പുരോഗതി

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആഡിറ്റ് നടത്തുന്നത്

ആഡിറ്റ് ഡയറക്ടറുടെ ചുമതലയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 01/04/2022 ലെകണക്ക് പ്രകാരം 25709 സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ 18825 എണ്ണം ആഡിറ്റ് ചെയ്യാവുന്നവയും 6884എണ്ണം പ്രവർത്തനരഹിതവുമാണ്.

01/04/2022-ലെ കണക്ക് പ്രകാരം ആഡിറ്റ് ചെയ്യാവുന്ന 18825 സംഘങ്ങളിലായി 22623 ആഡിറ്റ് ബാക്കി നിൽപ്പുള്ളതിൽ 31/03/2022വരെ 19101 ആഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും, 3372 ആഡിറ്റ് കുടിശ്ശികയുമാണ്.

**പട്ടിക -4**

**ബാക്കി നിൽപ്പുള്ള ആഡിറ്റ് ജില്ല തിരിച്ചുള്ള വിവരം**

**2023 മാർച്ച്**

| ക്രമ നം | ജില്ല | 01/04/23-ൽ ഉള്ള സംഘങ്ങൾ | 01/04/23-ൽ ഉള്ള ആഡിറ്റ് | 31/03/2023 വരെ പൂർത്തിയാക്കിയ ആഡിറ്റ് | 31/03/2023 വരെ കൂട്ടി ചേർത്ത ആഡിറ്റുകളുടെ എണ്ണം | തൻവർഷം നീക്കം ചെയ്ത ആഡിറ്റുകളുടെ എണ്ണം | ബാക്കി നിൽക്കുന്ന ആഡിറ്റുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2085 | 2581 | 2115 | 0 | 242 | 90.42 |
| 2 | കൊല്ലം | 1517 | 1521 | 1487 | 0 | 27 | 99.53 |
| 3 | പത്തനംതിട്ട | 651 | 656 | 643 | 0 | 8 | 99.23 |
| 4 | ആലപ്പുഴ | 1287 | 1300 | 1264 | 0 | 16 | 98.44 |
| 5 | കോട്ടയം | 1113 | 1126 | 1098 | 0 | 0 | 97.51 |
| 6 | ഇടുക്കി | 630 | 632 | 621 | 0 | 6 | 99.20 |
| 7 | എറണാകുളം | 1366 | 1391 | 1351 | 0 | 22 | 98.69 |
| 8 | തൃശ്ശൂർ | 1340 | 1401 | 1311 | 0 | 45 | 96.68 |
| 9 | പാലക്കാട് | 968 | 972 | 958 | 0 | 6 | 99.17 |
| 10 | മലപ്പുറം | 1200 | 1214 | 1171 | 0 | 29 | 98.82 |
| 11 | കോഴിക്കോട് | 1429 | 1491 | 1437 | 0 | 42 | 99.17 |
| 12 | വയനാട് | 296 | 297 | 292 | 0 | 3 | 99.32 |
| 13 | കണ്ണൂർ | 1581 | 1581 | 1568 | 0 | 18 | 99.98 |
| 14 | കാസർഗോഡ് | 636 | 638 | 624 | 0 | 9 | 99.21 |
| 15 | ആപ്ക്കോസ് | 2726 | 5822 | 3161 | 0 | 0 | 54.29 |
| **ആകെ** | | **18825** | **22623** | **1855** | **0** | **473** | **95.3** |

**പട്ടിക - 5**

**ആഡിറ്റുബിൾ സംഘങ്ങളുടെ വകുപ്പ് തിരിച്ചുള്ള നിലവിലുള്ള സ്ഥിതി**

| ക്രമ നം | വകുപ്പ് | സംഘ ങ്ങൾ | ആകെ ആഡിറ്റ് | 31/03/2022 വരെ കൂട്ടി ചേർത്ത ആഡിറ്റുകൾ പൂർത്തീകരിച്ചത് | 31.03.2022 വരെ പൂർത്തി യാക്കിയ ആഡിറ്റുകൾ | ബാക്കി നിൽപ്പ് |
|---|---|---|---|---|---|---|
| | | | | | | ആകെ ആഡിറ്റ് |
| 1 | സഹകരണ വകുപ്പ് | 13121 | 13607 | 13059 | 321 | 227 |
| 2 | കൈത്തറി | 59 | 99 | 11 | 0 | 88 |
| 3 | കയർ | 468 | 511 | 479 | 3 | 29 |
| 4 | ഖാദി & വില്ലേജ് | 682 | 691 | 673 | 12 | 6 |
| 5 | മറ്റ് വ്യവസായം | 411 | 416 | 389 | 18 | 9 |
| 6 | ക്ഷീരം | 730 | 749 | 682 | 47 | 20 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഫിഷറീസ് | 240 | 297 | 279 | 9 | 9 |
| 8 | ആപ്കോസ് | 386 | 431 | 368 | 55 | 8 |
| 9 | അപ്പെക്സ് | 2726 | 5822 | 3161 | 0 | 2976 |
| **ആകെ** | | **18825** | **22623** | **19101** | **465** | **3372** |

**പട്ടിക -6**

| ആപ്ക്കോസ് ആഡിറ്റ് - മാർച്ച് 2023 | | | | | | | | |
|---|---|---|---|---|---|---|---|---|
| 31/03/2023 വരെ ബാക്കി നിൽപ്. | | | | | | | | |
| **ക്രമ നം** | **സ്ഥാപനം** | **2015 – 16 വരെ** | **2016 – 17** | **2017 – 18** | **2018 – 19** | **2019 –20** | **2020 – 21** | **ആകെ** |
| 1 | ആപ്ക്കോസ് തിരുവനന്തപുരം യൂണിയൻ | 0 | 9 | 3 | 3 | 69 | 325 | 409 |
| 2 | ആപ്ക്കോസ് എറണാകുളം | 17 | 40 | 65 | 216 | 364 | 571 | 1273 |
| 3 | ആപ്ക്കോസ് മലബാർ | 115 | 61 | 100 | 154 | 240 | 624 | 1294 |
| **ആകെ** | | **132** | **110** | **168** | **373** | **673** | **1520** | **2976** |

**പട്ടിക -7**

| ബാക്കി നിൽപുള്ള ആർ.എൻ.എ ആഡിറ്റ് ജില്ല തിരിച്ചുള്ള വിവരം. | | | | | | |
|---|---|---|---|---|---|---|
| 2023 മാർച്ച് | | | | | | |
| | **ആർ.എൻ.എ** | | | | | |
| | **വർഷാരംഭത്തിൽ ഉണ്ടായിരുന്ന സംഘങ്ങളുടെ എണ്ണം** | **വർഷാരംഭത്തിൽ പൂർത്തിയാക്കുവാൻ ഉണ്ടായിരുന്ന ആഡിറ്റുകളുടെ എണ്ണം** | **പൂർത്തിയാക്കിയ ആഡിറ്റ്** | **തൻവർഷം നീക്കം ചെയ്ത ആഡിറ്റുകളുടെ എണ്ണം** | **തൻവർഷം കൂട്ടിച്ചേർത്ത ആഡിറ്റുകളുടെ എണ്ണം** | **ബാക്കി നിൽക്കുന്ന ആഡിറ്റ്** |
| തിരുവനന്തപുരം | 1293 | 9394 | 0 | 0 | 0 | 9394 |
| കൊല്ലം | 558 | 12578 | 0 | 0 | 0 | 12578 |
| പത്തനംതിട്ട | 182 | 4323 | 1 | 0 | 8 | 4330 |
| ആലപ്പുഴ | 663 | 13587 | 22 | 0 | 15 | 13580 |
| കോട്ടയം | 515 | 11854 | 39 | 0 | 0 | 11815 |
| ഇടുക്കി | 364 | 8075 | 19 | 0 | 6 | 8062 |
| എറണാകുളം | 612 | 14110 | 3 | 0 | 0 | 14107 |
| തൃശ്ശൂർ | 665 | 15062 | 14 | 0 | 45 | 15093 |
| പാലക്കാട് | 267 | 6112 | 0 | 0 | 4 | 6116 |
| മലപ്പുറം | 332 | 6377 | 2 | 0 | 16 | 6391 |
| കോഴിക്കോട് | 310 | 5234 | 0 | 0 | 0 | 5234 |
| വയനാട് | 150 | 3624 | 0 | 0 | 3 | 3627 |
| കണ്ണൂർ | 512 | 9071 | 16 | 0 | 8 | 9063 |

| | | | | | | |
|---|---|---|---|---|---|---|
| കാസറകോഡ് | 157 | 2906 | 22 | 0 | 0 | 2884 |
| ആപ്‌ക്കോസ് | 304 | 3429 | 14 | 0 | 0 | 3415 |
| **ആകെ** | **6884** | **125736** | **152** | **0** | **105** | **125689** |

## പട്ടിക - 8

### അപ്പെക്സ് സംഘങ്ങളുടെ ആഡിറ്റ് വിവരം

| ക്രമ നം | അപ്പെക്സ് സ്ഥാപനങ്ങളുടെ പേര് വിവരം | ഭരണ നിയന്ത്രണം | ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയത് |
|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് | സഹകരണ വകുപ്പ് | 2021-22 |
| 2 | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | സഹകരണ വകുപ്പ് | 2021-22 |
| 3 | കൺസ്യൂമർഫെഡ് | സഹകരണ വകുപ്പ് | 2015-16 |
| 4 | ഹൗസ് ഫെഡ് | സഹകരണ വകുപ്പ് | 2021-22 |
| 5 | മാർക്കറ്റ്ഫെഡ് | സഹകരണ വകുപ്പ് | 2021-22 |
| 6 | റബ്ബർ മാർക്ക് | സഹകരണ വകുപ്പ് | 2021-22 |
| 7 | കേരഫെഡ് | കൃഷി വകുപ്പ് | 2021-22 |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷൻ | സഹകരണ വകുപ്പ് | 2014-15 |
| 9 | ഹോസ്പിറ്റൽ ഫെഡ് | സഹകരണ വകുപ്പ് | 2021-22 |
| 10 | വനിതാഫെഡ് | സഹകരണ വകുപ്പ് | 2020-21 |
| 11 | ടൂർഫെഡ് | സഹകരണ വകുപ്പ് | 2020-21 |
| 12 | മത്സ്യഫെഡ് | ഫിഷറീസ് വകുപ്പ് | 2021-22 |
| 13 | കേരള സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെ.സി.എം.എം.എഫ്) | ഡയറി വകുപ്പ് | 2021-22 |
| 14 | ഹാൻടെക്സ് | കൈത്തറി & ടെക്സ്റ്റയിൽ | 2017-18 |
| 15 | കയർഫെഡ് | കയർ വികസന വകുപ്പ് | 2018-19 |
| 16 | ടെക്സ്ഫെഡ് | കൈത്തറി & ടെക്സ്റ്റയിൽ | 2021-22 |
| 17 | സുരഭി | വ്യവസായ വകുപ്പ് | 2019-20 |
| 18 | റബ്ട്രോണിക്സ് | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | 2020-21 |
| 19 | ലേബർഫെഡ് | സഹകരണ വകുപ്പ് | 2019-20 |
| 20 | കാപ്പെക്സ് | വ്യവസായ വകുപ്പ് | 1997-1998 (RNA) |
| 21 | കേരള സംസ്ഥാന സെറികൾച്ചറൽ സഹകരണ ഫെഡറേഷൻ (സെറിഫെഡ്) | വ്യവസായ വകുപ്പ് | 2007-08 (RNA) |
| **സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകളുടെ ആഡിറ്റ് പുരോഗതി** | | | |
| 1. | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫയർ ബോർഡ് | സഹകരണ വകുപ്പ് | 2020-21 |
| 2. | കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് | സഹകരണ വകുപ്പ് | 2020-21 |
| 3. | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് | സഹകരണ വകുപ്പ് | 2019-20 |
| 4. | കേരള സംസ്ഥാന സഹകരണ വികസന ക്ഷേമ നിധി ബോർഡ് | സഹകരണ വകുപ്പ് | 2019-20 |
| 5. | സംസ്ഥാന സഹകരണ എക്സാമിനേഷൻ ബോർഡ് | സഹകരണ വകുപ്പ് | 2018-19 |

## സഹകരണ വകുപ്പിലെ ആഡിറ്റർമാർക്ക് നൽകിയിട്ടുള്ള പരിശീലന പരിപാടികൾ

സഹകരണ വകുപ്പിലെ ആഡിറ്റിന്റെ കൃത്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും ആഡിറ്റർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഭരണ നിർവ്വഹണ ആഡിറ്റ്, കോസ്റ്റ് ആഡിറ്റ്, മാനേജ്മെന്റ് ഡെവലപ്മെന്റ്, നൈപുണ്യ വികസനം, കമ്പ്യൂട്ടർവൽകൃത ആഡിറ്റ് തുടങ്ങിയ മേഖലകളിൽ സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം നിരവധി പരിശീലന പരിപാടികൾ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (തിരുവനന്തപുരം, കണ്ണൂർ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (തിരുവനന്തപുരം) തുടങ്ങിയ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.

ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ മുഴുവൻ ആഡിറ്റർമാർക്കും മൂന്ന് ദിവസ റസിഡൻഷ്യൽ പരിശീലനം ACSTI -ൽ വച്ച് സംഘടിപ്പിച്ചിരുന്നു. കൂടാതെ എല്ലാ ജില്ലകളിൽ നിന്നും സോഫ്റ്റ് വെയർ പരിജ്ഞാനവും ടീച്ചിംഗ് സ്കില്ലും ഉള്ള ആഡിറ്റർമാരുടെ നോമിനേഷൻ സ്വീകരിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ധനവരവ് വിവരം

കേരള സർവ്വീസ് റൂൾ പാർട്ട് 1 ചട്ടം 156 പ്രകാരം സഹകരണ ആഡിറ്റ് വിഭാഗത്തിൽ സമകാല ആഡിറ്റർമാരുടെ സേവനം വിട്ടുകൊടുക്കുന്നതിന് വേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ ആഡിറ്റ് കോസ്റ്റ്, അവധി വേതനം & പെൻഷൻ വിഹിതം എന്നീ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾ ഒടുക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആഡിറ്റ് കോസ്റ്റ്, അവധി വേതനം & പെൻഷൻ വിഹിതം 2022-23 | | | |
|---|---|---|---|
| ക്രമ നം. | മാസം | ആഡിറ്റ് കോസ്റ്റ് | അവധി വേതനം & പെൻഷൻ വിഹിതം |
| 1 | ഏപ്രിൽ 2022 | 123867648 | 32755835 |
| 2 | മെയ് 2022 | 101484011 | 24073715 |
| 3 | ജൂൺ 2022 | 95953599 | 22413714 |
| 4 | ജൂലൈ 2022 | 98208880 | 23691666 |
| 5 | ആഗസ്റ്റ് 2022 | 96967847 | 21819778 |
| 6 | സെപ്റ്റംബർ 2022 | 103067289 | 23044317 |
| 7 | ഒക്ടോബർ 2022 | 103922439 | 23240719 |
| 8 | നവംബർ 2022 | 108526160 | 25942118 |
| 9 | ഡിസംബർ 2022 | 95334997 | 21857961 |
| 10 | ജനുവരി 2023 | 90416044 | 21896522 |
| 11 | ഫെബ്രുവരി 2023 | 94643723 | 21295993 |
| 12 | മാർച്ച് 2023 | 92103548 | 21090293 |
| **ആകെ** | | **1204496185** | **283122631** |